# മംഗളവാർത്ത

ശ്ലീഹാ–കൈത്താ–ഏലിയാ–സ്ലീവ മൂശെ–കാലങ്ങൾ



**പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിന്റെയും**
**ജനനതിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും**
**മംഗളങ്ങൾ**




ചേപ്പുംപാറ മർത്ത് മറിയം ഇടവക
2025 ജൂൺ, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ


## ലെയോ പതിനാലാമൻ മാർപ്പാപ്പായ്ക്ക്
## പ്രാർത്ഥനാശംസകൾ





500 കുടുംബങ്ങളിൽ താഴെയുള്ള വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഇടവക ബുള്ളറ്റിൻ **മംഗളവാർത്തയ്ക്കുള്ള അവാർഡ്** അതിരൂപതാദ്ധ്യക്ഷൻ മാർ തോമസ് തറയിൽ പിതാവിൽ നിന്നും വികാരിയച്ചനും ഭാരവാഹികളും ഏറ്റുവാങ്ങുന്നു.







ചേപ്പുംപാറ മർത്ത് മറിയം ഇടവക മാധ്യമം

# മംഗളവാർത്ത

പുസ്തകം 20, ലക്കം 9

ശ്ലീഹാ-കൈത്താ-ഏലിയാ-സ്ലീവാ-മൂശെക്കാലം

2025 ജൂൺ-ജൂലൈ-ആഗസ്റ്റ്-സെപ്റ്റംബർ

മർത്ത് മറിയം ദൈവാലയം, ചേപ്പുംപാറ, ളാക്കാട്ടൂർ പി.ഒ., - 686 502

ഫോൺ: 8547118604, website : www.cheppumparapally.org


## പത്രാധിപസമിതി


ചീഫ് എഡിറ്റർ : **റവ. ഫാ. ജോസഫ് പാറയ്ക്കൽ**
Mob: 9544120698

എക്സിക്യൂട്ടീവ് എഡിറ്റർ : **കെ.വി. ജോർജ് കോഴിമറ്റത്തിൽ**
Mob : 9495848574
email:mangalavartha2019@gmail.com

***എഡിറ്റേഴ്സ്***

സി.വി. ഐസക് പ്ലാക്കാട്ടുകിഴക്കേക്കര, ബീനാ തോമസ് അപ്പച്ചേരിൽ, മിനിമോൾ മാത്യു കൊട്ടൂപ്പള്ളിൽ, സ്മിതാ ജോൺ തോപ്പിൽ, റ്റോമി ജോസഫ് മണിയഞ്ചിറ, വി.ഒ. സാറാമ്മ വടുതല

***ഔദ്യോഗികാംഗങ്ങൾ***

കെ.വി. ജോർജ് കോഴിമറ്റത്തിൽ, സോജൻ ജെയിംസ് മരുതുംകുഴിയിൽ, (കൈക്കാരന്മാർ), ജോയൻ ചെറിയാൻ പന്തപ്ലാക്കൽ, ഐവി ജോജി മറ്റപ്പള്ളിൽ (കുടുംബക്കൂട്ടായ്മ), പി. ജെ. ജോസ് പൂവൻപുഴയ്ക്കൽ (സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ), തോമസ് ജോസഫ് തോപ്പിൽ (പാരീഷ് കൗൺസിൽ സെക്രട്ടറി) റവ. സി. തെക്ള വെമ്പാല SJC (ക്ലൂണി കോൺവെന്റ്), ബിനു മാത്യു വടക്കേൽ.



ലേഔട്ട് & അച്ചടി : **എസ്. ജെ. അസോസിയേറ്റ്സ്**, കോട്ടയം

ഫോൺ: 9447355914, 0481-7967993 email: kottayamesjay@gmail.com

# ഉള്ളടക്കം


എഡിറ്റോറിയൽ.....3
വികാരിയച്ചന്റെ കത്ത്.....4
പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല - ഫ്രാൻസിസ് മാർപ്പാപ്പ .....5
പ്രാർത്ഥിക്കാൻ ഞങ്ങളെ പഠിപ്പിക്കുക - മാർപ്പാപ്പ.....14
ലെയോ പതിനാലാമൻ മാർപാപ്പയുടെ ആദ്യ പ്രഭാഷണം .....31
വിശ്വാസവഴിയിലെ സംശയങ്ങൾ ..... 34
പ്രാർത്ഥനയിൽ അനുസ്മരിക്കാൻ .....39
മർത്ത് മറിയം ത്രേസ്യാ ..... 40
മർത്ത് അൽഫോൻസാമ്മ ..... 41
മർത്ത് എവുപ്രാസ്യാമ്മ ..... 44
മംഗളവാർത്ത ജൂൺ-സെപ്റ്റംബർ ലക്കം
വരവുചെലവു കണക്ക് .....45
ലോക പരിസ്ഥിതി ദിനം .....46
ലെയോ പതിനാലാമൻ പാപ്പ: ജീവചരിത്രം .....47
തിരുസഭാ വാർത്തകൾ.....51
സ്മരണീയ ദിനങ്ങൾ ..... 56
കൂട്ടായ്മ ഭവനങ്ങൾ .....57
മംഗളവാർത്ത ക്വിസ്.....59
കഴിഞ്ഞ ലക്കം ക്വിസ് ഉത്തരങ്ങൾ.....60
എല്ലാ മാസവും ഓർമ്മിക്കാൻ ..... 61
കിഡ്സ് കോർണർ .....62
വാസ്തുശില്പിയായ തോമസ് .....66
ബൈബിൾ പദപ്രശ്നം .....70
നിറം കൊടുത്ത് ചിത്രം മനോഹരമാക്കൂ.. സമ്മാനം നേടൂ ...71
നിറം കൊടുത്ത് ചിത്രം മനോഹരമാക്കൂ.. സമ്മാനം നേടൂ ...72




# അമ്മമനസ്സ്

പുതിയൊരു ലക്കം മംഗളവാർത്ത കൂടി നമ്മുടെ കൈകളിൽ എത്തുന്നു. ഇത്തവണയും അതിരൂപതയിൽ ഒന്നാം സ്ഥാനം നിലനിറുത്താൻ നമ്മുടെ പാരീഷ് ബുള്ളറ്റിന് കഴിഞ്ഞു. അതാതുകാലത്തെ വികാരിയച്ചന്മാരെയും, എക്സിക്യൂട്ടീവ് അംഗങ്ങളെയും പ്രോത്സാഹനം നൽകി കൊണ്ടിരിക്കുന്ന വായനക്കാരേയും നന്ദിയോടെ ഓർക്കുന്നു. സമകാലീനമായ സഭാവിഷയങ്ങളും പഠനങ്ങളും വാർത്തകളും മറ്റു കലാസൃഷ്ടികളുമൊക്കെ നമ്മുടെ ചിന്തയ്ക്കും പഠനത്തിനും ഉപയോഗപ്രദമാകട്ടെ. അകമഴിഞ്ഞ് പ്രോത്സാഹനം നൽകുന്ന ബഹു. വികാരിയച്ചനെ നന്ദിപൂർവ്വം ഓർക്കുന്നു.

പന്തക്കുസ്താ തിരുനാളും എട്ടുനോമ്പും, പതിനഞ്ചു നോമ്പും ഈ കാലഘട്ടത്തിലൂടെ കടന്നുപോന്നു. പരി. അമ്മയുടെ സാന്നിദ്ധ്യത്തിൽ പരി. റൂഹായുടെ ആഗമനം ശിഷ്യരെ വളരെയേറെ ശക്തിപ്പെടുത്തിയിട്ടുണ്ട്. അമ്മയുടെ ജനനവും സ്വർഗ്ഗാരോപണവും ഒക്കെ നമ്മുടെ വിശ്വാസജീവിതത്തെ ബലപ്പെടുത്തുന്ന അനുസ്മരണങ്ങളാകണം. എല്ലാ അമ്മമാരുടെയും മനസ്സ് പരി. അമ്മയുടെ മനസ്സിന് അനുരൂപമായിരുന്നെങ്കിൽ! അമ്മമാർക്ക് മാതൃകയാക്കാൻ ഇത്രയും യോഗ്യയായിട്ടുള്ള മറ്റൊരാൾ എവിടെ? നാമെല്ലാവരും മാതാവിനെ വണങ്ങുന്നവരും അമ്മവഴി അനുഗ്രഹങ്ങൾ യാചിക്കുന്നവരുമാണ്. ഏതൊക്കെ പുണ്യവാന്മാരുടെ നൊവേനയിൽ പങ്കെടുത്താലും, ഏതൊക്കെ തീർത്ഥാടന കേന്ദ്ര ങ്ങളിൽ പ്രാർത്ഥിച്ചാലും എല്ലാ പ്രാർത്ഥനകളും അവസാനിപ്പിച്ചു കഴിയുമ്പോൾ ആത്മഗദമായി "എന്റെ അമ്മേ" എന്നു പറയാത്തവർ ആരുണ്ട്? അത്രയ്ക്ക് നമ്മുടെ ജീവിതവുമായി ഒട്ടിച്ചേർന്നു നിൽക്കുന്നു പരി. അമ്മ. ആ അമ്മയുടെ സന്നിധിയിൽ നമ്മുടെ കുടുംബങ്ങളെ സമർപ്പിക്കാം. പുതിയ അദ്ധ്യയന വർഷത്തിലേക്ക് പ്രവേ ശിക്കുന്ന നമ്മുടെ കുഞ്ഞുങ്ങളെ മാതൃസന്നിധിയിൽ സമർപ്പിക്കാം. വിശ്വാസവഴിയിൽ തടസ്സങ്ങളുണ്ടാകുമ്പോൾ സംശയത്തോടെ നിൽക്കുമ്പോൾ "അവൻ പറയുന്നതുപോലെ നിങ്ങൾ ചെയ്യുവിൻ" എന്ന അമ്മയുടെ വാക്കുകൾ നമുക്കോർക്കാം. ദൈവാശ്രയബോധമുള്ളവരായി തീരാം. പന്തക്കുസ്താ തിരുനാ ളിന്റെയും അമ്മയുടെ ജനനത്തിരുനാളിന്റെയും സ്വർഗ്ഗാരോപണത്തിന്റെയും നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യദിനാഘോഷത്തിന്റെയും മംഗളങ്ങൾ ഏവർക്കും നേരുന്നു.

**ജോർജ് കെ.വി. കോഴിമറ്റത്തിൽ**
**എക്സി. എഡിറ്റർ**



# വികാരിയച്ചന്റെ കത്ത്

**ഈശോയിൽ സ്നേഹം നിറഞ്ഞവരെ,**

**ആ**ഗോള കത്തോലിക്കാ സഭയ്ക്ക് പുതിയ പരമാദ്ധ്യക്ഷനെ ലഭിച്ചിരിക്കുന്നു. അമേരിക്കയിൽ നിന്നുമുള്ള ലെയോ പതിനാലാമൻ മാർപാപ്പ. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ തീക്ഷ്ണതയും, ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ അഗാധമായ പാണ്ഡിത്യവും, ഫ്രാൻസീസ് മാർപ്പാപ്പയുടെ പാവങ്ങളോടുള്ള കരുണയും ലെയോ പതിനാലാമൻ മാർപാപ്പായ്ക്ക് മാർഗദീപമാകട്ടെ. ഉത്ഥിതനായ ഈശോയുടെ സമാധാനം എല്ലാവർക്കും ആശംസിച്ചുകൊണ്ടാണ് ലിയോ മാർപാപ്പ തന്റെ പ്രഥമ അനുഗ്രഹ പ്രഭാഷണം ആരംഭിച്ചത്. യുദ്ധഭീതിയും, തീവ്രവാദവും, മതവിദ്വേഷവും, വർഗീയതയുമൊക്കെ നമ്മുടെ സമൂഹത്തെ ബാധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ മാർപാപ്പായുടെ വാക്കുകൾക്ക് ഏറെ പ്രസക്തിയുണ്ട്. പുതിയ പാപ്പായ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനോടൊപ്പം, നമുക്ക് സമാധാനത്തിന്റെയും അനുരഞ്ജനത്തിന്റെയും വാഹകരാകാം. സമാധാനവും സംതൃപ്തിയും നമ്മിൽ നിന്നും, നമ്മുടെ കുടുംബങ്ങളിൽ നിന്നും ആരംഭിക്കട്ടെ. പരസ്പരധാരണയുടെ, ക്ഷമയുടെ, കരുണയുടെ, പ്രോത്സാഹനത്തിന്റെ, പിന്തുണയുടെ ഇടമാകട്ടെ നമ്മുടെ കുടുംബങ്ങൾ.

പരിശുദ്ധാത്മാവിന്റെ ആഗമനവും, സഭയുടെ സ്ഥാപനവും വളർച്ചയും ധ്യാനവിഷയമാക്കുന്ന ശ്ലീഹാ-കൈത്താ കാലങ്ങളിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. പരിശുദ്ധാത്മാവിന്റെ ദാനങ്ങളും വരങ്ങളും ആഗ്രഹിക്കാം. സഭാതനയരെന്ന നിലയിൽ നമുക്ക് അഭിമാനിക്കാം. സഭ സ്വഭാവത്താലെ പ്രേഷിതയാണ്. പരിശുദ്ധാത്മാവിന്റെ ആലയങ്ങളായ നാം ചിന്തയിലൂടെയും, വാക്കിലൂടെയും, പ്രവൃത്തിയിലൂടെയും, ഈശോയെ പ്രഘോഷിക്കാൻ വിളിക്കപ്പെട്ടവരാണെന്ന് ഓർമ്മിക്കാം. കുടുംബത്തിലും ഇടവകയിലും സമൂഹത്തിലും നല്ല ക്രൈസ്തവ സാക്ഷ്യം നൽകാം. ഫലം പുറപ്പെടുവിക്കുന്നവരാകാം.

**ഫാ. ജോസഫ് പാറയ്ക്കൽ**

*വികാരി*




# പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല

**(Spes non Confundit)**

**2025 ലെ സാധാരണ ജൂബിലിയുടെ സ്ഥാപനബൂള (തുടർച്ച...)**

**9.** ഭാവിയെ പ്രത്യാശയോടെ നോക്കുക എന്നാൽ, ജീവിക്കുന്നതിന് ആവേശവും അതു പങ്കുവയ്ക്കുന്നതിന് സന്നദ്ധതയും ഉണ്ടാവുക എന്നുകൂടിയാണ്. സങ്കടകരമെന്ന് പറയട്ടെ, പല അവസരങ്ങളിലും ഇതു കാണാനില്ല. ഇതിന്റെ ഒന്നാമത്തെ ഫലം ജീവൻ പകർന്നുനൽകുന്നതിനുള്ള ആഗ്രഹം ഇല്ലാതാകുന്നു എന്നതാണ്. ഇന്നത്തെ സംഭ്രമജനകമായ ഗതിവേഗത്തിൽ ഭാവിയെക്കുറിച്ചുള്ള ഭീതി മൂലവും തൊഴിൽ സുരക്ഷയുടെയും മതിയായ സാമൂഹിക സുരക്ഷാനയങ്ങളുടെയും അഭാവം മൂലവും ബന്ധങ്ങളെക്കുറിച്ചുള്ള ജാഗ്രതക്കപ്പുറം ലാഭത്തിനുള്ള ദാഹം നിർണ്ണയിക്കുന്ന അജണ്ടകൾ ഉണ്ടാക്കുന്ന സാമൂഹിക മാതൃകകൾ മൂലവും നിരവധി രാജ്യങ്ങളിൽ ജനനനിരക്കിൽ ഭയാനകമായ പതനം ഉണ്ടായിരിക്കുന്നു. ചില ഭാഗങ്ങളിൽ നിലനിൽക്കുന്ന പ്രവണത- “ചിലരുടെ ഭാഗത്തുനിന്നുള്ള തീവ്രവും വിവരണാത്മകവുമായ ഉപഭോക്തൃപരതയ്ക്കുപകരം ജനസംഖ്യാവളർച്ചയെ കുറ്റപ്പെടുത്തുന്നത്-(യഥാർത്ഥ) പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ വിസമ്മതിക്കുന്നതിന്റെ ഒരു രീതിയാണ്.”

പുതുജീവനിലേക്കുള്ള തുറവും ഉത്തരവാദിത്തമുള്ള രക്ഷാകർത്തൃത്വവും സ്ത്രീപുരുഷന്മാരുടെ ഹൃദയങ്ങളിലും

ശരീരത്തിലും സ്രഷ്ടാവ് വിന്യസിപ്പിച്ച രൂപകല്പനയാണ്. അതിന്റെ എല്ലാ ഘടകങ്ങളിലുമുള്ള, വിശ്വാസീസമൂഹത്തിന്റെയും സിവിൽ സമൂഹത്തിന്റെയും ദൃഢമായ പിന്തുണയോടുകൂടി ഉത്തരവാദിത്തപൂർണ്ണമായ നിയമനിർമ്മാണം നടത്തേണ്ടത് ഭരണകൂടത്തിന്റെ കടമയാണ്. എല്ലാ സമൂഹങ്ങളുടേയും ഭാവിയെ ഉറപ്പാക്കുംവിധം, അവരുടെ സ്നേഹസാഫല്യത്തിന്റെ അടയാളമായി, പുതിയ തലമുറയ്ക്ക് ജന്മം നൽകണമെന്ന അഭിലാഷം യുവജനങ്ങളിൽ വളരണം. ഇത് പ്രത്യാശയുടെ കാര്യമാണ്; ഇത് പ്രത്യാശയിൽനിന്നും ജനിക്കുന്നു, അത് പ്രതീക്ഷ ജനിപ്പിക്കുന്നു.

ഇതിനാൽ, പ്രത്യാശയെ പിന്തുണയ്ക്കാനും വളർത്താനും വേണ്ട സാമൂഹിക ഉടമ്പടിയുടെ ആവശ്യകത ചൂണ്ടിക്കാട്ടുന്നവരുടെ മുന്നണിയിൽ ക്രൈസ്തവസമൂഹമുണ്ടാകണം. അത് തത്ത്വസംഹിതകൾക്കനുസൃതമായല്ല, പിന്നെയോ ഉൾക്കൊള്ളുന്നതായിരിക്കണം; ലോകത്തിന്റെ അനവധി ഭാഗങ്ങളിൽ ശൂന്യമായി കിടക്കുന്ന തൊട്ടിലുകൾ നവജാതശിശുക്കളുടേയും കുഞ്ഞുങ്ങളുടേയും ചിരികൊണ്ടു നിറയുന്ന ഒരു ഭാവിക്കുവേണ്ടി പ്രവർത്തിക്കാൻ കഴിയുന്നതുമാകണം. നാമെല്ലാം, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട സ്ത്രീപുരുഷന്മാരും (cf. ഉൽപ 1:26) ജീവന്റെ ആനന്ദം വീണ്ടെടുക്കേണ്ടവരുമാണ്. അതുകൊണ്ട്, അങ്ങുമിങ്ങുമുള്ള ഭൗതിക യാഥാർത്ഥ്യങ്ങളെ മാത്രം അന്വേഷിച്ച് ദിവസങ്ങൾ തള്ളിനീക്കുന്നതിൽ തൃപ്തരാകേണ്ടവരല്ല. ഇടുങ്ങിയ വ്യക്തിത്വചിന്തയിലേക്കും പ്രത്യാശയില്ലായ്മയിലേക്കും നയിക്കലാണിത്. നിരാശയുടേയും അസഹിഷ്ണുതയുടെയും ഫലങ്ങൾ ഹൃദയത്തിൽ നിറയ്ക്കുംവിധം ഇത് ദുഃഖം കൊണ്ടുവരും.

**10.** എല്ലാത്തരം ദുരിതങ്ങളും അനുഭവിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാർക്ക് പ്രത്യാശയുടെ സ്പഷ്ടമായ അടയാളങ്ങൾ നൽകാനായി നാം വിശുദ്ധവർഷത്തിൽ വിളിക്കപ്പെട്ടിരിക്കുന്നു. സ്വാതന്ത്ര്യം ഹനിക്കപ്പെട്ട, തടവിന്റെ കാഠിന്യവും നിയന്ത്രണങ്ങളും സ്നേഹനിരാസവും, ചിലപ്പോൾ അതിലേറെ സ്വന്തം വ്യക്തിത്വത്തിനു നേരെയുള്ള അനാദരവും അനുഭവിക്കേണ്ടിവരുന്ന തടവുകാരെക്കുറിച്ചു ഞാൻ ചിന്തിക്കുകയാണ്. ജൂബിലി വർഷത്തിൽ പ്രത്യാശ വീണ്ടെടുക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ടുള്ള ഉദ്യമങ്ങൾ ഭരണകൂടങ്ങൾ ഏറ്റെടുക്കണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു; വ്യക്തികൾക്ക് തങ്ങളിൽതന്നെയും, സമൂഹ

ത്തിലും ആത്മവിശ്വാസം വീണ്ടെടുക്കാൻ സഹായിക്കുംവിധം പൊതുമാപ്പോ, വിട്ടയക്കുന്ന മറ്റു രീതികളോ പരിഗണിക്കപ്പെടണം; അതുപോലെ നിയമത്തെ ആദരിക്കുംവിധം സുദൃഢമായ പ്രതിബദ്ധതയോടെ അവരെ സമൂഹത്തിലേക്ക് വീണ്ടും ഉൾക്കൊള്ളാനുതകുന്ന പദ്ധതികളുമുണ്ടാകണം.

എന്നും നിലനിൽക്കുന്ന ദൈവത്തിന്റെ വിജ്ഞാനത്തിൽനിന്ന്, അവിടുത്തെ വചനത്തിൽനിന്ന് സ്വീകരിച്ചിരിക്കുന്ന പുരാതന അഭ്യർത്ഥനയാണിത്. പുതിയ തുടക്കങ്ങൾ പ്രാപ്തമാക്കുന്ന ദയയുടെയും വിമോചനത്തിന്റെയും പ്രവൃത്തികൾ അത് ആഹ്വാനം ചെയ്യുന്നു: "അമ്പതാംവർഷത്തെ നീ വിശുദ്ധീകരിക്കണം, ദേശവാസികൾക്കെല്ലാം സ്വാതന്ത്ര്യം പ്രഖ്യാപിക്കണം" (ലേവ്യ 25:10). മോശയുടെ നിയമത്തിലെ ഈ നിർദ്ദേശം പിന്നീട് ഏശയ്യാപ്രവാചകനും ആവർത്തിക്കുന്നു: "ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യവും പ്രഖ്യാപിക്കാനും കർത്താവിന്റെ കൃപാവത്സരവും നമ്മുടെ ദൈവത്തിന്റെ പ്രതികാരദിനവും പ്രഘോഷിക്കാനും വിലപിക്കുന്നവർക്ക് സമാശ്വാസം നൽകാനും എന്നെ അയച്ചിരിക്കുന്നു" (ഏശയ്യ 61:1-2). തന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ, "കർത്താവിന് സ്വീകാര്യമായ വത്സരം" (cf. ലൂക്കാ 4:18-19) പൂർത്തീകരിക്കാൻ വന്നവനെന്ന് സ്വയം അവതരിപ്പിച്ചുകൊണ്ട്, യേശു ഈ വാക്കുകളാണ് ഉദ്ധരിക്കുന്നത്. വിശ്വാസികളും പ്രത്യേകിച്ച് അവരുടെ അജപാലകരും, ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും, തടവുകളിൽ കഴിയുന്ന മനുഷ്യർക്ക് അന്തസ്സുറ്റ അവസ്ഥ ആവശ്യപ്പെടേണ്ടതുണ്ട്. അവരുടെ മനുഷ്യാവകാശങ്ങൾ ആദരിക്കപ്പെടണമെന്നും, എല്ലാറ്റിലുമുപരി വധശിക്ഷ റദ്ദാക്കണമെന്നും. ക്ഷമയുടേയും പുനരധിവാസത്തിന്റേയും എല്ലാ പ്രത്യാശകളേയും റദ്ദാക്കുന്ന അത്, ക്രൈസ്തവ വിശ്വാസത്തിന് നേരെയെതിരായ ഒന്നാണ്. തടവുകാരോട് സുവ്യക്തമായ സാമീപ്യം പ്രകടിപ്പിക്കാൻവേണ്ടി, തടവറകളിൽ വിശുദ്ധകവാടം തുറക്കാൻ ഞാൻ സ്വയം ആഗ്രഹിക്കുന്നു. അവർക്ക് ഭാവിയിലേക്ക് നോക്കാൻ, ആത്മവിശ്വാസം നവീകരിക്കാനുള്ള ക്ഷണമാണിത്.

**11.** ഭവനത്തിലോ ആശുപത്രികളിലോ കഴിയുന്ന രോഗികളോട് പ്രത്യാശയുടെ അടയാളങ്ങൾ കാണിക്കേണ്ടതുണ്ട്. അവരെ സന്ദർശിക്കുന്നവരുടെ സാമീപ്യവും സ്നേഹവും വഴി അവരുടെ യാതന ലഘൂകരിക്കാനാകും. അങ്ങേയറ്റം കൃതജ്ഞതയും

പ്രത്യാശയും ജനിപ്പിക്കുന്നതായിരിക്കണം കാരുണ്യപ്രവർത്തനങ്ങൾ. അതുപോലെതന്നെ ആരോഗ്യപരിചരണരംഗത്തുള്ളവരോട് നാം കൃതജ്ഞതയുള്ളവരാകേണ്ടതാണ്; നിരന്തരമായ കരുതലോടെ, അതീവ ദുർബലരായ രോഗികളെ കുറിച്ചുള്ള ഉത്കണ്ഠയോടെ; പലപ്പോഴും അനിശ്ചയമായ അവസ്ഥയിലാണ് അവർ പ്രവർത്തിക്കുന്നത്.

പ്രത്യേക സാഹചര്യങ്ങളിലുള്ളവരും സ്വന്തം ദൗർബല്യങ്ങളും പരിമിതികളും അനുഭവിക്കുന്നവരും വ്യക്തിപരമായ സ്വാതന്ത്ര്യവും അധികാരവും അങ്ങേയറ്റം പരിമിതമാക്കപ്പെട്ടവരുമായ ഭിന്നശേഷിക്കാർക്ക് സ്വീകാര്യതയുടെ സാമീപ്യം നൽകേണ്ടതുണ്ട്. അവർക്ക് നൽകുന്ന കരുതൽ മനുഷ്യാന്തസിനുവേണ്ടിയുള്ള ഒരു ഗീതവും, സാമൂഹിക പങ്കാളിത്തത്തിന്റെയും പ്രത്യാശയുടെയും സംഘഗാനവുമാകും.

**12.** പ്രത്യാശയുടെ മൂർത്തീഭാവമായ, യുവജനങ്ങളിലും അതിന്റെ അടയാളങ്ങൾ അത്യാവശ്യമാണ്. പലപ്പോഴും അവരുടെ സ്വപ്നങ്ങളും അഭിലാഷങ്ങളും തകർക്കപ്പെടുന്നതായി നാം കാണുന്നു. അവരുടെ ആവേശത്തിലാണ് ഭാവി കുടികൊള്ളുന്നത് എന്നതിനാൽ നാം അവരെ നിരാശപ്പെടുത്തരുത്. അവർ പ്രകടമാക്കുന്ന ഊർജ്ജം, ഉദാഹരണത്തിന് ദുരന്തങ്ങളുണ്ടാവുകയും മനുഷ്യർ ആപത്തിൽപ്പെടുകയും ചെയ്യുമ്പോൾ എല്ലാം മറന്ന് സന്നദ്ധരായി ഇറങ്ങുന്നത്, ആകർഷകമായ ഒരു കാഴ്ചയാണ്. എങ്കിലും, യുവജനങ്ങൾ പ്രത്യാശയില്ലാത്തവരായി കാണപ്പെടുന്നത്, അനിശ്ചിതവും വാഗ്ദത്തരഹിതവുമായ ഭാവി നേരിടേണ്ടിവരുന്നത്, സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം തൊഴിലോ തൊഴിൽസുരക്ഷയോ ലഭിക്കാതെ യഥാർത്ഥ ഭാവിസാധ്യതകൾ കാണാതിരിക്കുന്നത് ദുഃഖകരമാണ്. തങ്ങളുടെ സ്വപ്നങ്ങൾ സഫലമാകാതിരിക്കുമ്പോൾ, പ്രത്യാശയില്ലാത്തതിനാൽ അവർ തീർച്ചയായും നിരാശരും എണ്ണപ്പെടാത്തവരുമാകും. മയക്കുമരുന്നുകളുടെയും നൈമിഷികമായ ഇതര ആനന്ദങ്ങളുടെയും പിന്നിലേക്ക് അവർ രക്ഷപ്പെടുമ്പോൾ അവരുടെ ജീവിതത്തിന്റെ സൗന്ദര്യവും ധന്യതയും മൂടപ്പെടുന്നു; അത് നിരാശയിലേക്കും വിനാശകരമായ മറ്റു പ്രവർത്തനങ്ങളിലേക്കും അവരെ നയിക്കും. ഇക്കാരണത്താൽ അവരിലേക്ക് എത്തിപ്പെടാനുള്ള കൂടുതൽ പരിശ്രമങ്ങൾക്ക് ജൂബിലി, സഭയെ പ്രചോദിപ്പിക്കട്ടെ. വളർന്നുവരുന്ന തലമുറയിൽപ്പെട്ട കൗമാരക്കാർ, വിദ്യാർത്ഥികൾ, യുവദമ്പതികൾ

എന്നിവരോട് നമുക്ക് നവീകരിക്കപ്പെട്ട സ്നേഹത്തോടെ കരുതലും പരിചരണവും പ്രകടമാക്കാം. യുവജനങ്ങളോട് നമുക്കു കൂടുതൽ അടുക്കാം. എന്തെന്നാൽ അവർ സഭയുടേയും ലോകത്തിന്റേയും ആനന്ദവും പ്രത്യാശയുമാണ്!

**13.** തങ്ങളുടേയും കുടുംബങ്ങളുടേയും മെച്ചപ്പെട്ട ജീവിതത്തിനുവേണ്ടി ജന്മനാട് വിട്ടുപോകുന്ന കുടിയേറ്റക്കാരിലും പ്രത്യാശയുടെ അടയാളം കാണപ്പെടണം. മുൻവിധികളും അവഗണനകളുംകൊണ്ട് അവരുടെ പ്രതീക്ഷകൾക്ക് ഭംഗം വരുത്തരുത്. ഓരോ വ്യക്തിയുടേയും അന്തസിനോട് ആദരവ് കാട്ടുംവിധം അവരെ ആശ്ലേഷിക്കാൻ, സ്വീകരിക്കാൻ, അങ്ങനെ ഉത്തരവാദിത്തബോധം പ്രകടമാക്കാനുള്ള ചൈതന്യം നമ്മിലുണ്ടാകണം. അന്തസ്സുറ്റ അസ്തിത്വത്തിനുള്ള അവകാശം ഒരാൾക്കും നിഷേധിക്കപ്പെടരുത്. യുദ്ധം, അക്രമം, വിവേചനം എന്നിവയിൽ നിന്നും ഒഴിവാകാൻ, അന്താരാഷ്ട്ര സമ്മർദ്ദങ്ങളാൽ കുടിയേറേണ്ടിവരുന്ന, പുറന്തള്ളൽ, സ്ഥാനഭ്രഷ്ട്, അഭയാർത്ഥിത്വം എന്നിവയ്ക്ക് വിധേയരാകേണ്ടി വരുന്നവർക്ക് സുരക്ഷയും തൊഴിലിനും വിദ്യാഭ്യാസത്തിനുമുള്ള അവസരവും പുതിയ സാമൂഹികാന്തരീക്ഷത്തിൽ സ്വന്തം ഇടം കണ്ടെത്താനുള്ള മാർഗങ്ങളും ഉറപ്പാക്കപ്പെടണം.

അതീവ ദുർബലരായവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വേണ്ടി സ്വന്തം വാതിലുകൾ വിശാലമായി തുറന്നുവയ്ക്കാനും അങ്ങനെ ആരുടേയും മെച്ചപ്പെട്ട ഭാവി എന്ന പ്രത്യാശ കവർന്നെടുക്കപ്പെടാതിരിക്കാനും വേണ്ട പ്രതിരോധം തീർക്കാൻ ക്രൈസ്തവ സമൂഹങ്ങൾ എപ്പോഴും തയ്യാറായിരിക്കണം. അന്തിമവിധിയെക്കുറിച്ചുള്ള കർത്താവിന്റെ മഹത്തായ ഉപമ എന്നും നമ്മുടെ ഹൃദയങ്ങളിൽ മുഴങ്ങണം. "ഞാൻ പരദേശിയായിരുന്നു, നിങ്ങളെന്നെ സ്വീകരിച്ചു... എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങളിത് ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്" (മത്താ 25:35-40).

**14.** എപ്പോഴും ഏകാന്തതയും തിരസ്കരണവും അനുഭവിക്കുന്ന വയോധികരും പ്രത്യാശയുടെ അടയാളങ്ങൾക്ക് അവകാശികളാണ്. അവരുടെ മൂല്യം, അവരുടെ ജീവിതാനുഭവങ്ങൾ, ആർജ്ജിച്ച വിജ്ഞാനം, ഇനിയുമവർക്കു നൽകാൻ കഴിയുന്ന സംഭാവനകൾ എന്നിവയെക്കുറിച്ചുള്ള ആദരവ്, തലമുറകൾ തമ്മിലുള്ള ഉടമ്പടിയെ ശക്തിപ്പെടുത്താനുള്ള സഹകരണത്തിനായി

വിളിക്കപ്പെട്ടവരായ ക്രൈസ്തവസമൂഹത്തിനും സിവിൽ സമൂഹത്തിനും ഒരു കടമയായി നിൽക്കുന്നു.

പുതുതലമുറയ്ക്ക് വിശ്വാസവും വിജ്ഞാനവും കൈമാറി നൽകുന്നവരാണ് മുത്തശ്ശീമുത്തച്ഛന്മാരെന്ന് ഞാനിവിടെ എടുത്തു പറയട്ടെ. അവരിൽ തങ്ങളുടെ വേരുകളും, മനസിലാക്കലിന്റേയും പ്രോത്സാഹനത്തിന്റേയും ഉറവകളും കണ്ടെത്തുന്ന മക്കളുടെ കൃതജ്ഞതയും പേരക്കുട്ടികളുടെ സ്നേഹവും നിറഞ്ഞ പിന്തുണ അവർക്ക് ലഭ്യമാകട്ടെ.

**15.** ജീവിതത്തിൽ അവശ്യവസ്തുക്കൾ മിക്കപ്പോഴും ലഭ്യമാകാത്ത കോടാനുകോടി ദരിദ്രർക്ക് പ്രത്യാശ പ്രദാനം ചെയ്യാൻ ഞാൻ ഹൃദയംഗമായി അഭ്യർത്ഥിക്കുന്നു. ദരിദ്രവത്ക്കരണത്തിന്റെ പുതിയ രൂപങ്ങളുടെ നിരന്തര വേലിയേറ്റം നമുക്ക് ഒരു എളുപ്പം ശീലമായി, തഴക്കമായി വളർന്നേക്കാം. ലോകത്തിന്റെ ചില ഭാഗങ്ങളിൽ മാത്രമല്ല, നമുക്കു ചുറ്റുംതന്നെയുള്ള ഈ നാടകീയ സാഹചര്യത്തിനുമേലെ നാം കണ്ണടയ്ക്കാൻ പാടില്ല. ഓരോ ദിവസവും നാം ദരിദ്രരെ അഥവാ നിർധനാവസ്ഥയിലേക്കു പോയവരെ കണ്ടുമുട്ടുന്നു; നമ്മുടെ അയൽപക്കത്തുതന്നെ അവരുണ്ടാകും. മിക്കപ്പോഴും അവർ ഭവനരഹിതരോ വേണ്ടത്ര ഭക്ഷണം ഇല്ലാത്തവരോ ആണ്. അവർ ഒരുപാട് പേരുടെ ഭാഗത്തുനിന്ന് ഒറ്റപ്പെടലും നിസംഗതയും അനുഭവിക്കുന്നു. വളരെയധികം വിഭവങ്ങൾ കൈവശമുള്ള ഒരു ലോകത്ത്, ആയുധോൽപാദനത്തിന് വളരെയേറെ ചെലവഴിക്കാൻ തയ്യാറാകുമ്പോൾ "ഭൂഗോളത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷം, കോടാനുകോടി മനുഷ്യർ ദരിദ്രരായി തുടരുന്നു. ഈ ദിനങ്ങളിൽ രാഷ്ട്രീയവും സാമ്പത്തികവുമായ അന്തർദ്ദേശീയ ചർച്ചകളിൽ അവർ പരാമർശിക്കപ്പെടാറുണ്ട്; എന്നാൽ ഒരു പുനർവിചിന്തനമായി, വെറും പാർശ്വസ്ഥ ദുരിതം എന്ന നിലയിൽ മാത്രം കൈകാര്യം ചെയ്തുകൊണ്ട് കടമനിർവ്വഹണത്തിന് അഥവാ ഉപരിതലസ്പർശിയായി കൂട്ടിച്ചേർക്കപ്പെടുന്ന ഒരു ചോദ്യമായി മാത്രം അവരുടെ പ്രശ്നങ്ങൾ കൊണ്ടുവരുന്നു എന്ന ധാരണയാണ് മിക്കപ്പോഴും ഒരാൾക്ക് ലഭിക്കുക. യഥാർത്ഥത്തിൽ, എല്ലാം പറഞ്ഞും ചെയ്തും കഴിയുമ്പോൾ, അവർ കൂമ്പാരത്തിന്റെ ഏറ്റവും അടിയിൽ തന്നെ കഴിയുന്നു." നമുക്കിത് മറക്കാതിരിക്കാം. ദരിദ്രരാണ് മിക്കവാറും എപ്പോഴും ഇരകൾ. അവരല്ല കുറ്റപ്പെടുത്തപ്പെടേണ്ടത്.

## പ്രത്യാശയ്ക്കുള്ള അഭ്യർത്ഥനകൾ

**16.** ഭൂമിയുടെ സമ്പത്ത് ഏതാനും പേരുടെ അവകാശമായി മാറ്റിവയ്ക്കപ്പെട്ടതല്ല, മറിച്ച് അത് എല്ലാവരുടേതുമാണെന്ന് ജൂബിലി നമ്മെ ഓർമിപ്പിക്കുന്നുവെന്നത് പ്രവാചകന്മാരുടെ പുരാതനസന്ദേശത്തിൽ മുഴങ്ങുന്നുണ്ട്. ധനികരെപ്പോഴും മഹാമനസ്കരായിരിക്കണം; അവർ ആവശ്യക്കാരായ സഹോദരീസഹോദരന്മാരുടെ നേർക്ക് ദൃഷ്ടി തിരിക്കാതിരിക്കരുത്. ഭക്ഷണവും വെള്ളവും ഇല്ലാത്തവരെക്കുറിച്ചാണ് ഞാനിവിടെ ചിന്തിക്കുന്നത്: പട്ടിണി അപവാദമാണ്, മാനവരാശിയുടെ ശരീരത്തിലെ തുറന്ന മുറിവാണ്. മനഃസാക്ഷിയുടെ ഗൗരവതരമായ പരിശോധനയ്ക്കായി അത് നമ്മെയെല്ലാവരേയും വിളിക്കുന്നു. ''ആയുധങ്ങൾക്കു വേണ്ടി ചെലവഴിക്കുന്ന തുക ദാരിദ്ര്യനിർമ്മാർജനത്തിനും ഏറ്റവും നിർധനരാജ്യങ്ങളിലെ വികസനത്തിനുമായി ഉപയോഗിക്കാൻ കഴിയുംവിധം, ഒരു ആഗോളഫണ്ടായി രൂപീകരിക്കാൻ ഞാൻ വീണ്ടും അഭ്യർത്ഥിക്കുന്നു. അങ്ങനെ അക്രമങ്ങളിലേക്കോ വ്യാമോഹ അവസ്ഥകളിലേക്കോ ജനത നീങ്ങുകയോ കൂടുതൽ അന്തസ്സുറ്റ ജീവിതത്തിനായി സ്വരാജ്യം വിട്ടുപോവുകയോ ചെയ്യുന്നത് ഒഴിവാക്കാനാവും.''

ജൂബിലിയുടെ വെളിച്ചത്തിൽ ഞാൻ ഹൃദയംഗമായ ഒരഭ്യർത്ഥന മുന്നോട്ടുവയ്ക്കുന്നത് ധനികരാജ്യങ്ങൾക്കു നേരെയാണ്. അവരുടെ ഒട്ടേറെ പഴയ തീരുമാനങ്ങളുടെ ഗൗരവം മനസ്സിലാക്കി, ഒരിക്കലും തിരിച്ചടയ്ക്കാൻ കഴിവില്ലാത്ത രാജ്യങ്ങളുടെ കടങ്ങൾ ഇളവ് ചെയ്യാനുള്ള നിശ്ചയദാർഢ്യം അവർക്കുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇത് മഹാമനസ്കത എന്ന കാര്യത്തേക്കാളുപരി നീതിയുടെ പ്രശ്നമാണ്. നാമിപ്പോൾ കൂടുതൽ തിരിച്ചറിഞ്ഞുവരുന്ന ഒരു പുതിയതരം അനീതി, എന്നു വച്ചാൽ ''ആഗോള ഉത്തര ദക്ഷിണ ഭാഗങ്ങൾ തമ്മിൽ 'പാരിസ്ഥിതിക കടം' നിലനിൽക്കുന്നുണ്ടെന്നത് കൂടുതൽ ഗൗരവതരമായിരിക്കുന്നു. ചില രാജ്യങ്ങൾ, പ്രകൃതിവിഭവങ്ങൾ, ആനുപാതികമല്ലാതെ ദീർഘകാലം ഉപയോഗിച്ചതുമൂലമുണ്ടായ പാരിസ്ഥിതിക ആഘാതങ്ങളോടും വ്യാപാര അസന്തുലിതാവസ്ഥയോടും ബന്ധപ്പെട്ടതാണിത്.'' തിരുവചനം പഠിപ്പിക്കുന്നതനുസരിച്ച്, ഭൂമി കർത്താവിന്റേതാണ്, നാമെല്ലാവരും അവിടെ ''പരദേശികളും

കുടികിടപ്പുകാരുമാണ്" (ലേവ്യ 25:23). ലോകത്ത് സമാധാനത്തിന്റെ ഒരു പാത ഒരുക്കാൻ നാം ശരിക്കും ആഗ്രഹിക്കുന്നുവെങ്കിൽ, അനീതിയുടെ വിദൂരമായ കാരണങ്ങൾ പോലും പരിഹരിക്കുന്നതിൽ നാം പ്രതിബദ്ധരാകണം, അനീതി നിറഞ്ഞതും തിരിച്ചടയ്ക്കാൻ കഴിയാത്തതുമായ കടങ്ങൾ ഇളവ് ചെയ്യുകയും ദരിദ്രരെ പോറ്റുകയും വേണം.

**17.** അടുത്തുവരുന്ന ജൂബിലിവർഷത്തിൽ നാം ഒന്നാം നിഖ്യാ സൂനഹദോസിന്റെ 1700-ാമത് വാർഷികവും ആഘോഷിക്കുന്നു. അപ്പസ്തോലികകാലം മുതൽ, സഭയുടെ വിവിധ താത്വിക പ്രശ്നങ്ങളും അച്ചടക്കവിഷയങ്ങളും ചർച്ച ചെയ്യാനായി മെത്രാന്മാർ ഒത്തുചേർന്നിരുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ക്രിസ്തുമതത്തിന്റെ ആദിമ നൂറ്റാണ്ടുകളിൽ, പാശ്ചാത്യ പൗരസ്ത്യദേശങ്ങളിൽ സിനഡുകൾ ഇടയ്ക്കിടെ നടന്നിരുന്നുവെന്നത്, ദൈവജനതയുടെ ഐക്യം ഉറപ്പാക്കുന്നതിന്റേയും സുവിശേഷത്തിന്റെ വിശ്വസ്ത പ്രഘോഷണത്തിന്റേയും പ്രാധാന്യം കാണിക്കുന്നു. സിനഡാലിറ്റിയുടെ ഈ രൂപത്തിന് സുദൃഢമായ പ്രകാശനം നൽകുന്ന സുപ്രധാന സന്ദർഭമായി ജൂബിലിക്കു പ്രവർത്തിക്കാനാകും. സുവിശേഷവത്ക്കരണമെന്ന അടിയന്തിര ആവശ്യത്തോട് പ്രതികരിക്കണമെന്ന വർധിത ആവശ്യത്തെക്കുറിച്ച് ക്രൈസ്തവ സമൂഹം ചിന്തിക്കുന്നതുകൊണ്ടാണിത്. ലോകത്ത് ലോകസാന്നിധ്യത്തിന് സാക്ഷ്യം വഹിക്കുന്ന പ്രത്യാശയുടെ ബഹുവിധമായ അടയാളങ്ങൾ ഉറപ്പാക്കാൻ, ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും തന്നെ തങ്ങളുടെ കാരിസവും സുവിശേഷദൗത്യവും വഴി സഹഉത്തരവാദികളാണ്.

യേശുക്രിസ്തുവിന്റെ പൂർണ്ണ ദൈവത്വവും, സത്താപരമായി പിതാവുമായുള്ള ഐക്യവും നിഷേധിക്കുന്ന ഗൗരവതരമായ ഭീഷണി ഉയർന്നപ്പോഴാണ് സഭൈക്യം രക്ഷിക്കാനായി നിഖ്യാ സൂനഹദോസ് ചേർന്നത്. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ നിർദ്ദേശപ്രകാരം വിളിച്ചുചേർക്കപ്പെട്ട ഈ സമ്മേളനത്തിൽ മുന്നൂറോളം മെത്രാന്മാർ പങ്കെടുക്കുകയുണ്ടായി. 325 മേയ് 20 ന് ഇംപീരിയൽ കൊട്ടാരത്തിലായിരുന്നു അവരുടെ ആദ്യ സമ്മേളനം. ഒട്ടേറെ സംവാദങ്ങൾക്കുശേഷം പരിശുദ്ധാത്മാവിന്റെ കൃപയാൽ, നാമിന്ന് എല്ലാ ഞായറാഴ്ചയും ദിവ്യബലി ആഘോഷത്തിൽ

ഏറ്റുചൊല്ലുന്ന വിശ്വാസപ്രമാണം അവർ ഏകകണ്ഠമായി അംഗീകരിച്ചു. ആദ്യമായി, "ഞങ്ങൾ വിശ്വസിക്കുന്നു" എന്ന് ഉപയോഗിച്ചുകൊണ്ട് വിശ്വാസപ്രമാണം തുടങ്ങാൻ കൗൺസിൽ പിതാക്കന്മാർ തീരുമാനിക്കുകയായിരുന്നു. എല്ലാ സഭകളും കൂട്ടായ്മയിലാണെന്നും എല്ലാ ക്രൈസ്തവരും ഒരേ വിശ്വാസം പ്രഘോഷിക്കുന്നവരാണെന്നും വെളിവാക്കുന്ന അടയാളമായിരുന്നു ഇത്.

നിഖ്യാ സൂനഹദോസ് സഭാചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. പരിശുദ്ധ ത്രിത്വത്തിന്, പ്രത്യേകിച്ച് സ്നേഹത്തിന്റെ രഹസ്യം നമുക്കു വെളിപ്പെടുത്തിത്തന്ന ദൈവപുത്രനും "പിതാവുമായി സത്തയിൽ ഏകനുമായ" യേശുക്രിസ്തുവിന് കൃതജ്ഞതാസ്തോത്രങ്ങളുടെ ഗാനമുയർത്താൻ ക്രൈസ്തവരെ ക്ഷണിക്കുന്നതാണ് ഈ വാർഷികാഘോഷം. അതേസമയംതന്നെ, എല്ലാ സഭകളും സഭാസമൂഹങ്ങളും ഐക്യത്തിന്റെ പ്രകടമായ പാത പരിരക്ഷിക്കണമെന്ന ക്ഷണം കൂടിയാണ് നിഖ്യാ സൂനഹദോസ്. അങ്ങനെ കർത്താവിന്റെ ഈ പ്രാർത്ഥനയോടു പൂർണ്ണമായും പ്രതികരിക്കാനാകും: "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി പിതാവേ അങ്ങ് എന്നിലും, ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിലായിരിക്കുന്നതിനും അങ്ങനെ അവിടുന്നെന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ. 17:21).

നിഖ്യാ സൂനഹദോസ് ഈസ്റ്ററിന്റെ തീയതിയും ചർച്ച ചെയ്തു. ഈ ദിനംവരെ, നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായ ഈ സംഭവം ഒരേദിവസം ആഘോഷിക്കാൻ, വ്യത്യസ്തമായ ചില സമീപനങ്ങൾ തടസ്സമുണ്ടാക്കിയിരുന്നു. ദൈവാനുഗ്രഹത്താൽ, 2025ൽ ഒരു പൊതുആഘോഷം നടക്കും. ഈസ്റ്ററിന് ഒരു പൊതു ദിനം എന്ന ഐക്യത്തിലേക്ക്, കിഴക്കും പടിഞ്ഞാറുമുള്ള എല്ലാ ക്രൈസ്തവരും ഇങ്ങനെ നിർണായകമായ ഒരു ചുവട് മുന്നോട്ടു വയ്ക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു. പഴയകാല വിവാദങ്ങളെക്കുറിച്ച് അറിവൊന്നുമില്ലാത്തവർക്ക്, എന്തുകൊണ്ടാണ് ഇങ്ങനെയൊരു വിഭജനം ഇപ്പോഴും തുടരുന്നുവെന്നത് മനസ്സിലാക്കാൻ കഴിയുന്നില്ലെന്നത് നാം നന്നായി ഓർമ്മിക്കണം.

(തുടരും)

# ഫ്രാൻസിസ് മാർപാപ്പയുടെ പ്രാർത്ഥനയെക്കുറിച്ചുള്ള പ്രബോധനം

*(കഴിഞ്ഞ ലക്കം തുടർച്ച)*

**2. 'ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുക' (ലൂക്കാ 11:1): പ്രാർത്ഥനയുടെ പാഠശാലയിലേക്ക്**

ലൂക്കായുടെ സുവിശേഷത്തിൽ ശിഷ്യന്മാർ യേശുവിന രികിൽ വന്ന് നിഗൂഢവും നിർണ്ണായകവുമായ ഒരഭ്യർത്ഥന നടത്തുന്നു: "കർത്താവേ, ഞങ്ങളേയും പ്രാർത്ഥിക്കാൻ പഠി പ്പിക്കുക" (ലൂക്കാ 11:1). ഈ അഭ്യർത്ഥന, തീർച്ചയായും അവരുടെ അപര്യാപ്തതയെക്കുറിച്ചുള്ള അവബോധവും എങ്ങനെ പ്രാർത്ഥിക്കണമെന്ന പ്രായോഗിക മാർഗ്ഗനിർദ്ദേശത്തിന്റെ ആവ ശ്യകതയും പ്രതിഫലിപ്പിക്കുന്നു. അതിൽ മറഞ്ഞിരിക്കുന്നത്, എല്ലാ വ്യക്തിയിലും അന്തർലീനമായ ഒരു തലമാണ്: ഒരധ്യാപകന്റെ ആവശ്യകത, ജീവിതത്തിന്റെ സുപ്രധാന നിമിഷങ്ങളിൽ ഒപ്പം സഞ്ചരിക്കാനാവുന്ന ഒരു മാർഗ്ഗദർശി. ഒരു ഗുരുവിന്റെ പാഠ ശാലയിൽ, തനിക്കു മുമ്പിലുള്ള വ്യക്തിയുടെ പാത പിന്തുടർന്നാൽ മാത്രമേ ശിഷ്യന് വളരാനാകൂ: വാസ്തവത്തിൽ, ഗുരുവിന്റെ അതേ കാൽപ്പാടുകളിലൂടെയുള്ള നടത്തം. ഗുരുവിന്റെ ഗുണഗണങ്ങൾ ഗ്രഹിച്ചെടുക്കാൻ അവനെ അത് പ്രാപ്തനാക്കുന്നു, പതുക്കെ ഒരു മത്സരബുദ്ധി ഉദിച്ചുവരികയും, അതേ വിജ്ഞാനം ആർജ്ജി ച്ചെടുക്കുവാൻ അവൻ ഒരുനാൾ കഴിവുള്ളവനാവുകയും ചെയ്യുന്നു. "നിങ്ങൾ എന്റെ കൽപ്പന പാലിക്കുന്നുവെങ്കിൽ നിങ്ങളെന്റെ സ്നേ ഹിതന്മാരാണ്," "എന്നിൽ വിശ്വസിക്കുന്നവനും ഞാൻ ചെയ്ത പ്രവൃത്തികൾ ചെയ്യും, ഇവയേക്കാൾ വലിയവയും അവൻ ചെയ്യും" (യോഹ 15:12; 14:12).

ഈ വാക്കുകൾ, ശിഷ്യന്മാർക്ക് അനുഭവവേദ്യമാകുന്നു, പ്രാർത്ഥനയെ സംബന്ധിക്കുന്ന കാര്യത്തിലും ഗുരുവിന്റെ സാന്നിധ്യത്തിലായിരിക്കെ, അവിടുന്ന് പ്രാർത്ഥിക്കുന്ന രീതി, വിജന പ്രദേശത്തേക്കുള്ള അവിടുത്തെ പിന്മാറ്റം, നിരന്തര പ്രാർത്ഥനയിൽ ആഴത്തിൽ വേരൂന്നിയ അവബോധത്താൽ പ്രകടമാകുന്ന പിതാവുമായുള്ള അവിടുത്തേക്കുള്ള ബന്ധം എന്നിവ അവരെ ആകർഷിച്ചിരുന്നു. അങ്ങനെ പുത്രത്വമെന്ന ബന്ധത്തോടുള്ള അവരുടെ ആകർഷണം, അതിൽ പങ്കുകാരാകണമെന്ന തലംവരെ

അപ്പോസ്തലന്മാരിൽ വളർന്നു. ഈ അഭിലാഷത്താൽ, ഗുരു അവരെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുകയും, യഥാർത്ഥ "പ്രാർത്ഥനയുടെ പാഠശാലയ്ക്ക്" രൂപം നൽകുകയും ചെയ്യുന്നു. ഇത്, ദൈവവുമായുള്ള ബന്ധത്തെയും, അങ്ങനെ മറ്റുള്ള മനുഷ്യരുമായുള്ള ബന്ധത്തെയും രൂപപ്പെടുത്തിയെടുക്കാൻ സഹായിക്കുന്ന യഥാർത്ഥ അനുഭവങ്ങളാക്കി അവരുടെ അഭിലാഷങ്ങളെ മാറ്റും.

പരിശുദ്ധ പിതാവ് ആവർത്തിച്ച് ഊന്നിപ്പറയുന്നവയെല്ലാം ഇതിൽ മുഴങ്ങുന്നുണ്ട്. അതായത് പ്രാർത്ഥന കേവലം ഭക്തിയുടെ ഒരു ആചാരം മാത്രമല്ല, മറിച്ച് അത് "ആത്മാവിന്റെ ശ്വാസമാണ്;" അത് ഓരോ മനുഷ്യവ്യക്തിയുടേയും ആഴമേറിയതും സ്വാഭാവികവുമായ പ്രകാശനമാണ്. പ്രാർത്ഥന, ഫ്രാൻസിസ് മാർപാപ്പയുടെ അഭിപ്രായത്തിൽ, "ദൈവവുമായുള്ള മുഖാമുഖ സംഭാഷണമാണ്" (ദോമുസ് സാങ്തേ മർത്തേ ചാപ്പലിലെ പ്രഭാതധ്യാനം, മാർച്ച് 15, 2018). അങ്ങനെ പരസ്പര സംഭാഷണം വഴി വിശ്വാസി, കർത്താവിന്റെ ഹിതത്തിലേക്കും മാർഗ്ഗനിർദ്ദേശത്തിലേക്കും അവനെ/ അവളെ തുറക്കുന്നു. ഈ അർത്ഥത്തിൽ, പ്രാർത്ഥന ആശയവിനിമയത്തിനുള്ള ഒരു യാന്ത്രിക സൂത്രമല്ലെന്ന് ശിഷ്യന്മാരുടെ അഭ്യർത്ഥന നമുക്ക് കാണിച്ചുതരുന്നു. പകരം, അത് പ്രബോധനവും അച്ചടക്കവും ആവശ്യപ്പെടുന്നു. അത് ഒരു ഗുരുവിനു മാത്രം കാണിച്ചുതരാനാവുന്ന വഴിയാണ്. ശിഷ്യന്മാർ യേശുവിനോട് എങ്ങനെ പ്രാർത്ഥിക്കണമെന്ന് ചോദിക്കുന്നതുപോലെ നമ്മളും ദൈവവുമായി, കൂടുതൽ ആഴത്തിലുള്ളതും വ്യക്തിപരവുമായ ഒരു ബന്ധത്തിൽ പ്രവേശിക്കാൻ സഹായം ചോദിക്കുന്നതിന് ഭയപ്പെടരുത്. ആദ്യം ഗുരുവിൽ നിന്നും, തുടർന്ന് കർത്താവിന്റെ സാമീപ്യത്തിൽ വളരെക്കാലം നടന്ന്, അവിടുത്തെ കാൽപ്പാടുകളും വഴിയും തിരിച്ചറിയാൻ പഠിച്ചുകഴിഞ്ഞ ആത്മീയ ഗുരുക്കളിൽ നിന്നും.

**ആരാധന:** ദൈവമഹത്ത്വത്തിനു മുന്നിൽ താഴ്മയോടും ആദരവോടുംകൂടി ചെയ്യുന്ന പ്രവൃത്തിയാണ് ആരാധന. ആരാധനയിലൂടെ നാം ദൈവത്തിന്റെ പരമാധികാരവും നമ്മുടെ വിധേയത്വവും അംഗീകരിക്കുകയാണെന്ന് തന്റെ വിചിന്തനങ്ങളിൽ മാർപ്പാപ്പ നമ്മെ ഓർമിപ്പിക്കുന്നു. ഈ പ്രാർത്ഥന, ദൈവത്തിലുള്ള വിശ്വാസവും അഭയവും ശക്തിപ്പെടുത്തുംവിധം അവിടുത്തെ സർവ്വശക്തിയിലും നന്മയിലും അത്ഭുതം കൂറാനും ആഴമേറിയ അതിശയബോധത്തിലേക്ക് ഉണരാനും നമുക്ക് വഴിതുറക്കുന്നു.

സ്രഷ്ടാവെന്ന നിലയിൽ മാത്രമല്ല അനന്തസ്നേഹത്തിന്റേയും കരുണയുടേയും ജീവിക്കുന്ന സ്രോതസ് എന്ന നിലയിലും ദൈവമഹത്ത്വം അംഗീകരിക്കുന്ന പ്രവർത്തിയാണിത്. ആരാധനയിൽ, നിഷ്കളങ്കവും വിനീതവുമായ ഹൃദയത്തോടെയും, ദിവ്യമഹത്ത്വത്തിന്റെ മുന്നിൽ താനെത്ര നിസ്സാരനാണന്ന തിരിച്ചറിവോടെയും ദൈവത്തിനു മുമ്പിൽ സ്വയം വെളിപ്പെടുത്താൻ ക്രിസ്ത്യാനി വിളിക്കപ്പെടുന്നു. ഇത്തരം ആരാധനയിൽ അഭ്യർത്ഥനകളോ അപേക്ഷകളോ ആവശ്യമില്ല; അത് കൃതജ്ഞതയോടും ആരാധനയോടുംകൂടി, സൃഷ്ടിക്കപ്പെടാത്ത രഹസ്യത്തിനു മുന്നിൽ എന്നതുപോലെ, ദൈവത്തിനു മുന്നിൽ, ആത്മാവ് കാട്ടുന്ന പരിശുദ്ധമായ സ്വയാവിഷ്ക്കാരമാണ്.

**സ്തുതിയും കൃതജ്ഞതാപ്രകാശനവും:** ദൈവം തരുന്ന എണ്ണമറ്റ ദാനങ്ങൾക്കും അനുഗ്രഹങ്ങൾക്കും കൃതജ്ഞതയുടെയും സന്തോഷത്തിന്റെയും പ്രകാശനമാണ് സ്തുതിപ്പിന്റേയും കൃതജ്ഞതയുടേയും പ്രാർത്ഥന. സ്തുതിപ്പിൽ നമ്മൾ ദൈവത്തിന്റെ മഹത്ത്വം, സൗന്ദര്യം, നന്മ എന്നിവ ആഘോഷിക്കുന്നു; അവിടുന്ന് ജീവിക്കുന്നവനാണെന്നും, നമ്മുടെ ജീവിതത്തിലും നമുക്കു ചുറ്റുമുള്ള ലോകത്തും ജീവദായക സാന്നിധ്യമാണെന്നും അംഗീകരിക്കുകയും ചെയ്യുന്നു. കൃതജ്ഞതയിലൂടെ, ദൈവത്തിന്റെ ഏറ്റവും ചെറുതുമുതൽ ഏറ്റവും മഹത്തായ പ്രവർത്തനത്തിൽ വരെ നമുക്കുള്ള കൃതജ്ഞത നാം പ്രകാശിപ്പിക്കുന്നു: അവിടുത്തെ അനന്തനന്മയുടെ അടയാളമാണ് നമുക്കു ലഭിക്കുന്ന ഓരോ അനുഗ്രഹവർഷവും എന്ന അറിവോടെ. ഈ പ്രാർത്ഥന കൃതജ്ഞതാമനോഭാവത്തിൽ വളരാൻ നമ്മെ സഹായിക്കുന്നു; ദൈവം നമ്മെ സ്നേഹിക്കുന്ന അതേ സ്നേഹത്തിന്റെ അടയാളമായും സാക്ഷ്യമായും നമ്മുടെ സഹോദരീസഹോദരന്മാരോടുള്ള കാഴ്ചപ്പാടിന് രൂപം നൽകാനുള്ള കഴിവും ഇതിനുണ്ട്.

**മാധ്യസ്ഥപ്രാർത്ഥന**: പുണ്യവാന്മാരുടെ ഐക്യത്തിന്റെ ഏറ്റവും മികച്ച ആവിഷ്കരണമാണ് മാധ്യസ്ഥപ്രാർത്ഥന; മാധ്യസ്ഥപ്രാർത്ഥനയിൽ നാം മറ്റുള്ളവരോട് ഐക്യദാർഢ്യവും അനുകമ്പയും കാണിച്ചുകൊണ്ട്, അവരുടെ ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുന്നു. മറ്റുള്ളവരുടെ യാതനയിലും പ്രത്യാശയിലും പങ്കുചേർന്നുകൊണ്ട് നാം അവരോട് ഐക്യപ്പെടുകയും, ക്രൈസ്തവ സ്നേഹവും ഐക്യദാർഢ്യവും പ്രകടിപ്പിക്കുകയും ചെയ്യുന്ന, ഈ

പ്രാർത്ഥനയുടെ പ്രാധാന്യം എടുത്തുകാട്ടുന്നത് ഉചിതമായിരിക്കും. മധ്യസ്ഥപ്രാർത്ഥന കൂട്ടായ്മയുടെ അതിശക്തമായ ഉപകരണമാണ്, അതിലൂടെ നമുക്ക് ദൈവത്തിനു മുന്നിൽ ലോകത്തിന്റേയും നമ്മുടെ സഹോദരീസഹോദരന്മാരുടേയും ആവശ്യങ്ങൾ കൊണ്ടു വരാനാകും.

ഈ രീതിയിൽ കാലദേശങ്ങളുടെ അതിരുകൾ അതിലംഘിച്ചുകൊണ്ട്, തങ്ങളുടെ സന്തോഷങ്ങളും യാതനകളും ദൈവത്തിനു മുന്നിൽ പങ്കുവയ്ക്കുന്നതിനായി വിശ്വാസികളെയും അവരുടെ നിയോഗങ്ങളെയും ബന്ധിപ്പിക്കുന്ന പാലമാണ് മധ്യസ്ഥ പ്രാർത്ഥന. ജൂബിലി സന്ദർഭത്തിൽ, മരിച്ച വിശ്വാസികളുടെ ദണ്ഡ വിമോചന കൃപയ്ക്കായി അപേക്ഷിക്കുന്നത് മധ്യസ്ഥപ്രാർത്ഥനയുടെ പ്രകടനമാണ്; ഇത് മരിച്ചുപോയ നമ്മുടെ പ്രിയപ്പെട്ടവരുമായി, ഒരിക്കൽ തങ്ങളോടൊപ്പം സ്വർഗ്ഗീയസൗഭാഗ്യം ആസ്വദിക്കാനുള്ളവരുമായി, നമ്മെ കൂട്ടായ്മയിലാക്കുന്നു.

**യാചനാപ്രാർത്ഥന:** നമ്മുടെ മാനുഷിക ദൗർബല്യത്തേയും ആവശ്യത്തെയും യാചനാപ്രാർത്ഥന പ്രതിഫലിപ്പിക്കുന്നു. ഇത്തരം പ്രാർത്ഥനയിലൂടെ നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങൾ, ആഴമേറിയ അഭിലാഷങ്ങൾ, ഏറ്റവും അടിയന്തിരമായ ഉത്കണ്ഠകൾ എന്നിവ നാം ദൈവത്തിന്റെ മുന്നിൽ അവതരിപ്പിക്കുന്നു. ആത്മ വിശ്വാസത്തോടെയും നിരന്തര പ്രയത്നത്തോടെയും, നമ്മുടെ ഹൃദയങ്ങളെ കേൾക്കാൻ അവിടുന്ന് സദാ തയ്യാറാണെന്ന ഓർമ്മയോടെയും നമ്മുടെ അഭ്യർത്ഥനകൾ ദൈവത്തിനു മുന്നിൽ അവതരിപ്പിക്കാൻ നാം പ്രോത്സാഹിപ്പിക്കപ്പെടുകയാണ്: "ദൃഢമായ സൗഹൃദമാണ് അവിടുന്ന് ആവശ്യപ്പെടുന്നത്, നിശ്ചയദാർഢ്യമാണ്, ലജ്ജയില്ലായ്മയുമാണ്. എന്തുകൊണ്ട്? കാരണം, ഞാൻ മുട്ടുന്നത് എന്റെ സ്നേഹിതന്റെ വാതിലിലാണ്. ദൈവം സ്നേഹിതനാണ്, സ്നേഹിതനോട് എനിക്കിങ്ങനെ ചെയ്യാനാവും. നിരന്തരമായ, അതിക്രമിച്ചുകയറുന്ന പ്രാർത്ഥന" (ദോമൂസ് സാങ്തേ മാർത്തേ ചാപ്പലിലെ പ്രഭാതധ്യാനം, ഒക്ടോബർ 11, 2018). അങ്ങനെ യാചന, ദൈവവുമായുള്ള ആഴമേറിയ കൂട്ടായ്മയുടെ സമയമായി മാറുന്നു, നമ്മുടെ ദൗർബല്യം അവിടുത്തെ അനന്തകൃപയേയും സ്നേഹത്തേയും കണ്ടുമുട്ടുന്നു: അതിലൂടെ, കൂടുതൽ ആഴത്തിൽ ദൈവത്തെ അഭയം പ്രാപിക്കാൻ, നമ്മുടെ മുഴുവൻ ജീവിതവും ഉത്കണ്ഠകളും പ്രത്യാശകളും അഭിലാഷങ്ങളും ഭരമേൽപിക്കാൻ നാം പഠിക്കുന്നു.

# 3. പ്രാർത്ഥന ഇടവക സമൂഹത്തിൽ

## 3.1. ദിവ്യബലി

2025 ലെ സാധാരണ ജൂബിലിക്കായി ഒരുങ്ങുന്ന പ്രാർത്ഥനാവർഷം, ദിവ്യബലിയുടെ യഥാർത്ഥ അർത്ഥം ആഴത്തിൽ മനസ്സിലാക്കാൻ നമ്മെ പ്രാപ്തരാക്കുന്നതിനുള്ള വിലയേറിയ അവസരമാണ് പ്രദാനം ചെയ്യുന്നത്. ഈ മഹാരഹസ്യം പൂർണ്ണമായി അനുഭവവേദ്യമാകാൻ, ഓരോവട്ടം നാം ദിവ്യബലിയിൽ പങ്കെടുക്കുമ്പോഴും, മനസ്സിന്റേയും ഹൃദയത്തിന്റേയും ഉചിതമായ താൽപര്യവും അഭിനിവേശവുമുണ്ടായിരിക്കണം. ദിവ്യബലിയിൽ ആഘോഷിക്കപ്പെടുന്നത് എന്താണെന്നതിനെക്കുറിച്ച് കൂടുതൽ അവബോധമുണ്ടാകാൻ തങ്ങളുടെ ചെറുതും വലുതുമായ അനുദിന തീരുമാനങ്ങൾ വിശ്വാസികളെ സഹായിക്കും. അതിനാൽ ദിവ്യകാരുണ്യമേശയിലെ വർദ്ധിതമായ പങ്കാളിത്തവും അവബോധവും അവരെ കൂടുതൽ വിശ്വസനീയരും ആധികാരിക സാക്ഷ്യങ്ങളുമാകാൻ, പ്രാപ്തരാക്കുകയും അതിലൂടെ വളരാൻ സഹായിക്കുകയും ചെയ്യുന്നു. അങ്ങനെ ഏറെ ഫലപ്രദമായി "ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമാകാൻ" അവർക്ക് ഇടയാകുന്നു (മത്താ 5:13-16).

കർത്താവിന്റെ ദിവസത്തിന്റേയും അവിടുത്തെ ബലിയുടെയും ഞായറാഴ്ച ആചരണം സഭാജീവിതത്തിന്റെയും ഇടവകയുടെയും ഹൃദയമാണ് (cf. CCC 2177). അങ്ങനെ അത് "ക്രൈസ്തവജീവിതത്തിന്റെ ഉത്ഭവവും ഉച്ചകോടിയുമാണ്" (പ്രമാണരേഖ, ജനതകളുടെ പ്രകാശം, 11: AAS 57, നവംബർ 21, 1964, നം. 15). മാനവരാശിയുടെ രക്ഷയ്ക്കായുള്ള ക്രിസ്തുവിന്റെ പെസഹായുടേയും സമ്പൂർണ്ണ ബലിയർപ്പണത്തിന്റേയും സ്മാരകമാണിത്: യേശുവിന്റെ ശരീരരക്തങ്ങളുടെ മേശയ്ക്കു ചുറ്റും മുഴുവൻ സമൂഹത്തേയും കൂട്ടായ്മരീതിയിൽ ഒന്നിച്ചുകൂട്ടി ജീവിക്കുവാൻ സഹായിക്കുന്ന, പ്രാർത്ഥനയുടെ ഉച്ചകോടിയാണിത്. ഇക്കാരണത്താൽ ദിവ്യബലിയെക്കുറിച്ച് കൂടുതൽ മഹത്തരമായ അവബോധം ഉണ്ടാക്കാനും, ഈ മഹാദാനം ജീവിക്കുന്നതിൽ ഏറെ പൂർണ്ണമായി വ്യാപൃതരാകാനും കത്തോലിക്കരെ സഹായിക്കുന്ന പ്രാർത്ഥനാപദ്ധതി ഞങ്ങൾ നിർദ്ദേശിക്കുന്നു.

**ദിവ്യബലിക്കായി നന്നായി ഒരുങ്ങുക:** കുർബ്ബാനയുടെ കൂട്ടായ്മാനിമിഷങ്ങളെ സമീപിക്കാൻ അൽപനേരം തനിച്ചുള്ള നിശ്ശബ്ദമായ തയ്യാറെടുപ്പ് ആവശ്യമാണ്; ദൈനംദിന ജീവിത

ത്തിന്റെ തിരക്കേറിയ വേഗതയിൽനിന്നും പുറത്തുകടന്ന് തങ്ങൾ അനുഭവിക്കാൻ പോകുന്ന രഹസ്യത്തെ വിചിന്തനം ചെയ്യാൻ ഇത് സഹായിക്കുന്നു. കൗദാശികമായി അവിടുന്നു സന്നിഹിത നായിരിക്കുന്ന ദിവ്യ സക്രാരിക്കു മുന്നിൽ അൽപനേരം നിന്ന്, അവിടുന്ന് ഉടൻതന്നെ അൾത്താരയിൽ തന്നെത്തന്നെ സന്നിഹി തനാക്കുമെന്നും, തന്റെ യഥാർത്ഥ ശരീരത്തിൽ തന്നെത്തന്നെ നമുക്ക് നൽകാൻ പോവുകയാണെന്നും തിരിച്ചറിയണം. ആരാധനക്രമത്തിൽ പ്രഘോഷിക്കാൻ പോകുന്ന ദൈവവചന ഭാഗങ്ങൾ മുൻകൂട്ടി വായിച്ചുപോകുന്നതും സഹായകരമായിരിക്കും.

**നന്നായി കുരിശ്ശടയാളം വരയ്ക്കുക:** ആഘോഷത്തിന്റെ തുടക്കംമുതൽതന്നെ ശരീരംകൊണ്ടും മനസുകൊണ്ടും ആത്മാവു കൊണ്ടും മുഴുകിച്ചേരാൻ, ആരാധനക്രമത്തിലെ വാക്കുകളും ആംഗ്യങ്ങളും നമ്മെ സഹായിക്കുന്നു. കുരിശ്ശടയാളം, യഥാർത്ഥ ത്തിൽ, നമ്മുടെ മുഴുവൻ ക്രൈസ്തവവിശ്വാസത്തെ സംക്ഷിപ്ത മാക്കുന്നു. കുരിശിന്റെ അടയാളം നാം വരയ്ക്കുമ്പോൾ, കർത്താവിന്റെ മനുഷ്യാവതാരം, വീണ്ടെടുപ്പ്, ഉത്ഥാനം എന്നിവ യാണോർക്കുന്നത്. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവി ന്റേയും നാമം ഉച്ചരിക്കുമ്പോൾ പരിശുദ്ധ ത്രിത്വത്തിന്റെ മഹാരഹസ്യം നാം ഓർമ്മയിൽ കൊണ്ടുവരുന്നു.

**ദൈവവചനം ശ്രദ്ധിച്ചു കേൾക്കുക:** വചനം "ജീവിക്കു ന്നതാകയാൽ" ഓരോ ക്രിസ്ത്യാനിയുടേയും ഹൃദയത്തേയും മനസിനേയും അത് പ്രകാശിതമാക്കും; അതിനാൽ, സ്വീകരി ക്കുന്നതും ധ്യാനാത്മകവുമായ മനോഭാവത്തോടെ അത് കേൾക്കണം. അപ്പോൾ ശ്രവണവും വ്യക്തിപര വിചിന്തനവും വഴി വചനത്തെ നിത്യജീവിതത്തിലേക്ക് വിവർത്തനം ചെയ്യാൻ കഴിയും വിധമുള്ള സഹായവും ആശ്വാസവും നമുക്ക് കിട്ടും. അതിനാൽ, പ്രത്യേകിച്ചും നാം സുവിശേഷ പ്രഘോഷണത്തിനായി എഴുന്നേ റ്റുനിൽക്കുമ്പോൾ, കർത്താവിന്റെ സാന്നിധ്യം തിരിച്ചറിയാൻ വിളിക്കപ്പെടുകയാണ്; ശുശ്രൂഷകനിലൂടെ ഇന്നത്തെ ദിവ്യകാരുണ്യ ആഘോഷത്തിൽ അവിടുന്ന് ഇപ്പോഴും നമ്മോടു സംസാരിക്കു ന്നുവെന്ന് തിരിച്ചറിയാൻ.

**കർത്തൃപ്രാർത്ഥന ശ്രദ്ധാപൂർവ്വം പ്രാർത്ഥിക്കണം:** കർത്താവ് പഠിപ്പിച്ച പ്രാർത്ഥന ധ്യാനാത്മകമായി, അതിൽ പറയുന്ന വാക്കുകളുടെ അർത്ഥം വിചിന്തനം ചെയ്തുകൊണ്ടു വേണം ആവർത്തിക്കുവാൻ. വ്യക്തിപരമായ പ്രാർത്ഥനയിൽ

പോലും ഈ വാക്കുകൾ ഉച്ചരിക്കുമ്പോൾ തിടുക്കം കാട്ടരുത്, മറിച്ച് പിതാവുമായുള്ള സംവാദത്തിനായി ഏറെ ശ്രദ്ധയോടും ആദര വോടുംകൂടി എല്ലാം പ്രകാശിപ്പിക്കുക.

**ദിവ്യകാരുണ്യ ഈശോയെ സ്വാഗതം ചെയ്യൽ:** മുറിക്കപ്പെട്ട അപ്പം ജീവന്റെ പോഷണവും നമ്മെ ശക്തിപ്പെടുത്തുകയും പരി പാലിക്കുകയും ചെയ്യുന്ന ദൈവസാന്നിധ്യവുമാണ്. കർത്താവ് ഓരോ വ്യക്തിയുടേയും ജീവിതത്തിലേക്ക് കടന്നുവരുന്നുവെന്നും മഹാമനസ്കതയോടും ശ്രദ്ധയുള്ള ഹൃദയത്തോടും കൂടി സ്വീകരി ക്കപ്പെടാൻ അവിടുന്ന് അഭിലഷിക്കുന്നുവെന്നുമുള്ള ഉറച്ച അവ ബോധത്തോടെ വേണം ഈ സുപ്രധാന നിമിഷത്തെ അനുഭവിക്കാ നെന്നത് വളരെ അത്യാവശ്യമാണ്. ദിവ്യകാരുണ്യത്തെ സമീപി ക്കുമ്പോൾ ചില നിശ്ശബ്ദപ്രാർത്ഥനകൾ ഹൃദയത്തിലുരുവിടുന്നത് നന്നായിരിക്കും. അത് നിങ്ങളെ കൂടുതൽ അവബോധത്തോടും കൃതജ്ഞതയോടും കൂടെ കർത്താവിനെ സ്വീകരിക്കുന്നതിനായി ഒരുക്കും.

**"പോകുവിൻ ദിവ്യബലി സമാപിച്ചു:"** അപ്പത്തിന്റേയും വീഞ്ഞിന്റേയും മേശയിലെ വിരുന്നാസ്വദിച്ച്, അന്തിമ ആശീർവാദം സ്വീകരിച്ച നമ്മൾ, ലോകത്തിൽ ക്രിസ്തുവിന്റെ വിശ്വസ്ത സാക്ഷ്യ ങ്ങളും സമാധാനവാഹകരുമാകാൻ ക്ഷണിക്കപ്പെടുകയാണ്.

**കൃതജ്ഞത:** ദൈവാലയം വിടുന്നതിനുമുമ്പായി, അൽപ നേരം (കുറഞ്ഞത് 5 മിനിറ്റെങ്കിലും) ദിവ്യകാരുണ്യത്തിൽനിന്നും ലഭിച്ച ദാനത്തിന്, കർത്താവ് നമ്മെ സന്ദർശിക്കാൻ വന്നുവെന്ന അവബോധത്തോടെ, കൃതജ്ഞത അർപ്പിച്ചുനിൽക്കണം. ഇവ്വിധം, നമുക്കുള്ളിലെ കൃപ കൂടുതൽ ശ്രദ്ധാപൂർവ്വം പരിപോഷിപ്പിക്കാനും അവിടുത്തെ സഹായത്താൽ ലോകത്തെ അഭിമുഖീകരിക്കാനും നാം കഴിവുള്ളവരാകും.

### 3.2 യാമപ്രാർത്ഥനകൾ

### 3.2.1 ഇടവിടാതെ പ്രാർത്ഥിക്കുവിൻ (1 തെസ 5:17): സഭയുടെ പൊതുപ്രാർത്ഥന

യാമപ്രാർത്ഥനകൾ – Divine Office എന്നും വിളിക്കപ്പെടുന്നു – "ഇടതടവില്ലാതെ പ്രാർത്ഥിക്കുക എന്ന നിയോഗത്തോടു നൂറ്റാ ണ്ടുകളായി പ്രതികരിക്കുന്ന സഭയുടെ പൊതുപ്രാർത്ഥനയാണിത്. ക്രിസ്തുരഹസ്യം വർത്തമാനകാലത്തിലേക്ക് തുളച്ചുകയറുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നുവെന്ന അവബോധത്തിൽ, ദിന

രാത്രങ്ങളുടെ മുഴുവൻ സമയവും ദൈവസ്തുതിക്കായി ഉപയോഗിക്കാൻ ഈ പ്രാർത്ഥന നമ്മെ പ്രാപ്തരാക്കുന്നു.

ദൈവജനം ഒന്നടങ്കം ജ്ഞാനസ്നാനത്തിലൂടെ ലഭ്യമായ രാജകീയ പൗരോഹിത്യം അനുഭവിക്കുകയും, പിതാവിനെ സ്തുതിക്കുന്നതിനായി ക്രിസ്തുവിൽ ഒരു സ്വരമാകുകയും ചെയ്യുന്നു. ഇക്കാരണത്താൽ യാമപ്രാർത്ഥനകൾ ഒരിക്കലും സ്വകാര്യമല്ല, മുഴുവൻ സഭാ ശരീരത്തിന്റേയും സ്വന്തമാണത്. ഇതിനും പുറമേ യാമപ്രാർത്ഥനയിലൂടെ, അതിൽ മുഴുവൻ സന്നിഹിതമായിരിക്കുന്ന ദൈവവചനത്താൽ നമ്മൾ പരിശുദ്ധരാകുകയും ചെയ്യുന്നു; പ്രത്യേകിച്ചും അതിന്റെ മുഖ്യകേന്ദ്രമായ സങ്കീർത്തനങ്ങളിൽ, അതുപോലെ വായനകളിൽ, ഗാനങ്ങളിൽ, ലേഖനങ്ങളിൽ, പ്രാർത്ഥനകളിൽ; വിശുദ്ധഗ്രന്ഥത്തിൽനിന്നാണ് ഇതിന്റെയെല്ലാം പ്രാഥമിക പ്രചോദനം ലഭിച്ചിട്ടുള്ളത്.

### 3.2.2 ഇടവക സമൂഹത്തിൽ യാമപ്രാർത്ഥനകൾ

സഭയുടെ ആഘോഷമായ യാമപ്രാർത്ഥനകൾ, പുരോഹിതൻ ഒത്തുകൂടിയ സഭാസമൂഹം ഒരുമിച്ചുചൊല്ലുമ്പോൾ, അത് അതിന്റെ പൂർണ്ണതയിൽ പ്രസരിക്കുന്നു. ഇടവകകളിൽ ഈ പ്രാർത്ഥനകൾ, പ്രത്യേകിച്ചും സഭാപാരമ്പര്യമനുസരിച്ച്, ദൈനംദിന യാമപ്രാർത്ഥനയിലെ രണ്ട് മൂലക്കല്ലുകൾ എന്നറിയപ്പെടുന്ന മുഖ്യ പ്രാർത്ഥനകൾ (പ്രഭാതപ്രാർത്ഥനയും സായാഹ്നപ്രാർത്ഥനയും) ചൊല്ലുന്നതിനെ പ്രോത്സാഹിപ്പിക്കുന്നത് ഏറെ മൂല്യവത്തായിരിക്കും.

പ്രവൃത്തിസമയങ്ങൾ കണക്കിലെടുത്തുകൊണ്ട്, കഴിയുന്നത്ര കൂടുതൽ വിശ്വാസികൾക്ക് പങ്കെടുക്കാവുന്നവിധം ദൈവാലയങ്ങളിൽ ഈ ആരാധനക്രമം ആഘോഷിക്കുന്നത് ഉചിതമാണ്; അത്മായർക്ക് ജോലിക്കു പോകുന്നതിനു മുമ്പും വൈകിട്ട് മടങ്ങിവന്ന ശേഷവും; യുവജനങ്ങളും ഇതിൽ പങ്കാളികളാവുമെന്ന പ്രതീക്ഷയോടെ.

ഓരോ സമൂഹത്തിലും ഒരു സംഘം ശുശ്രൂഷകർ ആഘോഷങ്ങൾ തയ്യാറാക്കുക, ഗാനങ്ങൾ പഠിക്കുക, വായനകൾ വിതരണം ചെയ്യുക തുടങ്ങിയവയിലും മറ്റു ജോലികളിലും ശ്രദ്ധിക്കുന്നു. ശുശ്രൂഷകരുടെ സേവനങ്ങൾ നിർവ്വഹിക്കാൻ തയ്യാറാകുന്നവർക്ക് മതബോധനം നൽകേണ്ടതാണ്.

യാമപ്രാർത്ഥനകൾ ചൊല്ലുമ്പോൾ വിശ്വാസികളെ സംഗീത ഉപകരണത്തിന്റെ സഹായത്തോടെ ലളിതമായ സങ്കീർത്തനഗാന

ങ്ങളിലേക്കു ഗായകർക്കു നയിക്കാവുന്നതാണ്; സങ്കീർത്തനങ്ങൾ ലളിതസ്വരത്തിലാണ് ചൊല്ലുന്നതെങ്കിൽ സഖറിയായുടെ കീർത്തനവും മാതാവിന്റെ സ്തോത്രഗീതവും ആലപിക്കാൻ പ്രത്യേക ശ്രദ്ധ നൽകണം, ആ സമയം എല്ലാവരും എഴുന്നേറ്റുനിന്ന് ആ ഗീതങ്ങളുടെ വാക്കുകൾ ധ്യാനിക്കണം.

ശനിയാഴ്ച വൈകുന്നേരത്തെ ഒന്നാം സായാഹ്ന പ്രാർത്ഥനയുടേയും ഞായറാഴ്ചയിലെ രണ്ടാം സായാഹ്ന പ്രാർത്ഥനയുടേയും ആഘോഷത്തിന്റെ ഒരുക്കത്തിന് പ്രത്യേക ശ്രദ്ധ നൽകണം.

## 3.3 കർത്താവിന് 24 മണിക്കൂറുകൾ

### 3.3.1 ഫ്രാൻസിസ് മാർപാപ്പയുടെ ഉദ്യമം:

“കർത്താവിന് 24 മണിക്കൂറുകൾ” എന്നു വിളിക്കപ്പെടുന്ന ഉദ്യമം ഫ്രാൻസിസ് മാർപാപ്പയുടെ അഭിലാഷപ്രകാരം നോമ്പുകാലത്തെ നാലാം ഞായറിനു മുമ്പുവരുന്ന വെള്ളി, ശനി ദിവസങ്ങളിലാണ് ആചരിക്കുന്നത്. തീവ്രമായ പ്രാർത്ഥനാ അനുഭവത്തിനും കർത്താവിലേക്കു മടങ്ങിവരാനുള്ള വഴി കണ്ടെത്താനും വിശ്വാസികൾക്ക് അവസരമൊരുക്കുകയാണ് ഇതിന്റെ ലക്ഷ്യം. വെള്ളിയാഴ്ച വൈകുന്നേരവും ശനിയാഴ്ച പൂർണ്ണമായും അസാധാരണമാംവിധം ദൈവാലയങ്ങളും അൾത്താരയും തുറന്നുവച്ച് കുമ്പസാരത്തിനും, കഴിയുമെങ്കിൽ ദിവ്യകാരുണ്യ പൊതു ആരാധനയ്ക്കും അവസരമുണ്ടാകണം. “ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രത്തിൽ അനുരഞ്ജന കൂദാശയുണ്ട്. ദൈവകരുണയുടെ മാഹാത്മ്യം സ്വകരങ്ങളിൽ സ്പർശിക്കാൻ ഇത് ജനങ്ങളെ പ്രാപ്തരാക്കുന്നു” എന്ന് അവബോധത്തിൽ (കരുണയുടെ അസാധാരണ ജൂബിലിവർഷത്തിൽ പുറപ്പെടുവിച്ച രേഖ, കാരുണ്യത്തിന്റെ മുഖം, ഏപ്രിൽ 11, 2015, നം. 17).

### 3.3.2 നോമ്പുകാല പ്രാർത്ഥനയും അനുരഞ്ജനവും:

സഭയിൽനിന്നും അകന്നുപോയിരിക്കുന്ന കത്തോലിക്കരെ വീണ്ടും ബന്ധത്തിലേക്കു കൊണ്ടുവരാനുള്ള മികച്ച അവസരമാണ് “കർത്താവിന് 24 മണിക്കൂറുകൾ.” കൂടുതൽ തീവ്രതയോടും ആവേശത്തോടുംകൂടി ഈ ഉദ്യമത്തിന്റെ സൗന്ദര്യവും, ഈ കർമ്മത്തിനു കൊണ്ടുവരാനാകുന്ന പരിവർത്തനത്തിന്റെ അതിശയകരമായ ഫലങ്ങളും പുനർകണ്ടെത്താൻ സഭാ സമൂഹങ്ങളെ ഇത് ക്ഷണിക്കുന്നു. നോമ്പുകാലത്തിന്റെ കൃപനിറഞ്ഞ നിമിഷങ്ങൾ

തീവ്രമായ പ്രാർത്ഥനയ്ക്കും അനുരഞ്ജനത്തിനുമുതകുന്നതാക്കി മാറ്റുന്നത് നല്ലതായിരിക്കും.

സമൂഹങ്ങൾക്ക് വെള്ളിയാഴ്ച സായാഹ്നം ദിവ്യബലിയോടെയോ വചന ആരാധനയോടെയോ ആരംഭിക്കാം. തുടർന്ന് ഇടവകയിലെ വിവിധ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധനയും നടത്താം.

ഈ ആരാധനയുടെ സമയവും, കാര്യപരിപാടികളും, കുമ്പസാര ഇടവേളകളും ചുമതലയുള്ളവർ തയ്യാറാക്കണം. ആരാധനയുടെ വിവിധ യാമങ്ങളിൽ ഗാനാലാപനം, നിശ്ശബ്ദത, ജ്ഞാനവായന (Lectio Divina), ധ്യാനാത്മക ജപമാലയർപ്പണം തുടങ്ങിയവ ഉൾച്ചേർക്കാവുന്നതാണ്. ഈ ഭക്താനുഷ്ഠാനങ്ങൾ ശനിയാഴ്ച വൈകിട്ട് ആഘോഷമായ ദിവ്യബലിയോടെ സമാപിപ്പിക്കാം.

ചെറുസമൂഹങ്ങളിൽ രാത്രിയാരാധനയ്ക്കു പകരം വെള്ളിയാഴ്ച സായാഹ്നത്തിൽ ഇങ്ങനെയുള്ള ഹ്രസ്വമായ പ്രാർത്ഥനാസമയം നീക്കിവയ്ക്കാവുന്നതാണ്: 1) പശ്ചാത്താപ ആരാധന, 2) ദിവ്യകാരുണ്യത്തിന്റെ പരസ്യാരാധന, 3) നിശ്ശബ്ദമായോ പ്രാർത്ഥനാ ഗ്രൂപ്പുകളുടെ നേതൃത്വത്തിലോ, എല്ലാവരേയും അനുരഞ്ജന കൂദാശയിലേക്കു ക്ഷണിക്കുംവിധമുള്ള ദിവ്യകാരുണ്യ ആരാധന.

കരുണയുടെ അസാധാരണ ജൂബിലി മുതൽ കൗദാശികമായി ശുശ്രൂഷ ചെയ്യുന്ന കരുണയുടെ മിഷനറിമാരുടെ സാന്നിധ്യം ഈ ആഘോഷപരിപാടിക്ക് ഏറെ സഹായകരമായിരിക്കും.

## 3.4 ദിവ്യകാരുണ്യ ആരാധന

### 3.4.1 കർത്താവിന്റെ സാന്നിധ്യത്തിലായിരിക്കൽ

ദിവ്യകാരുണ്യത്തിലെ യേശുവിന്റെ യഥാർത്ഥ സാന്നിധ്യത്തിലുള്ള വിശ്വാസം ആഴപ്പെട്ടപ്പോൾ, ദിവ്യകാരുണ്യ സാദൃശ്യങ്ങളിൽ സന്നിഹിതനായിരിക്കുന്ന കർത്താവിനെ നിശ്ശബ്ദമായി ആരാധിക്കുന്നതിന്റെ അർത്ഥം സഭയ്ക്കു ബോധ്യപ്പെട്ടു (cf. CCC 1379). ദിവ്യബലിക്കു പുറമേയുള്ള സമയങ്ങളിൽ ദിവ്യകാരുണ്യ സാദൃശ്യങ്ങളിൽ സത്യമായും സന്നിഹിതനായിരിക്കുന്ന യേശുവുമായി വ്യക്തിപരമായി കണ്ടുമുട്ടാൻ കൂടുതൽ ഇടവും സമയവും ദിവ്യകാരുണ്യ ആരാധനകളിലൂടെ ലഭ്യമാകുന്നു. "ഇതെന്റെ ഓർമയ്ക്കായി ചെയ്യുവിൻ" എന്ന കർത്താവിന്റെ

കൽപന ദിവ്യകാരുണ്യത്തിൽ പ്രകാശിതമാക്കുന്നുവെങ്കിൽ, അവിടുത്തെ ഓർമ്മ തുടരാൻ കർത്താവിന്റെ കൗദാശിക ശരീരം ആരാധിക്കുന്നത് തുടരേണ്ടതുണ്ട്. നമ്മുടെ ജീവിതത്തിന് പരിവർത്തനം വരുത്താനും അവയ്ക്ക് അർത്ഥം നൽകാനും സാധിക്കുന്നത് അവിടുത്തേക്ക് മാത്രമായതിനാൽ, അവിടുത്തെ സാന്നിധ്യത്തിലും, അവിടുത്തോടൊപ്പവും ആയിരിക്കാൻ വേണ്ടി, നാം സ്വീകരിക്കുന്ന ദിവ്യകാരുണ്യത്തെ ധ്യാനിക്കേണ്ടതുണ്ട്. ശരിക്കും, കർത്താവിന്റെ യഥാർത്ഥ ശരീരമായ കുർബാന ഈ ഭൗമിക തീർത്ഥാടനയാത്രയെ ശക്തിപ്പെടുത്തുകയും മൗതിക ശരീരമായ സഭയെ വിശുദ്ധീകരിക്കുകയും ചെയ്യുന്നു.

### 3.4.2 ധ്യാനാത്മക നിശ്ശബ്ദതയ്ക്ക് ഒരു ആമുഖം: പ്രാർത്ഥനയുടെ നിർദ്ദിഷ്ടരൂപം

ഈ പ്രാർത്ഥനാവർഷത്തിൽ, കർത്താവുമായി കണ്ടുമുട്ടുന്നതിനുള്ള അനിവാര്യഘടകമായ ദിവ്യകാരുണ്യ ആരാധനയെ പ്രോത്സാഹിപ്പിക്കാൻ എല്ലാ സമൂഹങ്ങളേയും ക്ഷണിക്കുന്നു. സഭയ്ക്ക് വിശുദ്ധിയുടെ ധാരാളം ഫലങ്ങൾ കൊണ്ടുവരാൻ കഴിയുന്ന ഈ ആചരണം വളർത്താൻ ഏറ്റവും ഉചിതമായ മാർഗ്ഗങ്ങളും സമയവും ഓരോ സമൂഹവും കണ്ടെത്തണം.

നമുക്കുവേണ്ടി കാത്തിരിക്കുന്ന കർത്താവിന്റെ സാന്നിധ്യം തിരിച്ചറിയാനും പ്രാർത്ഥനയിൽ വിശ്വാസികളെ വളർത്താനും സഹായകരമാകുന്ന പരമ്പരാഗതമായ ഒരു ആരാധനക്രമം ഞങ്ങൾ അവതരിപ്പിക്കുന്നു:

**പരിശുദ്ധ കുർബാനയുടെ എഴുന്നള്ളിപ്പ്:** അൾത്താരയിൽ കർത്താവ് എഴുന്നള്ളിപ്പിനായി കാത്തിരിക്കുമ്പോൾ നാം നിശ്ശബ്ദ ധ്യാനത്തിലായിരിക്കുന്നത് നന്നായിരിക്കും; പെട്ടന്നുതന്നെ നാം അവിടുത്തെ മുഖാഭിമുഖം കാണുമെന്ന അവബോധത്തോടെ, അവിടുത്തേക്ക് നമ്മോടു പറയാനുള്ളത് പ്രാർത്ഥനയിലൂടെ കേൾക്കാനും ആ പാദങ്ങളിൽ നമ്മുടെ അപേക്ഷകൾ സമർപ്പിക്കാനുമുള്ള തയ്യാറെടുപ്പോടെ ആയിരിക്കണം അത്. പ്രാർത്ഥനാന്തരീക്ഷം വളർത്താൻ, എഴുന്നള്ളിപ്പിനൊപ്പം ഗാനാലാപനവും ധൂപാർച്ചനയുമാകാം. ആശീർവദിച്ച അപ്പത്തിന്റെ സാദൃശ്യത്തിൽ കർത്താവിന്റെ ദിവ്യത്വം സന്നിഹിതമാകുന്ന ഈ നിമിഷത്തിന്റെ പ്രത്യേകത തിരിച്ചറിയാൻ ഇതെല്ലാം ഉപകരിക്കും.

**പാപമോചനത്തിനായുള്ള യാചന:** പരിശുദ്ധകുർബ്ബാന എഴുന്നള്ളിച്ചുവച്ചുകഴിഞ്ഞാൽ, നിങ്ങളുടെ ഹൃദയം കഴിയുന്ന ത്രവിധം ഒരുക്കി അൽപസമയം നിങ്ങളുടെ മോചനത്തിനായി പ്രാർത്ഥിക്കണം. കർത്താവിന് നമ്മുടെ മുറിവുകൾ, കുറവുകൾ, പാപങ്ങൾ അറിയാം: അവിടുത്തെ മുന്നിൽ ആർക്കും അഹങ്കരിക്കാനില്ല, ആ സാന്നിധ്യത്തിൽ എല്ലാം സമർപ്പിക്കാൻ മാത്രമാണ് ആവശ്യപ്പെടുന്നത്, അവിടുത്തെ മഹാകരുണയ്ക്ക് നമ്മെ പൂർണ്ണമായും ആശ്ലേഷിക്കാൻ കഴിയുമെന്ന നിശ്ചയത്തോടെ.

**പരിശുദ്ധാത്മാവിനെ ക്ഷണിക്കാം:** ദിവ്യകാരുണ്യാരാധനയ്ക്ക്, വി. പൗലോസ് അപ്പോസ്തലൻ പഠിപ്പിക്കുന്നതുപോലെ, "ദൈവം നമുക്കായി വർഷിക്കുന്ന ദാനങ്ങൾ മനസ്സിലാക്കാൻ ദൈവത്തിന്റെ ആത്മാവിനെ" നമുക്കു ക്ഷണിച്ചുവരുത്താം (1 കോറി 2:12). പരിശുദ്ധ കുർബാനയിലെ കർത്താവിന്റെ യഥാർത്ഥ സാന്നിധ്യം തിരിച്ചറിയാൻ, നമ്മിലെ പരിശുദ്ധാത്മാവിന്റെ സഹായത്താൽ മാത്രമേ കഴിയൂ. അതിനാൽ, കർത്താവിനെ കണ്ടുമുട്ടാൻ ഹൃദയമൊരുക്കുന്നതിന്, പരിശുദ്ധാത്മാവേ വരണമേയെന്ന്-കഴിയുമെങ്കിൽ പാട്ടായി-ക്ഷണിക്കുന്നതും, നമ്മുടെ മനസ്സിലെ വിശ്വാസദാനം തെളിയിക്കണമേയെന്ന് അപേക്ഷിക്കുന്നതും ഉചിതമാകും.

**നിശ്ശബ്ദാരാധന:** നിശ്ശബ്ദപ്രാർത്ഥനയ്ക്കായി സമർപ്പിക്കപ്പെട്ടിരിക്കുന്ന പ്രത്യേക സമയങ്ങളായിരിക്കണം ദിവ്യകാരുണ്യാരാധനയിലെ കേന്ദ്രനിമിഷങ്ങൾ. കർത്താവായ യേശുവുമായുള്ള പ്രത്യേക സംഭാഷണത്തിലൂടെ ദൈവഹൃദയം മനുഷ്യഹൃദയത്തോട് അങ്ങനെ സംസാരിക്കുന്നു. വി. ജോൺ ഹെൻട്രി ന്യൂമാൻ, ഹൃദയം ഹൃദയത്തോട് സംസാരിക്കുന്നു (cor ad cor loquitur) എന്നാണ് ഇതിനെ പഠിപ്പിച്ചത്. ഈ സമയത്ത്, നമുക്ക് കർത്താവിനു മുന്നിൽ പ്രത്യേക പ്രാർത്ഥനാ നിയോഗങ്ങൾ അർപ്പിക്കാം; അതിനാണ് ദിവ്യകാരുണ്യാരാധന സമർപ്പിക്കപ്പെട്ടിരിക്കുന്നത്. ഉദാഹരണത്തിന് പൗരോഹിത്യത്തിനും അഭിഷിക്ത ജീവിതത്തിനുമുള്ള ദൈവവിളിക്കായി, രോഗികൾക്കായി, കുടുംബങ്ങൾക്കായി ഒക്കെ.

ഈ നിശ്ശബ്ദ പ്രാർത്ഥനയ്ക്കിടയിൽ ചെറിയ സ്തുതിഗീതങ്ങളോ-ലിറ്റനി പോലും-വിശുദ്ധ ഗ്രന്ഥത്തിൽനിന്നോ, വിശുദ്ധരുടെ ഉപദേശങ്ങളിൽനിന്നോ ഉള്ള ചെറുവായനകളോ ഉൾപ്പെടുത്താവുന്നതാണ്. ദിവ്യകാരുണ്യനാഥനുമുന്നിൽ ജപമാല അർപ്പിക്കുന്നത് വളരെ പ്രയോജനപ്രദമായിരിക്കും; നമ്മുടെ രക്ഷയ്ക്കായി അവതരിച്ച ദൈവത്തെ വരവേൽക്കാനായി, ദൈവവചനം ആദ്യം

അംഗീകരിച്ച, പരിശുദ്ധ അമ്മ ദിവ്യകാരുണ്യനാഥനായ പുത്രനെ ആരാധിക്കുന്നതിന് നമ്മോടൊപ്പമുണ്ട് എന്ന അറിവോടെ.

**ദിവ്യകാരുണ്യാശീർവാദം:** ആഘോഷം വിശ്വാസികൾക്കുള്ള ദിവ്യകാരുണ്യാശീർവാദത്തോടെ സമാപിക്കുന്നു. ഈ ആശീർവാദം കൗദാശിക സ്വഭാവം നിലനിർത്തുന്നതാണെങ്കിലും മറ്റ് ആശീർവാദങ്ങളുമായി (വിശുദ്ധ ജലം, വിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ, പരിശുദ്ധ കന്യാമറിയത്തിന്റെ മധ്യസ്ഥത്തിലൂടെയുള്ളവ തുടങ്ങിയ) താരതമ്യം ചെയ്യുമ്പോൾ തനിമയുള്ളതാണ്. എന്തുകൊണ്ടെന്നാൽ, ഈ ആരാധനയിൽ കർത്താവ് അവിടുത്തെ ശരീരത്തോടുകൂടി സത്യമായും യഥാർത്ഥമായും സത്താപരമായും സന്നിഹിതനാണ്. ദിവ്യകാരുണ്യ ആശീർവാദത്തിലൂടെ അവിടുന്ന് പ്രത്യേകമാംവിധം നമ്മിലേക്ക് വരികയും അവിടെ സന്നിഹിതരായിരിക്കുന്ന ഓരോരുത്തരേയും തന്നിലേക്കടുപ്പിച്ച് ആശ്ലേഷിക്കുകയും ചെയ്യുന്നു. ആരാധനാക്രമത്തിന്റെ പരമോന്നത നിമിഷമായി ഇതിനെ പരിഗണിക്കാം. യേശുവിനു മുന്നിൽ നിശ്ശബ്ദമായി നടത്തിക്കൊണ്ടിരുന്ന ആ സംഭാഷണത്തിന് മകുടമണിയിക്കുന്ന അവിടുത്തെ ഊഷ്മളത, നമ്മുടെ ആത്മാവിലേക്ക് തിളങ്ങുന്ന സൂര്യനെപ്പോലെ അവിടുന്ന് സന്നിവേശിപ്പിക്കുന്ന നിമിഷം.

**സക്രാരിയിലേക്ക് തിരിച്ചുവയ്ക്കൽ:** ആശീർവാദം സ്വീകരിക്കുന്നതിലൂടെ, ദാനങ്ങളാൽ ധന്യരാക്കപ്പെട്ട നാം ദിവ്യകാരുണ്യനാഥനെ സക്രാരിയിൽ തിരികെ പ്രതിഷ്ഠിക്കുമ്പോൾ ആദരവോടെ എഴുന്നേറ്റുനിന്ന്, കഴിയുമെങ്കിൽ ഉചിതമായ ഗാനം ആലപിച്ചുകൊണ്ട് അവിടുത്തെ അഭിവന്ദനം ചെയ്യുന്നു. ദിവ്യകാരുണ്യ ഈശോ സക്രാരിയിൽ നമുക്കായി എപ്പോഴും കാത്തിരിക്കുന്നുവെന്ന് ഇതെല്ലാം ഓർമിപ്പിക്കുന്നു. അവിടുന്ന് നമ്മുടെ ദൈവാലയങ്ങളിൽ എപ്പോഴും സന്നിഹിതനാണ്. ആരും അവിടുത്തെ അരികിൽ പ്രാർത്ഥിക്കാൻ എത്തിയില്ലെങ്കിൽപോലും, അവിടുന്ന് അവിടെയുണ്ട്, തന്നെ സമീപിക്കുന്ന വിശ്വാസികളുടെ ഹൃദയങ്ങളോട് സംസാരിക്കാനുള്ള അത്യാശയോടെ. നമ്മുടെ ഏറ്റവും തിരക്കേറിയ, ചിലപ്പോൾ മനസ്സ് ചഞ്ചലപ്പെട്ട ദിവസങ്ങളിൽപ്പോലും ദിവ്യകാരുണ്യത്തെ സന്ദർശിച്ച് അവിടുത്തെ സ്തുതിക്കുവാൻ, കൃതജ്ഞത പറയാൻ, അല്ലെങ്കിൽ നമ്മുടെ ആവശ്യങ്ങളും ഭാരങ്ങളും ഭരമേൽപിക്കാൻ നാം മറക്കരുത്. "നാം ചോദിക്കും മുമ്പേ

നമ്മുടെ ആവശ്യങ്ങൾ അറിയുന്ന" (മത്താ 6:8) കർത്താവ്, തീർച്ചയായും നമ്മെ കേൾക്കുന്നതിൽ അമാന്തം വരുത്തുകയില്ല.

## 4. കുടുംബത്തിൽ പ്രാർത്ഥന

### 4.1 കുടുംബം പ്രാർത്ഥനയുടെ ഒരു പാഠശാല

കുടുംബത്തിൽ പ്രാർത്ഥനയുടെ പ്രാധാന്യം മജിസ്റ്റീരിയം പലതവണ ആവർത്തിച്ച് ഉറപ്പിക്കുകയും കുട്ടിക്കാലത്ത് ലഭിക്കുന്ന ആദ്യകാലപാഠങ്ങൾ, മുതിർന്നവരായാലും, എങ്ങനെയാണു അനുദിനജീവിതത്തിൽ നിർണ്ണായകമാകുന്നതെന്നു നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഒരു കുട്ടി തന്റെ ആദ്യ ചുവടുകൾ വയ്ക്കുകയും 'അമ്മ,' 'അപ്പ,' 'നന്ദി,' 'ദയവായി' എന്നിങ്ങനെയുള്ള ആദ്യവാക്കുകൾ ഉച്ചരിക്കുകയും ചെയ്യുന്ന കുടുംബങ്ങൾ പ്രാർത്ഥിക്കാനും കർത്താവിനോട് 'നന്ദി' പറയാനും പഠിപ്പിക്കുന്ന ഇടങ്ങൾ കൂടിയാണ്. കുട്ടി വളരുന്തോറും, തന്റെ മാതാപിതാക്കളുടെ മാതൃക പിന്തുടർന്ന് പ്രാർത്ഥനയിൽ സ്വയം സമർപ്പിക്കുകയും, ഏറ്റവും പ്രയാസകരമായ സമയങ്ങളിൽ പോലും അവന്റെ സഹായം ഉറപ്പാണെന്ന വിശ്വാസത്തോടെ കർത്താവിൽ ആശ്രയിക്കുകയും ചെയ്യുന്നു.

'കുടുംബപ്രാർത്ഥനയുടെ നിമിഷങ്ങളും ഭക്താനുഷ്ഠാനങ്ങളും മതബോധന ക്ലാസിനെക്കാളും സുവിശേഷവത്കരണത്തിന് കൂടുതൽ ഫലപ്രദമാണെന്ന്' സ്നേഹത്തിന്റെ ആനന്ദം (Ap. Ex. Amoris Laetitia, March 19, 2016, no. 288) എന്ന തന്റെ അപ്പസ്തോലിക ഉദ്ബോധനത്തിൽ, ഫ്രാൻസിസ് മാർപാപ്പ ഊന്നിപ്പറയുന്നു. കുടുംബങ്ങൾക്കായുള്ള സഭയുടെ അജപാലന പരിപാലനം അവരെ ഗാർഹികസഭകളും, സമൂഹത്തിൽ സുവിശേഷവത്കരിക്കുന്നതിനുള്ള പുളിമാവും ആകാൻ പ്രാപ്തരാക്കാൻ പ്രാർത്ഥനാനുഭവവും കുടുംബത്തിൽ ആവശ്യമാണ് (AL, no. 290).

വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ, 'കുടുംബം ഒരു പങ്കാളിത്തം' (Familiaris Consortio), എന്ന തന്റെ അപ്പസ്തോലിക ഉദ്ബോധനത്തിൽ, കുടുംബത്തിൽ ഒന്നിച്ചുള്ള പ്രാർത്ഥനയുടെ പ്രാധാന്യം തിരിച്ചറിയുന്നു, കാരണം "കുടുംബത്തിൽ ജനിക്കുന്ന മനുഷ്യൻ വിദ്യാഭ്യാസത്തിലൂടെ ക്രമേണ മനുഷ്യ സമൂഹത്തിലേക്ക് പ്രവേശിക്കപ്പെടുന്നു എന്നു മാത്രമല്ല, ജ്ഞാനസ്നാനം വഴി കത്തോലിക്കാവിശ്വാസത്തിലേക്കും ദൈവത്തിന്റെ കുടുംബമായ

സഭയിലേക്കും പ്രവേശിക്കുന്നു" (FC, no. 15).

## 4.2 കുടുംബപ്രാർത്ഥനയുടെ അനുകരണീയ നിമിഷങ്ങൾ

### 4.2.1 ഭക്ഷണത്തിന് മുമ്പും പിമ്പും

കുടുംബാംഗങ്ങൾ ദിവസത്തിൽ ഒരുനേരമെങ്കിലും ഒത്തുകൂടുന്ന പ്രധാന സ്ഥലങ്ങളിലൊന്ന് തീർച്ചയായും ഭക്ഷണമേശയാണ്. നമുക്കു ലഭിച്ചതിനെപ്രതി കർത്താവിനു നന്ദി പറയുന്നതിനും ആവശ്യത്തിലായിരിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനും ഉള്ള ഹ്രസ്വമെങ്കിലും അർത്ഥവത്തായ അവസരമായിരിക്കും അത്. കർത്തൃപ്രാർത്ഥനയിൽ നമ്മൾ ചോദിക്കുന്ന, അന്നന്നു വേണ്ട ആഹാരം എന്നത്, ഒരു അമൂർത്തമായ സങ്കൽപ്പമല്ല, മറിച്ച് മക്കളെന്ന നിലയിൽ സ്വർഗ്ഗസ്ഥനായ പിതാവിനോട് നാം നടത്തുന്ന വളരെ മൂർത്തമായ ഒരു അഭ്യർത്ഥനയാണെന്നു മനസ്സിലാക്കാൻ അങ്ങനെ കുട്ടികൾക്കു സാധിക്കും. നാം ഒരുമിച്ച് കഴിക്കുന്ന ഭക്ഷണം കർത്താവിൽ നിന്നു ലഭിക്കുന്ന ഒരു ദൈവാനുഗ്രഹമാണ്, അതു ജീവിതത്തിലുടനീളം നമ്മളെ പിന്തുടരുകയും ചെയ്യും. ഓരോ കുടുംബത്തിനും അവരവരുടെ കാഴ്ചപ്പാടനുസരിച്ച് സ്വീകരിക്കാൻ കഴിയുന്ന ചില നിർദ്ദേശങ്ങൾ ഇനി പറയുന്നു.

**ഭക്ഷണത്തിനു മുമ്പ്**

'സ്വർഗ്ഗസ്ഥനായ പിതാവേ, ഈ ആഹാരത്തിനു ഞങ്ങൾ നന്ദിപറയുന്നു, അങ്ങയുടെ ഇഷ്ടം ഞങ്ങളുടെ ദൈനംദിന പോഷണമാകട്ടെ. ആരുമില്ലാത്ത ദരിദ്രർക്കുവേണ്ടി ഞങ്ങൾ അങ്ങയോടു പ്രാർത്ഥിക്കുന്നു: തിരുവിഷ്ടപ്രകാരം അവർക്കു ജീവിക്കാൻ ആവശ്യമായതു നൽകേണമേ. ആമ്മേൻ.'

**ഭക്ഷണത്തിനു ശേഷം**

'എല്ലാ അനുഗ്രഹങ്ങൾക്കും, കർത്താവേ, ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു: അത് എപ്പോഴും നന്മയ്ക്കായി ഉപയോഗിക്കാൻ ഞങ്ങൾക്കു കഴിയട്ടെ. കർത്താവായ ക്രിസ്തുവിലൂടെ. ആമ്മേൻ.'

### 4.2.2 ദിവസത്തിന്റെ ആരംഭത്തിലും അവസാനത്തിലും

കുട്ടികൾ ഉറങ്ങാൻ പോകുന്ന സമയമാണ് കുടുംബപ്രാർത്ഥനയ്ക്ക് അനുയോജ്യമായ മറ്റൊരു അവസരം. രോഗികളായ ബന്ധുക്കൾക്കുവേണ്ടി, അല്ലെങ്കിൽ തങ്ങളുടെ കൊച്ചു കൂട്ടുകാരുമായി ഉച്ചകഴിഞ്ഞ് കളിക്കാൻ കിട്ടിയ അവസരത്തിനുവേണ്ടി,

ദിവസത്തിന്റെ അവസാനം കർത്താവിനോട് പ്രാർത്ഥിക്കുന്നത്, ആ ദിവസം കർത്താവിൽ നിന്നും ലഭിച്ച അനുഗ്രഹങ്ങൾ മനസ്സിലാക്കാൻ കുട്ടികളെ സഹായിക്കുന്നു. ഈ പ്രാർത്ഥന അവസാനിക്കുമ്പോൾ കൂടെപ്പിറപ്പുകൾക്കിടയിൽ സമാധാനം കൈമാറുന്നത് നന്നായിരിക്കും, പകൽ നടന്ന കാര്യങ്ങളെപ്രതി കോപിക്കാതിരിക്കാൻ അതു സഹായിക്കും, അങ്ങനെ ഫ്രാൻസിസ് മാർപാപ്പയുടെ നിർദ്ദേശം പിന്തുടരാം: സമാധാനം സാധ്യമാക്കാതെ ദിവസം അവസാനിപ്പിക്കരുത്.

"അടിസ്ഥാന ക്രൈസ്തവ പ്രാർത്ഥനകൾ" (നമസ്കാര പ്രാർത്ഥനകൾ) എന്നു വിളിക്കപ്പെടുന്നവയാണ് ഇത്തരത്തിലുള്ള പ്രാർത്ഥനകളിൽ ഏറ്റവും മികച്ച ഉദാഹരണങ്ങളിലൊന്ന്. അതായത്, സമീപനൂറ്റാണ്ടുകളിൽ ക്രൈസ്തവപാരമ്പര്യത്തിന്റെ ഭാഗമായി തീർന്നതും നമ്മിൽ പലർക്കും മുത്തശ്ശീമുത്തശ്ശന്മാരിൽ നിന്നോ ബന്ധുക്കളിൽ നിന്നോ സമ്മാനമായി ലഭിച്ചതുമായ പ്രാർത്ഥനകൾ.

### പ്രഭാത പ്രാർത്ഥന

ഇവയ്ക്കൊപ്പം, മറ്റു പ്രാർത്ഥനകളായ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നന്മ നിറഞ്ഞ മറിയമേ, ത്രിത്വ സ്തുതി, കർത്താവിന്റെ മാലാഖ, മരിച്ച വിശ്വാസികളുടെ അല്ലെങ്കിൽ ജപമാലയുടെ ഒന്നോ രണ്ടോ രഹസ്യം കരുണയുടെ ജപമാല അല്ലെങ്കിൽ ഇവയെല്ലാം കൂടെ ചൊല്ലുക-സ്വയംപ്രേരിതപ്രാർത്ഥനയിലൂടെ, ഹൃദയത്തിൽ നിന്നു വരുന്ന പ്രാർത്ഥനവഴി, കർത്താവുമായി ഒരു ബന്ധത്തിലെത്താൻ കുട്ടികളെ പ്രേരിപ്പിക്കാൻ നിങ്ങൾക്കു കഴിയും. ഈ വിധത്തിൽ, കുട്ടികൾ യേശുവിനോട് സംവാദം നടത്താനും കർത്താവിന്റെ യഥാർത്ഥ സ്നേഹിതരാകാനും അവരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും ആശങ്കകളും അവനിൽ ഭരമേൽപ്പിക്കാനും പഠിക്കുന്നു.

### 4.2.3 ഞായറാഴ്ചത്തെ പ്രഭാതപ്രാർത്ഥന

ചെറിയ ഒരു സുവിശേഷഭാഗത്തിന്റെ വായനയോടും, തുടർന്ന് രക്ഷകർത്താവ് നൽകുന്ന വിശദീകരണത്തോടും കൂടെ നടത്തപ്പെടുന്ന ഞായറാഴ്ച പ്രാർത്ഥന, ഒരുമിച്ചു പ്രാർത്ഥിക്കാൻ മാത്രമല്ല, ദൈവവചനത്തിന്റെ വെളിച്ചത്തിൽ ആഴ്ചയിലെ സംഭവങ്ങൾ പരസ്പരം പങ്കുവയ്ക്കാനും കൂടിയുള്ള അവസരം ആണ്.

"കുടുംബം ഒരു പങ്കാളിത്തം" (Familiaris Consortio) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ പറയുന്നു: 'ദൈവവചനത്തെ സ്വീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ട് ക്രിസ്ത്യൻ കുടുംബം അതിന്റെ പ്രവാചകദൗത്യം നിറവേറ്റുന്നു: അങ്ങനെ അത് അനുദിനം കൂടുതൽ കൂടുതൽ വിശ്വസിക്കുന്നതും സുവിശേഷം പ്രഘോഷിക്കുന്നതുമായ ഒരു സമൂഹമായി മാറുന്നു' (FC, no. 51).

പ്രഭാത പ്രാർത്ഥനയ്ക്ക്, പ്രതിവചനം വായിക്കുന്നത് ആരാണെന്നും സങ്കീർത്തനം വായിക്കുന്നത് ആരാണെന്നും തിരുവചനഭാഗം വായിക്കുന്നത് ആരാണെന്നും മറ്റും നിശ്ചയിച്ചു കൊടുക്കുന്നത് എല്ലാവർക്കും, ഏറ്റവും ഇളയ വ്യക്തിക്കുപോലും ഉള്ള പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനു സഹായകരമായിരിക്കും.

വായിച്ചുകേട്ട കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുന്നതിന് രക്ഷകർത്താക്കൾ അൽപ്പസമയം കണ്ടെത്തണം. ഇങ്ങനെ ചെയ്യുന്നതിലൂടെ, സുവിശേഷവും ദൈവവചനവും യഥാർത്ഥ ജീവിതത്തിലെ വാക്കുകളാണെന്നും ജീവിതത്തിലെ എല്ലാ പ്രവർത്തനങ്ങളിലും വെളിച്ചവും വഴികാട്ടിയുമാകാൻ കഴിയുമെന്നും കാണിച്ചു കൊടുത്തുകൊണ്ട്, കുടുംബത്തിലെയും സ്കൂളിലെയും ദൈനംദിന ജീവിതവുമായി ചില ബന്ധങ്ങൾ ഉണ്ടാക്കാൻ കഴിയും.

കുടുംബത്തിലെ ഒരു അംഗം ഒരു സംഗീതോപകരണം വായിക്കുകയാണെങ്കിൽ, പ്രഭാതപ്രാർത്ഥനയ്ക്ക് പാട്ടുകളുടെയും അനുയോജ്യമായ മധുര ഗാനങ്ങളുടെയും അകമ്പടി നൽകാൻ കഴിയും; സങ്കീർത്തനങ്ങൾ, കീർത്തനങ്ങൾ, സ്തോത്ര ഗാനങ്ങൾ എന്നിവ രചിക്കപ്പെട്ടതിന്റെ യഥാർത്ഥ ചൈതന്യം അനുഭവിക്കുന്നതിനുള്ള മനോഹരമായ മാർഗ്ഗമായിരിക്കും അത്.

അവസാനമായി, ആ ദിവസത്തെ വിശുദ്ധന്റെ ജീവിതം ചുരുക്കത്തിൽ വായിക്കുകയും അവൻ അല്ലെങ്കിൽ അവൾ 'എന്തുകൊണ്ട്' വിശുദ്ധരായി എന്നു വിശദീകരിക്കുകയും അവന് അല്ലെങ്കിൽ അവൾക്ക് സമർപ്പിച്ചിരിക്കുന്ന ദിവസത്തിൽ അവന്റെ അല്ലെങ്കിൽ അവളുടെ മാധ്യസ്ഥവും സംരക്ഷണവും നമുക്ക് ആവശ്യപ്പെടാമെന്നു പറഞ്ഞുകൊടുക്കുകയും ചെയ്യുന്നത് വളരെ ഉന്മേഷദായകമായ ഒരു സമ്പ്രദായമാണ്, പ്രത്യേകിച്ച് ചെറിയ കുട്ടികൾക്ക്.

(തുടരും.....)



# ലെയോ പതിനാലാമൻ മാർപാപ്പായുടെ ആദ്യ പ്രഭാഷണം

## സമാധാനം നിങ്ങളോടുകൂടെ.

പ്രിയ സഹോദരങ്ങളെ,

ഇതാണ് ഉത്ഥിതനായ ക്രിസ്തുവിന്റെ, ദൈവത്തിന്റെ അജഗണത്തിനായി തന്റെ ജീവൻ നൽകിയ നല്ലിടയന്റെ, ആദ്യ അഭിവാദനം. സമാധാനമാശംസിച്ചുകൊണ്ടുള്ള ഈയൊരു അഭിവാദനം നിങ്ങളുടെ ഹൃദയത്തിൽ പ്രവേശിക്കണമെന്ന്, നിങ്ങളുടെ കുടുംബങ്ങളിലും, എല്ലായിടങ്ങളിലുമുള്ള എല്ലാ വ്യക്തികളിലേക്കും , എല്ലാ ജനതകളിലേക്കും, ഭൂമി മുഴുവനിലേക്കും എത്തണമെന്ന് ഞാനും ആഗ്രഹിക്കുന്നു. സമാധാനം നിങ്ങളോടുകൂടെ!

ഇതാണ് ഉത്ഥിതനായ ക്രിസ്തുവിന്റെ സമാധാനം, അക്രമരഹിതവും നിരായുധീകരിക്കുന്നതും, എളിമയുള്ളതും, സ്ഥിരോത്സാഹമുള്ളതുമാണത്. ഇത്, നമ്മെ വ്യവസ്ഥകളില്ലാതെ സ്നേഹിക്കു

ന്ന ദൈവത്തിൽനിന്നാണ് വരുന്നത്. റോം നഗരത്തെ അനുഗ്രഹിച്ചിരുന്ന ഫ്രാൻസിസ് പാപ്പായുടെ ദുർബലവും എന്നാൽ എപ്പോഴും ധൈര്യപൂർവ്വമുള്ളതുമായ ആ ശബ്ദം നമ്മുടെ കാതുകളിൽ ഇപ്പോഴുമുണ്ട്.

ആ ഈസ്റ്റർ ദിനത്തിലെ പ്രഭാതത്തിൽ റോമിനെ അനുഗ്രഹിച്ച പാപ്പാ, മുഴുവൻ ലോകത്തിനും അനുഗ്രഹമേകുകയായിരുന്നു. അതെ ആശീർവാദം തുർന്നും നൽകാൻ എന്നെയും അനുവദിച്ചാലും. ദൈവം നിങ്ങളെല്ലാവരുടെയും നന്മ ആഗ്രഹിക്കുന്നു, ദൈവം നിങ്ങളെയെല്ലാം സ്നേഹിക്കുന്നു, തിന്മ ഒരിക്കലും വിജയിക്കില്ല! നാമെല്ലാവരും ദൈവത്തിന്റെ കരങ്ങളിലാണ്. അതുകൊണ്ടുതന്നെ, ഭയലേശമന്യേ, ദൈവത്തോടും പരസ്പരവും കൈകോർത്ത് നമുക്ക് മുന്നോട്ടുപോകാം. നമ്മൾ ക്രിസ്തുവിന്റെ ശിഷ്യരാണ്. ക്രിസ്തു നമുക്ക് മുൻപേ നടക്കുന്നുണ്ട്. ലോകത്തിന് ക്രിസ്തുവിന്റെ വെളിച്ചം ആവശ്യമാണ്. ദൈവവും അവന്റെ സ്നേഹവും എത്തിച്ചേരേണ്ട ഒരു പാലം പോലെ, മാനവികതയ്ക്ക് ക്രിസ്തുവിനെ ആവശ്യമുണ്ട്. നിങ്ങൾ ഞങ്ങളെയും നിങ്ങൾ പരസ്പരവും, സംവാദങ്ങളിലൂടെയും, കൂടിക്കാഴ്ചകളിലൂടെയും, സമാധാനത്തിൽ ജീവിക്കുന്ന ഏകജനമായിരിക്കാനായി ഏവരും ഒന്നുചേർന്ന്, പാലങ്ങൾ പണിയാൻ സഹായിക്കുക. ഫ്രാൻസിസ് പാപ്പാ അങ്ങേക്ക് നന്ദി!

പത്രോസിന്റെ പിൻഗാമിയായി, നിങ്ങളോടൊപ്പം ഒരുമയുള്ള ഒരു സഭയായി എല്ലായ്പ്പോഴും സമാധാനവും, നീതിയും തേടിക്കൊണ്ടും, യേശുക്രിസ്തുവിന്റെ, സുവിശേഷം പ്രഘോഷിക്കാനും മിഷനറിമാരാകാനും ഭയമില്ലാത്ത വിശ്വസ്ത സ്ത്രീകളും പുരുഷൻമാരുമെന്ന നിലയിൽ ഒരുമിച്ച് പ്രവർത്തിച്ചുകൊണ്ടും, നിങ്ങളോടൊപ്പം ഒരുമിച്ച് നടക്കാൻ എന്നെ തിരഞ്ഞെടുത്ത എല്ലാ സഹോദര കർദ്ദിനാൾമാർക്കും നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

'ഞാൻ നിങ്ങൾക്കൊപ്പം ക്രിസ്ത്യാനിയും, നിങ്ങൾക്കായി മെത്രാനുമാണ്' എന്നുപറഞ്ഞ വിശുദ്ധ അഗസ്റ്റിന്റെ ഒരു ആത്മീയപുത്രൻ, ഒരു അഗസ്തീനിയൻ സഭാംഗമാണ് ഞാൻ. ഈയൊരു

ശൈലിയിൽ, ദൈവം നമുക്കായി തയ്യാറാക്കിയിരിക്കുന്ന ആ രാജ്യത്തിലേക്ക് നമുക്കൊരുമിച്ച് നടക്കാം.

റോമിലെ സഭയ്ക്ക് എന്റെ പ്രത്യേക അഭിവാദ്യങ്ങൾ! ഒരു മിഷനറിയായ സഭയാകാൻ, പാലങ്ങളും, സംവാദങ്ങളും ഒരുക്കുന്ന ഒരു സഭയാകാൻ, ഈ ചത്വരം പോലെ തുറന്ന കരങ്ങളോടെ മറ്റുള്ളവരെ സ്വീകരിക്കാൻ നമുക്കൊരുമിച്ച് ശ്രമിക്കാം. നമ്മുടെ കാരുണ്യവും, നമ്മുടെ സാന്നിദ്ധ്യവും, സംഭാഷണവും സ്നേഹവും ആവശ്യമുള്ള ഏവരെയും സ്വീകരിക്കാം.


ദയവായി ഒരു വാക്ക് പറയാൻ, ഒരു അഭിവാദ്യം ഏവർക്കും , പ്രത്യേകിച്ച് പെറുവിലെ എന്റെ പ്രിയപ്പെട്ട ചിക്ലായോ രൂപതയ്ക്ക് നൽകാൻ എന്നെ അനുവദിക്കുക. അവിടെ വിശ്വസ്തരായ ഒരു ജനം അവരുടെ മെത്രാനെ, തങ്ങളുടെ വിശ്വാസം പങ്കുവച്ചും, യേശു ക്രിസ്തുവിന്റെ വിശ്വസ്തസഭയായി തുടരുന്നതിന് വേണ്ടി , ഒരുപാട് കാര്യങ്ങളിൽ സഹായിച്ചും, അനുഗമിച്ചിരുന്നു.

റോമിലെയും, ഇറ്റലിയിലെയും, ലോകം മുഴുവനിലെയും സഹോദരീസഹോദരന്മാരെ, നമുക്ക് ഒരു സിനഡൽ സഭയായി, സഞ്ചരിക്കുന്ന ഒരു സഭയായി, എപ്പോഴും സമാധാനം തേടുന്ന ഒരു സഭയായി, എപ്പോഴും കാരുണ്യം തേടുന്ന ഒരു സഭയായി, എപ്പോഴും മറ്റുള്ളവർക്ക്, പ്രത്യേകിച്ച് സഹനങ്ങളിലൂടെ കടന്നുപോകുന്നവർക്ക് സമീപസ്ഥയായ ഒരു സഭയായി മാറാൻ ശ്രമിക്കാം.

ഇന്ന് പോംപൈ മാതാവിനോടുള്ള പ്രാർത്ഥനയുടെ ദിനമാണ്. നമ്മുടെ അമ്മയായ മറിയം എപ്പോഴും നമ്മോടൊപ്പം സഞ്ചരിക്കാൻ ആഗ്രഹിക്കുന്നു, നമ്മോടൊത്തായിരിക്കാൻ ആഗ്രഹിക്കുന്നു, തന്റെ മദ്ധ്യസ്ഥ്യം കൊണ്ടും, സ്നേഹം കൊണ്ടും നമ്മെ സഹായിക്കാൻ ആഗ്രഹിക്കുന്നു.

അതുകൊണ്ടുതന്നെ, നിങ്ങൾക്കൊപ്പം പ്രാർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നമുക്ക് പുതിയ ഈ നിയോഗത്തിനായും, സഭ മുഴുവനുവേണ്ടിയും, ലോകത്ത് സമാധാനത്തിനുവേണ്ടിയും പ്രാർത്ഥിക്കുകയും, ഈ പ്രത്യേക കൃപയ്ക്കായി നമ്മുടെ അമ്മയായ മറിയത്തോട് അപേക്ഷിക്കുകയും ചെയ്യാം.

## വിശ്വാസവഴിയിലെ സംശയങ്ങൾ



# വിശുദ്ധ ബൈബിൾ

## എഴുതപ്പെടാനുള്ള കാരണമെന്ത്?

ബൈബിൾ ദൈവനിവേശിത ഗ്രന്ഥമാണ്. അതിനാൽ ഇതിന്റെ പിന്നിലെ പ്രേരകശക്തിയും സ്രോതസും കർത്താവായ ദൈവമാണ് എന്ന കാര്യം ആദ്യമെ മനസ്സിലാക്കണം. ബൈബിളിലെ ദൈവിക വെളിപാടിന്റെ പുതുമ എന്നുപറയുന്നത് ദൈവം അറിയപ്പെടുന്നത് അവിടുന്ന് മനുഷ്യനുമായി നടത്തുന്ന സംവാദത്തിലൂടെയാണ് (Dialogue). തന്റെ സ്നേഹത്തിന്റെ പൂർണ്ണതയിൽ ദൈവം മനുഷ്യരോട് തന്റെ സ്നേഹിതരെപ്പോലെ സംസാരിക്കുന്നു. അവരുടെ മധ്യേ ജീവിച്ചുകൊണ്ട് തന്റെ കൂട്ടായ്മയിലേക്ക് ക്ഷണിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു.

സൃഷ്ടിയിൽ ദൈവത്തിന്റെ വെളിപ്പെടുത്തലും സംവാദവും ആരംഭിക്കുന്നു, അതിന്റെ പൂർണ്ണത കാണുക ക്രിസ്തു സംഭവത്തിലാണ്. പരിശുദ്ധാത്മാവ് ഇതു തുടർന്നുകൊണ്ടുപോകുന്നു. ഇത് എല്ലാവരേയും അറിയിക്കുന്നതിനും ഏവരേയും ജീവനിലേയ്ക്ക് ക്ഷണിക്കുന്നതിനുമായി ഈ ദൈവിക ഇടപെടലുകൾ ലിഖിതരൂപത്തിലാക്കുവാൻ ദൈവം തിരുമനസ്സായി. ബൈബിൾ ഒരുതരത്തിൽ മാംസധാരണമാണെന്ന് പറയാം - ദൈവത്തിന്റെ വചനം മനുഷ്യന്റെ വാക്കുകളിലൂടെ നമ്മിൽ എത്തിച്ചേരുന്നു. ദൈവീകപ്രേരണയനുസരിച്ച്, ദൈവം തെരഞ്ഞെടുത്ത മനുഷ്യർ അവരുടെ കഴിവും ചിന്തയും ഉപയോഗിച്ച് സമകാലികർക്ക് മനസ്സിലാകുന്ന രീതിയിൽ ഗ്രന്ഥങ്ങൾ രചിച്ചു. വി.

ഗ്രന്ഥത്തിൽ മനുഷ്യനായ ഗ്രന്ഥകാരനിലൂടെ ദൈവം സ്വയം വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. സൃഷ്ടിയിൽ സജീവമായ ദൈവത്തിന്റെ വചനം മനുഷ്യന്റെ ഭാഷയിൽ രൂപമെടുത്തതാണ് ബൈബിൾ. ആ വചനം ഇന്നും വിവിധ രീതികളിൽ കർമ്മനിരതവുമാണ്. യഥാർത്ഥത്തിൽ ബൈബിൾ - ദൈവമനുഷ്യ ബന്ധത്തിന്റെ വിവരണമാണ്.

**20) ഈശോ ഒറ്റയ്ക്കിരുന്ന് പ്രാർത്ഥിച്ച പ്രാർത്ഥനകൾ എങ്ങനെ വി. ബൈബിളിൽ വന്നു?**

ശ്രദ്ധയോടെ വിശകലനം ചെയ്യേണ്ട ഒരു ചോദ്യമാണ് ഇത്. ഇവിടെയും ഓർത്തിരിക്കേണ്ട പ്രധാന കാര്യം ബൈബിളിന്റെ ദൈവനിവേശിത സ്വഭാവമാണ്. സുവിശേഷകർക്ക് രചനയ്ക്കുള്ള കാര്യങ്ങൾ ലഭിച്ചത് അവരുടെ സമൂഹത്തിൽനിന്നും അപ്പസ്തോലന്മാരടങ്ങുന്ന ആദിമ പ്രഘോഷകരിൽ നിന്നുമാണ്. ഈ പ്രഭാഷകരിൽ ചിലർ ഈശോയുടെ സഹചാരികളായിരുന്നു. അപ്പസ്തോലന്മാരുടെ പ്രത്യക്ഷസാക്ഷ്യവുമായി സുവിശേഷത്തിലെ വിവരണങ്ങൾക്ക് ഗാഢബന്ധമുണ്ടായിരുന്നു എന്ന് പൊതുവെ അംഗീകരിക്കപ്പെട്ട വസ്തുതയുമാണ്. അതിനാൽ ഈശോയുടെ സ്വകാര്യ പ്രാർത്ഥനകളും അപ്പസ്തോലിക പ്രഘോഷണത്തിന്റെയും ദൈവനിവേശിത സ്വഭാവത്തിന്റെയും അടിസ്ഥാനത്തിൽ മനസ്സിലാക്കുകയാണ് ഉചിതം. ഈശോയുടെ സ്വകാര്യ പ്രാർത്ഥനകളുടെ ശബ്ദരേഖയിൽ നിന്നോ അപ്പസ്തോലന്മാരുടെ കുറിപ്പുകളിൽ നിന്നോ അല്ല രേഖപ്പെടുത്തിയിരിക്കുന്നത്.

സുവിശേഷകന്മാർ ഈശോയുടെ വാക്കുകളും പ്രവർത്തികളും രേഖപ്പെടുത്തിയത് വേറൊരു ക്രമത്തിലാണെങ്കിലും, അക്ഷരാർത്ഥത്തിലല്ലെങ്കിലും അതൊന്നും അവയുടെ സത്യത്തെ ബാധിക്കുന്നില്ല. കാരണം ഈശോയുടെ വാക്കുകളും ജീവിതവും രേഖപ്പെടുത്തിയിട്ടുള്ളത് അവ അതേപടി ഓർത്തിരിക്കാൻ വേണ്ടി മാത്രമായിരുന്നില്ല. പിന്നെയോ, സഭയുടെ വിശ്വാസത്തിന്റേയും ധാർമ്മിക ജീവിതത്തിന്റേയും അടിസ്ഥാനമായിരിക്കാൻ വേണ്ടിയത്രെ അവ പ്രഘോഷിക്കപ്പെട്ടത്. ചുരുക്കത്തിൽ ഈശോയുടെ പരസ്യശുശ്രൂഷയിൽ നിന്ന് രൂപപ്പെടുന്ന വചനപ്രഘോഷണത്തിന്റെ ലക്ഷ്യം ജീവചരിത്ര രചനയോ പദാനുപദമായ

ആലേഖനമോ ആയിരുന്നില്ല. മറിച്ച് പരിശുദ്ധാത്മാവിനാൽ പ്രേരിതമായി ശ്രോതാക്കളുടെ ജീവിതസാഹചര്യങ്ങൾക്കിണങ്ങും വിധം അവതരിക്കപ്പെടുകയും എഴുതപ്പെടുകയും ചെയ്ത വിവരണങ്ങളാണവ. ഈശോയുടെ സ്വകാര്യ പ്രാർത്ഥനകൾ പരിശുദ്ധാത്മാവ് പ്രചോദിപ്പിച്ചതും ദൈവം നമുക്ക് നൽകിയിട്ടുള്ളതുമാണ്. ലിഖിത രൂപങ്ങൾക്കപ്പുറം പോയി അവയെ പുനരാവിഷ്കരിക്കുക സാധ്യമല്ല. ദൈവത്തിന്റെ പരിപാലനയിൽ ഈശോയുടെ വാക്കുകളുടെയും ചെയ്തികളുടെയും പദാനുപദ വിവരണത്തിനു പകരം പരിശുദ്ധാത്മാവ് പരിണാമവിധേയമായ പാരമ്പര്യങ്ങളുടെ സത്തെടുത്ത് വി. ഗ്രന്ഥത്തിൽ നല്കിയിരിക്കുകയാണ്. മാത്രമല്ല ഈശോ ഒറ്റയ്ക്കിരുന്ന് പ്രാർത്ഥിച്ചു എന്ന് വി. ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്ന കാര്യം ഒരു സംക്ഷിപ്ത വിവരണ രൂപമാണ് (Summary Statement). യേശു ഒറ്റയ്ക്കിരുന്നു പ്രാർത്ഥിച്ചു; അതിപ്രകാരമായിരുന്നു എന്ന് ഒരിടത്തും പറഞ്ഞിട്ടില്ല.

**21) പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ ദൈവനിവേശിതമാണെന്ന് എങ്ങനെ തെളിയിക്കാം?**

ദൈവനിവേശിതമാണ് വി. ഗ്രന്ഥം എന്നുപറയുമ്പോൾ സഭ അർത്ഥമാക്കുന്നത് താഴെപറയുന്ന കാര്യങ്ങളാണ്. ഒന്നാമതായി അത് ദൈവീകമായ പ്രാരംഭം ഉള്ളതാണ് (Divine origin). ദൈവനിവേശിതം എന്ന വാക്ക് പുതിയ നിയമത്തിൽ തിമോത്തിക്കുള്ള ലേഖനത്തിൽ ഉപയോഗിച്ചിട്ടുണ്ട് (2 തിമോത്തി 3:16). ഈ പദത്തിന്റെ ഗ്രീക്ക് 'തെയോപ്നെവൂസ്തോസ്' (theopneustos) എന്നാണ്. രണ്ടുപദങ്ങൾ കൂടിചേർന്ന ഈ പദം അർത്ഥമാക്കുന്നത് ദൈവം ശ്വസിച്ചു/ദൈവം നിശ്വസിച്ചത് എന്നാണ്. അതിനാൽ 'ദൈവനിവേശിതം' എന്നുപറയുന്നതാണ് ശരി. പഴയനിയമവും പുതിയനിയമവും എല്ലാം 'വിശുദ്ധ ലിഖിതം' എന്നാണ് (scriputre) പറയുക. വിശുദ്ധ പൗലോസ് എഴുതിയത് വി. ഗ്രന്ഥത്തിന്റെ ഭാഗമാണ് എന്ന് പത്രോസിന്റെ ലേഖന കർത്താവ് തന്നെ സാക്ഷ്യം നല്കുന്നുവെന്നതും, തങ്ങൾ പറയുന്നതും വ്യാഖ്യാനിക്കുന്നതും ആത്മാവിന്റെ പ്രചോദനമനുസരിച്ചാണ് എന്നതും ഈ ദൈവീകപ്രാരംഭത്തിന്റെ (1 കൊറി 2:10-13) അടയാളമായി കാണാം. രണ്ടാമതായി ദൈവനിവേശിതം എന്നതിന്

തെളിവ് ദൈവം വെളിപ്പെടുത്തിക്കൊടുക്കുന്നത് പ്രവാചക സ്വഭാവമുള്ളവർക്കാണ് എന്നതാണ്.

ഹെബ്രായലേഖനം പറയുന്നു: ''പിതാക്കന്മാർക്കും പ്രവാചകന്മാർക്കും ദൈവം വെളിപ്പെടുത്തിക്കൊടുത്തു''വെന്ന്. പത്രോസിന്റെ ലേഖനം ഇതിനെ വ്യാഖ്യാനരൂപത്തിൽ പറയുന്നത് പ്രവചനം ദൈവത്തിന്റെ പദ്ധതിയാണ്; അതിലൂടെ തന്റെ മനസ്സ് വെളിപ്പെടുത്തുന്നു. ആത്മപ്രേരിതരായി അവർ സംസാരിക്കുന്നു'' (2 പത്രോ. 1:21). ഇവിടെ അവരുടെ സ്വന്തം അനുഭവങ്ങളും അറിവുകളും സാക്ഷ്യവും എല്ലാം ആത്മാവിന്റെ പ്രചോദനമനുസരിച്ച് അവർ വ്യക്തമാക്കി. അപ്രകാരമെല്ലാം ദൈവനിവേശനത്തെക്കുറിച്ച് സഭ പഠിപ്പിക്കുന്ന കാര്യങ്ങൾ വി. പൗലോസിന്റെ ലേഖനങ്ങളിൽ വാസ്തവമാണ്. അതിനാൽതന്നെ ആദിമസഭ മുതൽ പൗലോസിന്റെ ലേഖനങ്ങൾ ദൈവനിവേശിതമാണെന്ന് കരുതിപ്പോരുകയും സഭയുടെ കാനനിൽ പെടുത്തുകയും ചെയ്തു.

ഇതിനെക്കുറിച്ചുള്ള ചില വിവരങ്ങൾ ചുവടെ ചേർക്കുന്നു: പുതിയ നിയമത്തിലെ 13 കൃതികളിൽ പൗലോസിന്റെ പേര് അദ്ദേഹം രചിച്ചു എന്നു പരമ്പരാഗതമായി വിശ്വസിക്കുന്ന കൃതികളിൽതന്നെ ചേർത്തിട്ടുണ്ട്. അതിൽ 7 എണ്ണം പൗലോസിന്റെ ആധികാരിക ലേഖനങ്ങളായി പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. 1 തെസലോനിക്ക, റോമാ, 1-2 കൊറിന്ത്യർ, ഗലാത്തിയർ, ഫിലിപ്പ്യർ, ഫിലമോൻ എന്നീ ലേഖനങ്ങളാണവ. എഫേസോസ്, കൊളോസോസ്, 2 തെസലോനിക്ക, 1,2 തിമോത്തി, തീത്തോസ് എന്നിവയുടെ രചയിതാവ് പൗലോസ് ശ്ലീഹാ ആണോ എന്നകാര്യത്തിൽ പണ്ഡിതർക്കിടയിൽ ഏകാഭിപ്രായമില്ല. ദൈവനിവേശിതം കൊണ്ട് അർത്ഥമാക്കുന്നത് പൗലോസിന്റെ പേരിൽ അറിയപ്പെടുന്ന ലേഖനങ്ങൾ അദ്ദേഹം തന്നെ എഴുതിയതായിരിക്കണം എന്നല്ല. പഞ്ചഗ്രന്ഥിയുടെ കർത്താവ് മോശയാണ്. സങ്കീർത്തനങ്ങൾ എല്ലാം ദാവീദിന്റേതാണ് എന്നുപറയുന്നതുപോലെയാണിവിടെയും. പൗലോസ് ശ്ലീഹായുടെ കാലത്തിനുശേഷം അദ്ദേഹത്തിന്റെ പ്രബോധനം ശിഷ്യന്മാർ ഏറ്റെടുത്ത് പ്രചരിപ്പിച്ചപ്പോൾ അവർക്ക് പുതിയ സാഹചര്യങ്ങളെ നേരിടേണ്ടിവന്നു. പൗലോസിന്റെ പ്രബോധന പൈതൃകം തങ്ങൾക്ക് അവകാശപ്പെട്ടതാ

ണെന്ന അവബോധം അദ്ദേഹത്തിന്റെ ശിഷ്യന്മാർക്കുണ്ടായിരുന്നു. അതുകൊണ്ട് പുതുതായി രൂപംകൊണ്ട അജപാലന/പ്രബോധന സാഹചര്യത്തിനനുസൃതമായി ദൈവം അവർക്ക് നൽകിയ പ്രചോദനത്തിനനുസൃതമായി തങ്ങളുടെ സമൂഹങ്ങൾക്കായി അവർ ലേഖനങ്ങൾ എഴുതി.

അന്നത്തെ സാഹചര്യങ്ങളിൽ എല്ലാവരും ആദരിക്കുന്ന ഒരു പേര് ദത്തെടുക്കുക സാധാരണമായിരുന്നു, ആദിമ നൂറ്റാണ്ടുകളിലെ സാഹിത്യരചനാപരമായ മാമൂലായിരുന്നു അത്. ഇതിൻപ്രകാരമായിരുന്നു പൗലോസ് ശ്ലീഹായുടെ പേരിൽ ലേഖനങ്ങൾ എഴുതപ്പെട്ടിരുന്നത്; അദ്ദേഹം ഈ ക്രൈസ്തവ സമൂഹങ്ങളിലെല്ലാം ആദരിക്കപ്പെട്ട വ്യക്തിയായിരുന്നു. ദൈവനിവേശിത സ്വഭാവത്തെ ഗ്രന്ഥങ്ങളുടെ കാനോനിക സ്വഭാവം കൂടിചേർത്തു വായിക്കേണ്ടതായിട്ടുണ്ട്. ഈ ലേഖനങ്ങളെ കാനോനിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചപ്പോൾ ക്രൈസ്തവസമൂഹം അവയാലും അവയുടെ അധികാരത്താലും ജീവിച്ചുകൊള്ളാമെന്ന് സ്വയം പ്രതിജ്ഞാബദ്ധരാവുകയാണ് ചെയ്തത്. ഗ്രന്ഥകർത്തൃത്വം എന്ന സംശയാസ്പദമായ മാനദണ്ഡം വച്ച് കാനോനികഗ്രന്ഥങ്ങളെയും അവയുടെ പ്രാധാന്യത്തേയും പുറംതള്ളുന്നത് മൗതീകവാദപരമായ സമീപനമാണ്. ക്രൈസ്തവ ജീവിതത്തെ സംബന്ധിച്ചിടത്തോളം വേദപുസ്തകത്തോടുള്ള സഭയുടെ പ്രതിബദ്ധത ആദിമസഭയിലെ ഏതു ഗ്രന്ഥകാരൻ ഏതു പുസ്തകം രചിച്ചു എന്നതിനേക്കാൾ വളരെ പ്രധാനവുമാണെന്ന് ഇവിടെ പ്രത്യേകം ഓർത്തിരിക്കേണ്ട കാര്യമാണ്.

*സമ്പാ:* **ആലംതീറ്റ് എ.എം. മത്തായി**



# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

**മാമ്മോദീസാ**

| | | | |
|---|---|---|---|
| 1. | പൗളിൻ മാരാംകുഴിയിൽ | D/o. സുബിൻ / റിന്റു | 22-03-2025 |
| 2. | പീറ്റർ വാവക്കുഴിയിൽ | S/o. അനീഷ് / സ്നേഹ | 19-04-2025 |
| 3. | മാത്യു വാവക്കുഴിയിൽ | S/o. അനീഷ് / സ്നേഹ | 19-04-2025 |
| 4. | അന്ന കയ്യാലയ്ക്കകത്ത് | D/o. മനോജ് / അനു | 19-04-2025 |
| 5. | റോസ് വേഴപ്പറമ്പിൽ | D/o. സിബിൻ / നിവ്യ | 21-04-2025 |
| 6. | അന്ന തോപ്പിൽ | D/o. തോമസ് / അൽഫോൻസാ | 11-05-2025 |
| 7. | ജോർജ് വട്ടകൊട്ടയിൽ | S/o. ഷെബിൻ / ലിനു | 19-05-2025 |
| 8. | എൽസാ കരിക്കണ്ടത്തിൽ | D/o. സജി / സരിഗ | 24-05-2025 |

**വിവാഹം**

1. ജീവൻ S/o. സാബു - പുഷ്പ മീൻപുഴയ്ക്കൽ & സോഫിയ D/o. സന്തോഷ് - അൽഫോൻസാ മഞ്ഞിപ്പുഴതുണ്ടിയിൽ, പനമരം - 28-04-2025
2. ജെറോം S/o. ജോൺസൺ - ലൈസാമ്മ തോപ്പിൽ & ബിന്നു D/o. വർഗീസ് - ഡെയ്സി കളപ്പുരത്തൊട്ടിയിൽ കരിമണ്ണൂർ 01-05-2025
3. അലൻ S/o. ബിജു - മിനി തടമുറിയിൽ & ആഗ്നസ് D/o. ജോർജ് - ആഷ്‌ലി വട്ടക്കുന്നേൽ പാലാ - 17-05-2025
4. അമൽ S/o. രാജു - മിനി മാലിയിൽ & ജോയിലിൻ D/o. ജോജു - ഷൈജി തളിയൻ കുരിയച്ചിറ - 24-05-2025
5. ലിജി D/o. ഫിലിപ്പ് - ലൈലാമ്മ കൊട്ടൂപ്പള്ളിൽ & സെബാസ്റ്റ്യൻ S/o. വർഗീസ് - ജിൻസി മുട്ടത്ത് ചെത്തിപ്പുഴ 12-06-2025

**നിത്യതയിലേക്ക്**

| | | |
|---|---|---|
| 1. | ദേവസ്യാ മത്തായി കയ്യാലയ്ക്കകത്ത് | 21-03-2025 |
| 2. | ജെസ്സി വർഗീസ് നീണ്ടൂപ്പറമ്പിൽ | 17-04-2025 |



# മർത്ത് മറിയം ത്രേസ്യ
**(1816–1926)** (തിരുനാൾ: ജൂൺ 8)

“നിങ്ങൾ നല്ലവരാകാൻ നിങ്ങളുടെ ഹൃദയം കർത്താവിന് കൊടുക്കുക. പകരം കർത്താവിന്റെ ഹൃദയം ചോദിച്ചുവാങ്ങുക.” (വി. മറിയം ത്രേസ്യ)

സീറോ മലബാർ കത്തോലിക്കാ സഭയിലെ ഒരു വിശുദ്ധയും ഭാരതത്തിൽ നിന്ന് വിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ട നാലാമത്തെ വ്യക്തിയുമാണ് വിശുദ്ധ മറിയം ത്രേസ്യ അഥവാ മദർ മറിയം ത്രേസ്യ. മൂവായിരത്തോളം അംഗങ്ങളുള്ള ഹോളിഫാമിലി സന്യാസിനി സഭയുടെ സ്ഥാപകയായ വി. മറിയം ത്രേസ്യയെക്കുറിച്ച് നിങ്ങൾക്കറിയേണ്ടേ കൂട്ടുകാരേ...

തൃശൂർ ജില്ലയിൽ തൃശൂർ അതിരൂപതയുടെ കീഴിലുള്ള ഇരിങ്ങാലക്കുട രൂപതയിലെ പുത്തൻചിറ ഫൊറോന പള്ളി ഇടവകയിൽ ഉൾപ്പെട്ട പുത്തൻചിറ ഗ്രാമത്തിലെ ചിറമേൽ മങ്കിടിയാൻ തൊമ്മൻ-അന്ന ദമ്പതികളുടെ അഞ്ചുമക്കളിൽ മൂന്നാമത്തെ മകളായി 1876 ഏപ്രിൽ 26 ന് മറിയം ത്രേസ്യ ജനിച്ചു.

പുത്തൻചിറ ഗ്രാമത്തിലായിരുന്നു ബാല്യവും കൗമാരവും. പ്രാഥമിക വിദ്യാഭ്യാസം മാത്രമാണ് മറിയം ത്രേസ്യയ്ക്ക് ലഭിച്ചത്. മറിയം ത്രേസ്യയുടെ 12-ാമത്തെ വയസ്സിൽ അവളുടെ അമ്മ മരിക്കുകയും അതിനുശേഷം മുഴുവൻ സമയവും പ്രാർത്ഥനയിലൂടെയാണ് ജീവിതം മുന്നേറിയത്.

1886-ൽ ത്രേസ്യയുടെ 10-മത്തെ വയസ്സിലാണ് ആദ്യകുർബാന സ്വീകരണവും കുമ്പസാരവും നടന്നത്. ഈശോയെ സ്വീകരിക്കണമെന്ന ത്രേസ്യയുടെ ശക്തമായ ആഗ്രഹത്താൽ സാധാരണയായി ആ കാലങ്ങളിൽ ആദ്യകുർബാന സ്വീകരണം നടത്തിയിരുന്ന പ്രായത്തേക്കാൾ 3 വർഷം മുൻപേ ആദ്യകുർബാന സ്വീകരണം നടത്തി.

പിന്നീട് അന്നത്തെ തൃശൂർ രൂപത മെത്രാൻ ജോൺ മേനാച്ചേരിയുടെ നിർദ്ദേശപ്രകാരം തൃശൂർ ജില്ലയിൽ തന്നെയുള്ള ഒല്ലൂർ കർമ്മലീത്താ മഠത്തിൽ എവുപ്രാസ്യാമ്മയോടൊപ്പം താമസമാക്കി. തന്റെ ദൈവവിളി ആ മഠത്തിലേയ്ക്കല്ലെന്ന് ബോദ്ധ്യമായ മറിയം ത്രേസ്യ സ്വന്തം ഗ്രാമമായ പുത്തൻ

ചിറയിലേക്കുതന്നെ തിരിച്ചുപോന്നു. ആത്മീയപിതാവ് ജോസഫ് വിതയത്തിൽ പണിയിച്ചുകൊടുത്ത ഏകാന്ത ഭവനത്തിൽ തന്റെ മൂന്ന് കൂട്ടുകാരികളുമൊത്ത് താമസം തുടങ്ങി. ഈ കൂട്ടായ്മ ഒരു സന്യാസ സമൂഹത്തിന്റെ ഭാവങ്ങൾ ഉൾക്കൊള്ളുകയും ചെയ്തു. അന്നത്തെ തൃശൂർ മെത്രാൻ റവ. ഡോ. ജോൺ മേനാച്ചേരി 1914 മെയ് 13 ന് അവരെ സന്ദർശിക്കുകയും അവരുടെ ജീവിതരീതിയിൽ സംതൃപ്തനാകുകയും ചെയ്തു. 1914 മെയ് 14 ന് ജോസഫ് വിതയത്തിലച്ചന്റെയും മറ്റുചില പുരോഹിതരുടെയും നാട്ടുകാരുടെയും സാന്നിധ്യത്തിൽ അഭിവന്ദ്യ പിതാവ് ഏകാന്തഭവനത്തെ തിരുകുടുംബസഭ അഥവാ കോൺഗ്രിഗേഷൻ ഓഫ് ഹോളിഫാമിലി എന്നു പേരു നൽകി അംഗീകരിച്ചു. അധികം വൈകാതെ തന്നെ കാനോനിക നടപടികളും പൂർത്തിയാക്കി. മദർ സുപ്പീരിയറായി മറിയം ത്രേസ്യയെയും മഠത്തിന്റെ ചാപ്ലെയിനായി ഫാദർ ജോസഫ് വിതയത്തിലിനേയും നിയമിച്ചു.

1926 ജൂൺ 8 ന് 50-ാമത്തെ വയസ്സിൽ കുഴിക്കാട്ടുശ്ശേരി മഠത്തിൽ വെച്ച് മറിയം ത്രേസ്യ നിത്യസമ്മാനത്തിനായി യാത്രയായി. തുമ്പൂർ മഠത്തിൽ വച്ച് ഒരു ക്രാസിക്കാൽ മറിയം ത്രേസ്യയുടെ കാലിൽ വീണുണ്ടായ മുറിവാണ് മരണകാരണം, കുഴിക്കാട്ടുശ്ശേരി മഠത്തിനോടനുബന്ധിച്ചുള്ള പള്ളിയുടെ തറയിലാണ് ഭൗതികശരീരം അടക്കം ചെയ്തിട്ടുള്ളത്. 2019 ഒക്ടോബർ 13 ന് ഫ്രാൻസിസ് പാപ്പ മറിയം ത്രേസ്യായെ വിശുദ്ധയായി പ്രഖ്യാപിച്ചു.

''എനിക്ക് കർത്താവല്ലാതെ ലോകത്തിൽ യാതൊന്നും വേണ്ട" എന്ന് ഏറ്റുചൊല്ലി ജീവിച്ച വി. മറിയം ത്രേസ്യയെ പോലെ നമുക്കും ദൈവത്തെ സ്നേഹിക്കുന്നവരായി വളരാം.

***അലിൻഡ ജിമ്മി മാരാംകുഴിയിൽ***

## മർത്ത് അൽഫോൻസാമ്മ (1910–1946)



(തിരുനാൾ: ജൂലൈ 28)

"എല്ലാ വേദനകളും ഈശോയുടെ തിരുഹൃദയത്തിൽ അർപ്പിക്കുമ്പോൾ കൈവരുന്ന സന്തോഷം എത്ര വലുതാണ്."

ഭാരതത്തിൽ നിന്ന് വിശുദ്ധ പദവി അലങ്കരിച്ച സീറോ മലബാർ സഭയിലെ

ആദ്യത്തെ സന്യാസിനിയാണ് വി. അൽഫോൻസാമ്മ എന്നറിയപ്പെടുന്ന അന്നക്കുട്ടി മുട്ടത്ത്പാടം.

കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി അതിരൂപതയിലെ കുടമാളൂർ ഇടവകയിൽ ഉൾപ്പെട്ട ആർപ്പൂക്കര ഗ്രാമത്തിലെ മുട്ടത്തുപാടത്ത് ജോസഫിന്റെയും മേരിയുടെയും നാലാമത്തെ മകളായി 1910 ഓഗസ്റ്റ് 19 ന് ജനിച്ചു. അന്നക്കുട്ടി എന്ന പേരാണ് അവർ അവൾക്ക് നൽകിയത്. ഓഗസ്റ്റ് 27 ന് പരിശുദ്ധ കന്യകാമറിയത്തിന്റെ പേരിലുള്ള കുടമാളൂർ ഇടവക ദൈവാലയത്തിൽ വച്ച് സ്നാനം നൽകി. അന്നക്കുട്ടി ജനിച്ച് 27-ാം ദിവസം അമ്മ മരിച്ചു. പരിപാലിക്കാൻ ആരുമില്ലാതിരുന്നതിനാൽ മാതൃസഹോദരി അന്നമ്മ അന്നക്കുട്ടിയെ മുട്ടുചിറയിലേക്ക് കൊണ്ടുപോയി അവിടെ താമസിപ്പിച്ചു.

കുടമാളൂർ പള്ളിയിൽ 1917 നവംബർ 27 ന് അന്നക്കുട്ടി ആദ്യകുർബാന കൈക്കൊണ്ടു. ചെറുപ്പത്തിൽത്തന്നെ അന്നക്കുട്ടി പാവങ്ങളോട് കരുണ കാട്ടിയിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനായി ആർപ്പൂക്കരയിലെ തൊണ്ണംകുഴി സർക്കാർ സ്കൂളിൽ ചേർത്തു. സഹപാഠികളെ സ്നേഹത്തോടും കരുണയോടുംകൂടെ അവൾ സ്വീകരിച്ചിരുന്നു. മറ്റുള്ളവർ വിഷമിപ്പിച്ചാലും പരാതിയും പരിഭവവും കൂടാതെ അവൾ അവരോട് പെരുമാറിയിരുന്നു. കൗമാരപ്രായത്തിലേക്ക് കടന്ന അന്നക്കുട്ടിയെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ അവളുടെ വീട്ടുകാർ ആലോചനകൾ തുടങ്ങി. അതേസമയം അന്ന അവളുടെ മനസ്സിൽ യേശുവിനെ നാഥനായി സ്വീകരിച്ചിരുന്നു. തന്റെ ബാഹ്യസൗന്ദര്യം മൂലമാണ് തന്നെ വീട്ടുകാർ വിവാഹത്തിന് നിർബന്ധിക്കുന്നത് എന്ന് മനസ്സിലാക്കിയ അന്ന കത്തിയമരുന്ന ഉമിത്തീയിൽ ചാടി തന്റെ കാലുകൾ പൊള്ളിച്ചുകൊണ്ട് യേശുനാഥനെപ്രതി അവ വികൃതമാക്കി. എങ്കിലും അവളുടെ ദൈവവിളി മനസ്സിലാക്കുവാൻ അവർക്ക് സാധിച്ചില്ല.

1925 ജനുവരി 21-നാണ് അന്നക്കുട്ടി മുട്ടുചിറ പള്ളിയിൽ വച്ച് സ്ഥൈര്യലേപനം സ്വീകരിച്ചത്. മുട്ടുചിറ കർമ്മലീത്ത മഠത്തിൽ നിന്നും കന്യാസ്ത്രീകൾ പേരമ്മയുടെ അടുക്കലെത്തി അന്നക്കുട്ടിയെ മഠത്തിൽ ചേർക്കുവാനായി നിർബന്ധിച്ചിരുന്നു. 1927-ൽ പന്തക്കുസ്താ ദിനത്തിലാണ് അന്നക്കുട്ടി ഭരണങ്ങാനം ഫ്രാൻസിസ്കൻ ക്ലാരമഠത്തിൽ പ്രവേശിച്ചത്. 1930 മെയ് 19 ന് ഭരണങ്ങാനം ഫൊറോന പള്ളിയിൽ വച്ച് ചങ്ങനാശ്ശേരി രൂപതാമെത്രാൻ മാർ ജെയിംസ് കാളാശ്ശേരിയിൽനിന്ന് സഭാവസ്ത്രം സ്വീകരിച്ചു.

1930-1935 കാലയളവ് വിശുദ്ധയെ സംബന്ധിച്ചിടത്തോളം അസുഖങ്ങളുടെ ഒരു കാലഘട്ടമായിരുന്നു. 1932-ൽ കോട്ടയം ജില്ലയിലെ വാകക്കാട് എന്ന സ്ഥലത്തെ ക്ലാരമഠം വക പ്രൈമറി സ്കൂളിൽ അധ്യാപികയായി പ്രവർത്തിച്ചു. എന്നാൽ അനാരോഗ്യം നിമിത്തം ഒരുവർഷം മാത്രമേ തുടരുവാൻ സാധിച്ചുള്ളൂ. തുടർന്ന് 1935 ഓഗസ്റ്റ് 12-ന് ചങ്ങനാശ്ശേരി ക്ലാരമഠത്തിൽ അവൾ ജൂണിയറേറ്റിൽ പ്രവേശിച്ചു. ജൂണിയറേറ്റ് ആരംഭിച്ച് ഒരാഴ്ചയ്ക്ക് ശേഷം അവൾ വീണ്ടും രോഗബാധിതയായി. മൂക്കിൽനിന്നും രക്തസ്രാവം ഉണ്ടാവുകയും കാലിൽ വ്രണം ഉണ്ടാവുകയും ചെയ്തു.

വളരെ ദുരിതപൂർണ്ണമായ അവസരത്തിൽ ദൈവദാസനും ഇപ്പോൾ വിശുദ്ധനുമായ ഏലിയാസ് കുര്യാക്കോസ് ചാവറ പിതാവ് അവളുടെ രക്ഷയ്ക്കെത്തി. ചാവറ പിതാവിന്റെ മാദ്ധ്യസ്ഥത്താൽ അവൾ അത്ഭുതകരമായി സൗഖ്യം പ്രാപിച്ചു. രോഗപീഡകളിൽ നിന്നും താല്ക്കാലികമായി മോചിതയായ അൽഫോൻസാ 1936 ഓഗസ്റ്റ് 12-ന് വി. ക്ലാരയുടെ തിരുന്നാൾ ദിവസം ചങ്ങനാശ്ശേരി മഠത്തിൽ വച്ച് നിത്യവ്രതവാഗ്ദാനം നടത്തി. ഈശോ തന്റെ മണവാട്ടിയെ സഹനങ്ങൾ നിറഞ്ഞ ജീവിതത്തിലൂടെ പൂർണ്ണമാക്കുകയായിരുന്നു. ഓഗസ്റ്റ് 14-ന് അവൾ ഭരണങ്ങാനത്തേയ്ക്ക് തിരിച്ചുപോന്നു. വിവിധതരത്തിലുള്ള അസുഖങ്ങളാൽ വിശുദ്ധ ഏറെ സഹനങ്ങൾ ഏറ്റുവാങ്ങി. അവളുടെ ശരീരത്തെ കീഴടക്കിയ നാനാവിധ രോഗങ്ങൾ അവളുടെ അന്ത്യനിമിഷങ്ങൾ ദുരിതപൂർണ്ണമാക്കി. അപ്രകാരം രോഗാവസ്ഥയുടെ പാരമ്യതയിൽ 1946 ജൂലൈ 28-ന് ഭരണങ്ങാനം ക്ലാരമഠത്തിൽ വെച്ച് കർത്താവിൽ അന്ത്യനിദ്ര പ്രാപിച്ചു.

അൽഫോൻസാമ്മ മരിച്ചുകഴിഞ്ഞ് 40 വർഷത്തിനുശേഷം 1986-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ കേരളത്തിൽ വന്ന് അൽഫോൻസാമ്മയെ വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്തി. 2008 ഒക്ടോബർ 12 ന് ബനഡിക്റ്റ് പതിനാറാമൻ പാപ്പ അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ചു.

പാവപ്പെട്ടവർക്ക് താങ്ങും, തണലുമായി നിലകൊണ്ട അൽഫോൻസാമ്മയെപ്പോലെ സഹനങ്ങളിലൂടെ ദൈവസ്നേഹം തിരിച്ചറിയുവാൻ നമുക്ക് ശ്രമിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യാം.

“ലഭിക്കുന്നതിനേക്കാൾ കൊടുക്കുന്നതിലാണ് സന്തോഷം”

“ഈശോ എന്ന തിരുനാമം ഉച്ചരിക്കുന്നത് എന്റെ നാവിന് ഏറെ മധുരമാണ്.”

***ആൽഫിൻ ജിമ്മി മാരാംകുഴിയിൽ***

# മർത്ത് എവുപ്രാസ്യ (1877-1952)

(തിരുനാൾ: ആഗസ്റ്റ് 29)



"എനിക്ക് ഏക ആശ്വാസം എന്റെ ഈശോയുടെ അടുക്കൽ ചെല്ലുന്നതാകുന്നു."

ഇരിഞ്ഞാലക്കുട താലൂക്കിലെ ഒരു ഗ്രാമമായ കാട്ടൂരിൽ 1877 ഒക്ടോബർ 17-ന് എലുവത്തിങ്കൽ ചേർപ്പുക്കാരൻ തറവാട്ടിൽ അന്തോണിയുടെയും കുഞ്ഞേത്തിയുടെയും മൂത്ത മകളായി റോസ (എവുപ്രാസ്യ) ജനിച്ചു. 9-ാം വയസ്സിൽ കന്റെ കന്യകത്വം ദൈവത്തിന് പ്രതിഷ്ഠിച്ച് താൻ ഒരു കന്യാസ്ത്രീ ആകും എന്ന് തീരുമാനിച്ചു. മാതാപിതാക്കൾക്ക് അവളെ വിവാഹജീവിതത്തിൽ പ്രവേശിപ്പിക്കാനായിരുന്നു താല്പര്യം. രണ്ടാമത്തെ മകളായ കൊച്ചുത്രേസ്യയെ കന്യാസ്ത്രീയാക്കാൻ തീരുമാനിച്ചെങ്കിലും അവളുടെ അകാലമരണം മൂലം അതു സാധിച്ചില്ല. അങ്ങനെ റോസയെ (എവുപ്രാസ്യ) 1888-ൽ കൂനമ്മാവിൽ കർമ്മലീത്ത മഠത്തിന്റെ ബോർഡിംഗിലാക്കി. എന്നാൽ ശാരീരിക അസ്വസ്ഥതകൾമൂലം അവളെ 2 പ്രാവശ്യം വീട്ടിലേക്കു കൊണ്ടുപോയി തിരിച്ചു കൊണ്ടുവന്നു. മാരകമായ രോഗത്തിലും തിരുക്കുടുംബ ദർശനത്താൽ അവൾക്ക് രോഗശാന്തി ലഭിക്കുകയും 1897 മെയ് 10-ാം തീയതി അവൾക്ക് ശിരോവസ്ത്രം ലഭിക്കുകയും ഈശോയുടെ തിരുഹൃദയത്തിന്റെ എവുപ്രാസ്യയെന്ന പേര് സ്വീകരിക്കുകയും ചെയ്തു.

സന്യാസത്തിൽ പ്രവേശിച്ചതുമുതൽ രോഗങ്ങളും സഹനങ്ങളും അവളെ ഏറെ അലട്ടിയെങ്കിലും അതോടൊപ്പം സ്വർഗ്ഗീയാനന്ദവും ലഭിച്ചിരുന്നു. 1898 ജനുവരി 10-ാം തീയതി അനുഗ്രഹീതമായ കർമ്മല സഭാവസ്ത്രം ലഭിച്ചു. അവളുടെ എല്ലാ ആദ്ധ്യാത്മിക സങ്കടങ്ങളും ദൈവിക വെളിപാടുകളും മേനാച്ചേരി പിതാവിനെ അറിയിച്ചുകൊണ്ടിരുന്നു. അങ്ങനെ രചിക്കപ്പെട്ട എൺപതോളം കത്തുകൾ 'എവുപ്രാസ്യമ്മയുടെ ലിഖിതങ്ങൾ' എന്നപേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1900 മെയ് 24-ാം തീയതി സിസ്റ്റർ എവുപ്രാസ്യ നിത്യവ്രത വാഗ്ദാനം ചെയ്തു. തുടർന്നുള്ള 48 വർഷത്തോളം ഒല്ലൂർ മഠത്തിൽതന്നെ താമസിച്ച സിസ്റ്റർ എവുപ്രാസ്യയുടെ പ്രാർത്ഥനാ ജീവിതവും നിയമാനുഷ്ഠ താല്പര്യവും താപസകൃത്യങ്ങളും ജീവിതകാലത്തുതന്നെ അനേകരെ ആകർഷിച്ചിരുന്നു. എളിയ ഭാവത്തോടെ എപ്പോഴും വ്യാപിക്കാനും കർത്താവ് നൽകിയ ആത്മീയ വരങ്ങൾ സന്തോഷപൂർവ്വം മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി ചെലവഴിക്കാനും എവുപ്രാസ്യമ്മ സദാ ഉത്സുക യായിരുന്നു. നീണ്ട മണിക്കൂറുകൾ തിരുസന്നിധിയിൽ ഭക്തിപൂർവ്വം പ്രാർത്ഥിച്ചും ജപമാല ചൊല്ലിയും കഴിഞ്ഞിരുന്ന ഈ സുകൃതിനി 'പ്രാർത്ഥിക്കുന്ന അമ്മ' എന്ന അപരനാമത്തിലാണ് നാട്ടിൽ അറിയപ്പെട്ടിരുന്നത്. 'പണത്തിൽ കുറഞ്ഞാലും പുണ്യത്തിൽ കുറയരുത്' എന്ന് എല്ലാവരോടും പറഞ്ഞിരുന്നു. 1952 ഓഗസ്റ്റ് 29-ന് എവുപ്രാസ്യമ്മ സ്വർഗ്ഗസമ്മാനത്തിനായി യാത്രയായി.

2002 ജൂലൈ 5-ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ധന്യയും 2006 ജൂൺ 26-ാം തീയതി ബെനഡിക്ട് പതിനാറാമൻ പാപ്പ വാഴ്ത്തപ്പെട്ടവളായും പ്രഖ്യാപിച്ചു. 2014 ഏപ്രിൽ 4-ന് ഫ്രാൻസിസ് മാർപാപ്പ എവുപ്രാസ്യമ്മയെ വിശുദ്ധയായി പ്രഖ്യാപിച്ചു. നമുക്കും എവുപ്രാസ്യമ്മയുടെ മാദ്ധ്യസ്ഥം യാചിക്കാം.

"എന്റെ ഈശോയെ നീ എന്തു ചെയ്താലും ഞാൻ നിന്നിൽ നിന്ന് വേർപിരിയുകയില്ല."

***ഇസാ മിറ്റി കമുകുംപള്ളിൽ***

**മംഗളവാർത്ത 2025 ഫെബ്രുവരി – മെയ് ലക്കം**
**വരവുചെലവ് കണക്ക്**

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| മുന്നിരുപ്പ് | 555855.00 | പ്രിന്റിംഗ് ചാർജ് | 33500.00 |
| പരസ്യം | 30500.00 | പള്ളിയുടെ വെബ്സൈറ്റ് | 450.00 |
| മുൻകൂർ പരസ്യം | 1500.00 | പുതുക്കാൻ കൊടുത്തത് | 8500.00 |
| (ജൂണ്--സെപ്റ്റംബർ ലക്കം) | | ക്വിസ് സമ്മാനം | 500.00 |
| | | പദപ്രശ്നം സമ്മാനം | 150.00 |
| | | നീക്കിയിരുപ്പ് | 44935.00 |
| **ആകെ** | **87585.00** | **ആകെ** | **87585.00** |

**പി.ജെ. ജോസ് പൂവൻപുഴയ്ക്കൽ** *(ഫിനാൻസ് മാനേജർ)*




**ലോകപരിസ്ഥിതി ദിനം – ജൂൺ 5**

# നമ്മുടെ പൊതുഭവനമായ ഭൂമി ഇനിയും വാസയോഗ്യമാക്കാം

*"ആകാശം ആഹ്ലാദിക്കട്ടെ; ഭൂമി ആനന്ദിക്കട്ടെ; സമുദ്രവും അതിലുള്ളവയും ആർത്തുവിളിക്കട്ടെ." (സങ്കീ. 96:11)*

ലോകത്തെ വിസ്മയിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്ത ഒരു ചിന്താപ്രവാഹമാണ് ഫ്രാൻസിസ് പാപ്പയുടെ Laudato Si (അങ്ങേയ്ക്ക് സ്തുതി) യെന്ന ചാക്രികലേഖനം.

2015 ജൂൺ 18 ന് പ്രസിദ്ധീകരിച്ച ലേഖനം അതിന്റെ പത്താം വാർഷികത്തിലെത്തിയിരിക്കുകയാണ്. ഈ വർഷം നാം ലോകപരിസ്ഥിതി ദിനം ആചരിക്കുമ്പോൾ പാപ്പയുടെ പാരിസ്ഥിതിക വീക്ഷണത്തെക്കുറിച്ച് ചിന്തിക്കാം.

മാനവരാശിയുടെ സംരക്ഷണത്തിന് മുൻകൈയ്യെടുത്ത ഫ്രാൻസിസ് പാപ്പ ഭൂമി നമ്മുടെ പൊതുഭവനമാണെന്ന് പ്രഖ്യാപിച്ചു. നമ്മുടെ പൊതുഭവനമായ ഭൂമിയുടെ ഇന്നത്തെ പരിതാപകരമായ അവസ്ഥയുടെ പ്രതിഫലനങ്ങളാണ് തുടരെത്തുടരെയുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളും, മഹാമാരിയും, കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവുമെന്ന് പാപ്പാ ലോകത്തിന് അവബോധം നൽകി. പാവങ്ങളുടെയും ഭൂമിയുടെയും നിലവിളി ശ്രവിക്കപ്പെടാൻ തക്കവണ്ണം പരിസ്ഥിതിയെക്കുറിച്ചുള്ള ചർച്ചകളിൽ നീതി സമന്വയിപ്പിക്കണമെന്ന് ലേഖനത്തിന്റെ 49-ാം ഖണ്ഡികയിൽ പറയുന്നു.

ഭൂമി ഇന്നു നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരം കാണുന്നതിന് മനുഷ്യരാശിക്കുള്ള ഉത്തരവാദിത്വം വളരെ വലുതാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ തങ്ങൾക്ക് എല്ലാം ദൈവം നന്മയ്ക്കായി നൽകി എന്ന വിശ്വാസത്തിൽ എല്ലാവരും സാഹോദര്യത്തിൽ ഒരുമിച്ചാൽ ഭൂമിയെ ഇനിയും രക്ഷപ്പെടുത്തി അതിൽ രമ്യതയിൽ വസിക്കാം. ഈ ലോകം സമാധാനപൂർണ്ണമാക്കാം. നമ്മുടെ പൊതുഭവനമായ ഭൂമിയെ സകലർക്കും സന്തോഷമായി ജീവിക്കാവുന്ന പ്രകൃതിരമണീയമായ ഗേഹമാക്കി തീർക്കാം.



# ലെയോ പതിനാലാമൻ പാപ്പ: ജീവചരിത്രം

ആഗോള കത്തോലിക്കാ സഭയിലെ 267ാമത് മാർപാപ്പ യായി തിരഞ്ഞെടുക്കപ്പെട്ട കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ്, തന്റെ പുതിയ പേരായി സ്വീകരിച്ചത് ലെയോ എന്ന തായിരുന്നുലെയോ പതിനാലാമൻ! മാർപാപ്പയായി തിരഞ്ഞെടു ക്കപ്പെടുമ്പോൾ 69 വയസാണ് അദ്ദേഹത്തിന്റെ പ്രായം. അഗസ്റ്റീ നിയൻ സന്യാസ സമൂഹത്തിൽ നിന്നുള്ള ആദ്യത്തെ മാർപാപ്പ, അമേരിക്കയിൽ നിന്നുള്ള ആദ്യ പാപ്പ എന്നീ വിശേഷണങ്ങൾ അദ്ദേഹത്തിനുണ്ട്.

**ജനനവും ബാല്യകാല ജീവിതവും**

റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് ജനിച്ചത് 1955 സെപ്റ്റം ബർ 14 ന് ചിക്കാഗോയിലായിരുന്നു. ഫ്രഞ്ച്, ഇറ്റാലിയൻ വംശജ നായ ലൂയിസ് മാരിയസ് പ്രെവോസ്റ്റ് സ്പാനിഷ് വംശജയായ മിൽഡ്രഡ് മാർട്ടിനെസ് എന്നിവരാണ് മാതാപിതാക്കൾ. ലൂയിസ്

മാർട്ടിൻ, ജോൺ ജോസഫ് എന്നീ രണ്ട് സഹോദരന്മാരുണ്ട് അദ്ദേഹത്തിന്. തന്റെ ബാല്യവും കൗമാരവുമെല്ലാം അദ്ദേഹം കുടുംബത്തോടൊപ്പം ചെലവഴിച്ചു.

**ദൈവവിളി**

തുടർന്ന് അദ്ദേഹം ദൈവവിളി സ്വീകരിച്ചു. ആദ്യം അഗസ്റ്റീനിയൻ ഫാദേഴ്സിന്റെ മൈനർ സെമിനാരിയിലും പിന്നീട് പെൻസിൽവേനിയയിലെ വില്ലനോവ സർവകലാശാലയിലും പഠനം നടത്തി. 1977ൽ അദ്ദേഹം ഗണിതശാസ്ത്രത്തിൽ ബിരുദം നേടുകയും തത്ത്വശാസ്ത്രം പഠിക്കുകയും ചെയ്തു. അതേവർഷം സെപ്റ്റംബർ ഒന്നാം തിയതി അദ്ദേഹം നോവിഷ്യേറ്റിൽ പ്രവേശിച്ചു. 1978 സെപ്റ്റംബർ രണ്ടാം തിയതി തന്റെ ആദ്യവ്രത വാഗ്ദാനം നടത്തി. 1981 ലായിരുന്നു നിത്യവ്രത വാഗ്ദാനം.

**പൗരോഹിത്യം, പ്രവർത്തനങ്ങൾ**

1982 ജൂൺ 19 ന് അദ്ദേഹം പുരോഹിതനായി അഭിഷിക്തനായി. 1984 ൽ ലൈസൻഷിയേറ്റ് നേടിയ അദ്ദേഹം 1985, 86 വർഷങ്ങൾ പെറുവിലെ മിഷനിൽ ചെലവഴിച്ചു. 1987 ൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. 'സെന്റ് അഗസ്റ്റിന്റെ സന്യാസ ക്രമത്തിൽ പ്രാദേശിക പ്രിയോറിന്റെ പങ്ക്' എന്നതായിരുന്നു അദ്ദേഹത്തിന്റെ ഡോക്ടറൽ പ്രബന്ധം.

1987 മുതൽ 1988 വരെ അദ്ദേഹം അമേരിക്കയിൽ ചിക്കാഗോയിലെ അഗസ്തീനിയൻ പ്രവിശ്യയിൽ സേവനമനുഷ്ഠിച്ചു. തുടർന്ന് പെറുവിലേക്ക് മടങ്ങുകയും ട്രൂജില്ലോയിലെ അഗസ്തീനിയൻ സെമിനാരിയുടെ തലവനായും രൂപതാ സെമിനാരിയിൽ കാനോൻ നിയമ അധ്യാപകനായും അദ്ദേഹം പത്ത് വർഷം ചെലവഴിച്ചു. ഇടവക വികാരി, സെമിനാരിക്കാരുടെ പരിശീലകൻ, സെമിനാരി അധ്യാപകൻ, ജുഡീഷ്യൽ വികാരി തുടങ്ങിയ നിലകളിലും അദ്ദേഹം സേവനമനുഷ്ഠിച്ചു.

1999ൽ അദ്ദേഹം വീണ്ടും ചിക്കാഗോയിലേക്ക് മടങ്ങുകയും 'മദർ ഓഫ് ഗുഡ് കൗൺസൽ' പ്രവിശ്യയുടെ പ്രൊവിൻഷ്യൽ പ്രിയോറായി തിരഞ്ഞെടുക്കപ്പെടും ചെയ്തു. രണ്ടര വർഷത്തിനുശേഷം അഗസ്തീനിയൻ സമൂഹത്തിന്റെ പ്രിയോർ ജനറലായി രണ്ടു തവണ തിരഞ്ഞെടുക്കപ്പെട്ടു. 2013 വരെ ഈ സ്ഥാനം അല

ങ്കരിച്ചു. 2013 ഒക്ടോബറിൽ, അദ്ദേഹം ചിക്കാഗോയിലെ അഗസ്തീനിയൻ പ്രവിശ്യയിലേക്ക് മടങ്ങി. അവിടെ ഫോർമേഷൻ ഡയറക്ടറായും, കൗൺസിലറായും, പ്രൊവിൻഷ്യൽ വികാർ ആയും സേവനമനുഷ്ഠിച്ചു.

**മെത്രാൻ പദവി**

2014 നവംബർ 3നാണു ഫ്രാൻസിസ് മാർപാപ്പ അദ്ദേഹത്തെ പെറുവിലെ ചിക്ലായോ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിക്കുന്നത്. ഒരു മാസത്തിനു ശേഷം ഡിസംബർ 12ന്, സെന്റ് മേരീസ് കത്തീഡ്രലിൽ വെച്ച്, ഗ്വാഡലൂപ്പ മാതാവിന്റെ തിരുനാളിൽ, അദ്ദേഹം ബിഷപ്പായി അഭിഷിക്തനായി.

തന്റെ എപ്പിസ്കോപ്പൽ മുദ്രാവാക്യമായി അദ്ദേഹം സ്വീകരിച്ചത് 'ഇൻ ഇല്ലോ ഊനോ ഊനും' എന്നതാണ്. 127 ആം സങ്കീർത്തനത്തെക്കുറിച്ചുള്ള ഒരു പ്രസംഗത്തിൽ വിശുദ്ധ അഗസ്റ്റിൻ പറഞ്ഞ വാക്കുകൾ ആയിരുന്നു അത്. 'നമ്മൾ ക്രിസ്ത്യാനികൾ പലരാണെങ്കിലും, ക്രിസ്തുവിൽ ഒന്നാണ്' എന്നതാണ് ആപ്തവാക്യം അർത്ഥമാക്കുന്നത്.

2018 മാർച്ചിൽ, പെറുവിയൻ എപ്പിസ്കോപ്പൽ കോൺഫറൻസിന്റെ രണ്ടാമത്തെ വൈസ് പ്രസിഡന്റായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. അതോടൊപ്പം അവിടെ അദ്ദേഹം സാമ്പത്തിക കൗൺസിൽ അംഗമായും സാംസ്കാരിക, വിദ്യാഭ്യാസ കമ്മീഷന്റെ പ്രസിഡന്റായും സേവനമനുഷ്ഠിച്ചു.

2019ൽ ഫ്രാൻസിസ് മാർപാപ്പ അദ്ദേഹത്തെ വൈദികർക്കായുള്ള വത്തിക്കാൻ കാര്യാലയത്തിലെ അംഗമായും, 2020ൽ ബിഷപ്പുമാർക്കായുള്ള വത്തിക്കാൻ കാര്യാലയത്തിലെ അംഗമായും നിയമിച്ചു. 2020 ഏപ്രിൽ 15ന്, പെറുവിലെ കജാവോ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായും ഫ്രാൻസിസ് പാപ്പാ അദ്ദേഹത്തിനു നിയമനം നൽകി.

**മെത്രാന്മാമാർക്കായുള്ള ഡിക്കാസ്റ്ററിയുടെ പ്രീഫെക്ട്**

2023 ജനുവരി 30ന്, മാർപാപ്പ അദ്ദേഹത്തെ ബിഷപ്പുമാർക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ പ്രീഫെക്റ്റായും ലാറ്റിൻ അമേരിക്കയ്ക്കായുള്ള പൊന്തിഫിക്കൽ കമ്മീഷന്റെ പ്രസിഡന്റായും

തിരഞ്ഞെടുത്തുകൊണ്ട് റോമിലേക്ക് വിളിക്കുകയും ആർച്ച് ബിഷപ്പ് പദവി നൽകുകയും ചെയ്തു.

**കർദിനാൾ പദവി**

2024 സെപ്റ്റംബർ 30 നാണ് അദ്ദേഹം കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തപ്പെട്ടത്. ബിഷപ്പുമാർക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ തലവൻ എന്ന നിലയിൽ, അദ്ദേഹം മാർപാപ്പയുടെ അപ്പസ്തോലിക യാത്രകളിൽ പങ്കാളിയായി. റോമിൽ നടന്ന സിനഡാലിറ്റിയെക്കുറിച്ചുള്ള ബിഷപ്പുമാരുടെ സിനഡിന്റെ ഭാഗമായും അദ്ദേഹം മാറി.

ഫ്രാൻസിസ് മാർപാപ്പ 2023 ഒക്ടോബർ 4ന് അദ്ദേഹത്തെ സുവിശേഷവൽക്കരണത്തിനായുള്ള കാര്യാലയത്തിലെ അംഗമായി നിയമിച്ചു. കൂടാതെ, വിശ്വാസ കാര്യങ്ങൾ, പൗരസ്ത്യ സഭകൾ, വൈദികർ, സമർപ്പിത സമൂഹങ്ങൾ, സാംസ്കാരിക വിദ്യാഭ്യാസ കാര്യങ്ങൾ, നിയമനിർമ്മാണ കാര്യങ്ങൾ, എന്നിവയ്ക്കുവേണ്ടിയുള്ള വത്തിക്കാൻ കാര്യാലയങ്ങളുടെയും വത്തിക്കാൻ രാഷ്ട്രത്തിനായുള്ള പൊന്തിഫിക്കൽ കമ്മീഷന്റെയും അംഗമായും നിയമിച്ചു. ഒടുവിൽ, 2025 ഫെബ്രുവരി 6ന്, ഫ്രാൻസിസ് പാപ്പ അദ്ദേഹത്തെ കർദ്ദിനാൾമാർക്കിടയിലെ ഉയർന്ന പദവിയായ 'ബിഷപ്പ് കർദ്ദിനാൾ' എന്ന സ്ഥാനത്തേക്കുയർത്തുകയും, കർദ്ദിനാൾമാരുടെ സ്ഥാനിക രൂപതകളിലൊന്നായ റോമാനഗരത്തിന്റെ പ്രാന്തപ്രദേശത്തുള്ള അൽബാനോയുടെ സ്ഥാനിക മെത്രാൻ എന്ന പദവി നൽകുകയും ചെയ്തു.

രോഗബാധിതനായി ഫ്രാൻസിസ് മാർപാപ്പയെ റോമിലെ 'ജെമെല്ലി' ആശുപത്രിയിൽ പ്രവേശിപ്പിച്ചപ്പോൾ 2025 മാർച്ച് 3 ന് സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ഫ്രാൻസിസ് മാർപാപ്പയുടെ ആരോഗ്യത്തിനായുള്ള ജപമാല പ്രാർത്ഥനയ്ക്ക് കർദിനാൾ പ്രെവോസ്റ്റ് നേതൃത്വം നൽകി.

**മാർപാപ്പ**

2025 മെയ് 8 ന് ആഗോള കത്തോലിക്കാ സഭയുടെ പരമദ്ധ്യക്ഷനായി കർദ്ദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് തിരഞ്ഞെടുക്കപ്പെട്ടു. ലെയോ എന്ന നാമം അദ്ദേഹം സ്വീകരിച്ചു.




## മാധ്യമപ്രവർത്തകർ സമാധാന സംസ്ഥാപകരാകണം: ലെയോ പതിനാലാമൻ പാപ്പ

വത്തിക്കാനിൽ നടന്ന വളരെ പ്രധാനപ്പെട്ട ചരിത്രസംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായി എത്തിച്ചേർന്ന മാധ്യമപ്രവർത്തകരുമായി ലെയോ പതിനാലാമൻ പാപ്പ മെയ്മാസം 12-ാം തീയതി പോൾ ആറാമൻ ശാലയിൽ വച്ച് കൂടിക്കാഴ്ച നടത്തി. മലയിലെ പ്രസംഗത്തിൽ ഈശോ പറഞ്ഞ "സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാൻമാർ" എന്ന വചനത്തെ അടിസ്ഥാനമാക്കിക്കൊണ്ട് മാധ്യമപ്രവർത്തനത്തിന് പുതിയ ഒരു മാതൃകയും പാപ്പ നിർദ്ദേശിച്ചു. അക്രമണാത്മക വാക്കുകളിൽ നിന്നും വ്യത്യസ്തമായി, മാത്സര്യം ഒഴിവാക്കിക്കൊണ്ട് താഴ്മയോടെയും സ്നേഹത്തോടെയും സത്യത്തിനായുള്ള അന്വേഷണത്തെ പ്രോത്സാഹിപ്പിക്കണമെന്ന് പാപ്പ പറഞ്ഞു. നാം മറ്റുള്ളവരെ ശ്രദ്ധിക്കുന്നതിലും മറ്റുള്ളവരെക്കുറിച്ച് സംസാരിക്കുന്നതിലും, സമാധാനത്തിന്റെ സംവാഹകരായി മാധ്യമപ്രവർത്തകർ മാറണമെന്ന് പരിശുദ്ധ പിതാവ് ഓർമ്മപ്പെടുത്തി. പ്രത്യയശാസ്ത്രപരമോ പക്ഷപാതപരമോ ആയ ഭാഷകളുടെ ആശയക്കുഴപ്പങ്ങൾ ഉരുവാക്കുന്ന സ്നേഹരഹിതമായ 'ബാബേൽ ഗോപുരത്തിന്റെ' ആശയവിനിമയ മാതൃക ഇന്നത്തെ പ്രധാന വെല്ലുവിളിയാണെന്നും പാപ്പ എടുത്തുപറഞ്ഞു. ആക്രമണത്തിൽ നിന്ന് ശുദ്ധീകരിച്ചുകൊണ്ട് മറ്റുള്ളവരെ ശ്രവിക്കുന്ന ആശയവിനിമയ മാർഗ്ഗമാണ് നമുക്കാവശ്യമെന്നും അപ്രകാരം ദുർബ്ബലരുടെ ശബ്ദമായി മാറുവാൻ നമുക്ക് സാധിക്കണമെന്നും പാപ്പ പറഞ്ഞു.

### സ്നേഹത്തിന്റെ കാവൽക്കാരൻ യാത്രയായി

കരുണയുടെ കാർമ്മികനും കാവൽക്കാരനുമായ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ആരോഗ്യപരമായ ബുദ്ധിമുട്ടുകളാൽ റോമിലെ ജമെല്ലി ആശുപത്രിയിലെ ചികിത്സയ്ക്ക്ശേഷം അനേകം പേരുടെ പ്രാർത്ഥനയാൽ ആശുപത്രി വിടുകയും വത്തിക്കാനിൽ തിരിച്ചെത്തി പൊതുസമൂഹത്തെ കാണുകയും സഭാശുശ്രൂഷകളിൽ കർമ്മ

നിരതനാവുകയും ചെയ്യുകയുണ്ടായി. എന്നാൽ കത്തോലിക്കാ സഭ 2025 ൽ മനുഷ്യാവതാരത്തിന്റെ ജൂബിലിവർഷമായി ആചരിക്കുന്ന വേളയിൽ പ്രത്യാശയുടെ തീർത്ഥാടകരാകാൻ നമ്മെ ഉദ്ബോധിപ്പിച്ചുകൊണ്ട് പ്രത്യാശയുടെ കവാടമായ സ്വർഗ്ഗരാജ്യത്തിലേയ്ക്ക് അദ്ദേഹം കടന്നുപോയി. ഏപ്രിൽ 21-ാം തീയതി തന്റെ വസതിയായ 'കാസാ സാന്താമാർത്ത'യിൽ വച്ചുള്ള അദ്ദേഹത്തിന്റെ വിയോഗം കത്തോലിക്കാ സഭയേയും ആഗോള പൊതുസമൂഹത്തെയും ദുഃഖത്തിലാഴ്ത്തി. കരുണയുടെയും പ്രത്യാശയുടെയും ആൾരൂപമായിരുന്ന ഫ്രാൻസിസ് പാപ്പ, പൗരസ്ത്യസഭകളോട്, പ്രത്യേകമായി സീറോ മലബാർ സഭയോടു സ്നേഹവും അടുപ്പവും കാണിച്ചിരുന്നു. എപ്പോഴും പ്രസന്ന വദനനായി കണ്ടുമുട്ടുന്നവർക്ക് പ്രത്യാശയുടെ തിരിനാളം പകർന്നു നൽകിയ പരിശുദ്ധ പിതാവിന്റെ വേർപാട് വേദന ഉളവാക്കുന്നതാണ്.

**ഗാസയ്ക്കുള്ള ഫ്രാൻസിസ് പാപ്പായുടെ അവസാന സമ്മാനം**

സംഘർഷങ്ങൾ നിറഞ്ഞ സമകാലീന ലോകത്ത് ഫ്രാൻസിസ് പാപ്പായുടെ സമാധാന പൈതൃകം തുടർന്നുകൊണ്ട് അദ്ദേഹം സഞ്ചരിച്ചിരുന്ന വാഹനം ഗാസ മുനമ്പിലെ കുട്ടികൾക്കായുള്ള മൊബൈൽ ക്ലിനിക്കായി മാറുന്നു. ലക്ഷക്കണക്കിന് ആളുകൾക്കരികിലേക്ക് സമാധാനത്തിന്റെ സന്ദേശവുമായി പാപ്പയെ എത്തിച്ച വാഹനമാണ് പാപ്പാ മൊബീൽ. ദുർബ്ബലരോടുള്ള പാപ്പായുടെ സ്നേഹത്തിന്റെ അടയാളമാണ് അദ്ദേഹത്തിന്റെ മരണശേഷവും സമാധാന സന്ദേശവുമായി പുതിയ മേഖലയിൽ ഉപയോഗപ്രദമാകുന്നത്.

പാപ്പായുടെ ആഗ്രഹപ്രകാരം അദ്ദേഹം ഉപയോഗിച്ചിരുന്ന വാഹനം രോഗപരിശോധനകൾക്കും, പ്രതിരോധ മരുന്നുകൾ നൽകുന്നതിനും, ജീവൻരക്ഷാസാമഗ്രികൾ കൊണ്ടുപോകുന്നതിനും ചികിത്സകൾക്കും ഉപയോഗ്യമായ രീതിയിൽ സജ്ജീകരിച്ചു വരികയാണ്. ഗാസാ മുനമ്പിലേക്കുള്ള തുടർച്ചയായ ആക്രമണങ്ങളുടെ ഫലമായി ഏതാണ്ട് പത്തുലക്ഷത്തോളം കുട്ടികളാണ് ഗാസയിൽ നിന്നും കുടിയിറങ്ങാൻ നിർബന്ധിതരായിരിക്കുന്നത്. ഗാസ മുനമ്പിലേയ്ക്ക് ഈ സഹായം തുറക്കുമ്പോൾ, അവിടുത്തെ കുട്ടികളെ ലോകം ഇനിയും മറന്നിട്ടില്ലെന്നതിന്റെ അടയാളവും മറ്റുള്ളവരും അവരെ മറക്കരുതെന്നുമുള്ള ആഹ്വാനമാണ് ഈ വാഹനമെന്ന് ഈ പദ്ധതിയ്ക്ക് മുൻകയ്യെടുക്കുന്ന കാരിത്താസ് ജനറൽ സെക്രട്ടറി പീറ്റർ ബ്രൂണെ പറഞ്ഞു.

**സീറോ മലബാർ സഭയിൽ സമുദായ ശാക്തീകരണം അനിവാര്യം**

ഏറ്റവും കൂടുതൽ വെല്ലുവിളികൾ നേരിടുന്ന സമുദായം സീറോ മലബാർ സഭയാണെന്നിരിക്കെ സമുദായ ശാക്തീകരണം അനിവാര്യമാണെന്ന് സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ പറഞ്ഞു. അനേകം പള്ളിക്കൂടങ്ങൾ, ആശുപത്രികൾ, വൃദ്ധജനങ്ങൾ ആരോരുമില്ലാത്തവരെ സംരക്ഷിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നത് നമ്മുടെ സമുദായമാണ്. ക്രിസ്തീയത ജീവിക്കുന്നത് പള്ളിക്കകത്ത് മാത്രമല്ല, പുറത്തുള്ള സഹോദരങ്ങൾക്ക് കാരുണ്യത്തിന്റെ കരം കൊടുത്തതും ശുശ്രൂഷയാണ്.

കത്തോലിക്കാ കോൺഗ്രസിനെ സമുദായ സംഘടനയായി മാറ്റേണ്ടത് ആവശ്യമാണെന്ന് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. ജബൽപൂരിലും ഒഡീഷയിലും അക്രമങ്ങൾ നടന്നു. ന്യൂനപക്ഷങ്ങളിൽ ന്യൂനപക്ഷമായ ക്രിസ്ത്യാനികൾ പലതരത്തിൽ അക്രമം നേരിടുകയാണ്. ഞങ്ങൾക്ക് ഭയമില്ല, ഞങ്ങൾക്ക് ഈശോയുണ്ട്, ഞങ്ങൾക്ക് പ്രതീക്ഷയുണ്ട്-എന്തൊക്കെ വന്നാലും ദൈവം പരിപാലിക്കുമെന്ന വിശ്വാസമുണ്ട് എന്ന് മാർ താഴത്ത് പറഞ്ഞു.

**സീറോ മലബാർ സഭാ കാര്യാലയത്തിൽ പുതിയ നിയമനങ്ങൾ**

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന കമ്മീഷന്റെ പുതിയ സെക്രട്ടറിയായി ചങ്ങനാശ്ശേരി അതിരൂപതാംഗമായ റവ. ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ, അസി. സെക്രട്ടറിയായി കോതമംഗലം രൂപതാംഗമായ റവ. ഫാ. ജോസഫ് കല്ലറയ്ക്കൽ എന്നിവരെ നിയമിച്ചു. കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷനും വിശ്വാസപരിശീലന കമ്മീഷൻ ചെയർമാനുമായ മാർ ജോസ് പുളിക്കൽ പിതാവാണ് പെർമനന്റ് സിനഡിന്റെ അംഗീകാരത്തോടെ നിയമനങ്ങൾ നടത്തിയിരിക്കുന്നത്. വിശ്വാസ പരിശീലന കമ്മീഷന്റെ സെക്രട്ടറിയായ ബഹു. പാണംപറമ്പിലച്ചനെ ദൈവവിളിക്കായുള്ള കമ്മീഷൻ സെക്രട്ടറിയായി കൂടി പെർമനന്റ് സിനഡിന്റെ അംഗീകാരത്തോടെ കമ്മീഷൻ ചെയർമാൻ മാർ ജോസഫ് അരുമച്ചാടത്ത് പിതാവ് നിയമിച്ചിട്ടുണ്ട്.

ചങ്ങനാശ്ശേരി അതിരൂപതയുടെ വിശ്വാസ പരിശീലന വിഭാഗത്തിന്റെ ഡയറക്ടറായി സേവനം ചെയ്തുവരികെയാണ് ആൻഡ്രൂസ് അച്ചന് സഭാകാര്യത്തിലേയ്ക്കുള്ള നിയമനം ലഭിക്കുന്നത്. റോമിലെ സലേഷൻ യൂണിവേഴ്സിറ്റിയിൽ നിന്ന് വിശ്വാസപരിശീലന വിഷയത്തിൽ അദ്ദേഹം ഡോക്ടറേറ്റ് നേടിയിട്ടുണ്ട്. ബഹു. ജോസഫ് കല്ലറക്കലച്ചൻ കോതമംഗലം രൂപതയുടെ വിശ്വാസപരിശീലന വിഭാഗം ഡയറക്ടർ എന്ന ചുമതല നിർവ്വഹിച്ചു കൊണ്ടായിരിക്കും കേന്ദ്ര കാര്യാലയത്തിൽ പുതിയ ഉത്തരവാദിത്വം നിറവേറ്റുന്നത്.

### കൂട്ടായ്മ വിളിച്ചോതി 139-ാമത് ചങ്ങനാശ്ശേരി അതിരൂപതാദിനം

പ്രൗഢിയും സമുദായബോധവും കൂട്ടായ്മയും വിളിച്ചോതി 139-ാമത് ചങ്ങനാശ്ശേരി അതിരൂപതാ ദിനാചരണം സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിലെ കർദ്ദിനാൾ മാർ ആന്റണി പടിയറ നഗറിൽ നടന്നു. സമ്മേളനം ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി അതിരൂപതയുടെ സഭാ, സാമൂഹ്യ, അജപാലന ചരിത്രവും പ്രവർത്തനങ്ങളും വിസ്മയമാണെന്ന് അദ്ദേഹം പറഞ്ഞു. ആർച്ച്ബിഷപ്പ് മാർ തോമസ് തറയിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മാർ ജോസഫ് പെരുന്തോട്ടം അനുഗ്രഹ പ്രഭാഷണവും ബംഗളുരു ക്രൈസ്റ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ റവ. ഡോ. ജോസ് ചേന്നാട്ടുശ്ശേരി സി.എം.ഐ മുഖ്യ പ്രഭാഷണവും നടത്തി. അതിരൂപതയുടെ പരമോന്നത ബഹുമതിയായ എക്സലൻസ് അവാർഡും, വിവിധ രംഗങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള വർക്കുള്ള ആദരവും, മികച്ച ഡയറക്ടറി, പാരീഷ് ബുള്ളറ്റിൻ തുടങ്ങിയവയ്ക്കുള്ള പുരസ്കാരങ്ങളും ഈയവസരത്തിൽ സമ്മാനിച്ചു.

ദൈവികചൈതന്യമാണ് സഭയെ നയിക്കുന്നതെന്നും മതസൗഹാർദ്ദത്തിനു വേണ്ടി നിലപാടെടുത്ത മഹത്തായ ചരിത്രമാണ് അതിരൂപതയ്ക്കുള്ളതെന്നും കൃഷ്ണമണി പോലെ മതസാഹോദര്യം കാത്തുസൂക്ഷിക്കണമെന്നും മാർ തോമസ് തറയിൽ അഭിപ്രായപ്പെട്ടു. 140-ാമത് അതിരൂപതാദിനം തൃക്കൊടിത്താനം ഫൊറോനാ ദൈവാലയത്തിൽ നടത്തുമെന്നും അതിരൂപതയിലെ മിഷൻ പ്രവർത്തനം ഒഡീഷയിലേക്കുകൂടി വ്യാപിപ്പിക്കുമെന്നും മാർ തോമസ് തറയിൽ പ്രഖ്യാപിച്ചു.

### മാർ മാത്യു മാക്കീലിന്റെ ധന്യപദവി ചങ്ങനാശ്ശേരി അതിരൂപതയ്ക്ക് ധന്യനിമിഷം

ചങ്ങനാശ്ശേരി വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കായി 1896 മുതൽ 1911 വരെ അജപാന ശുശ്രൂഷ നിർവ്വഹിച്ച മാർ മാത്യു മാക്കീലിനെ ധന്യപദവിയിലേക്കുയർത്തുന്നത് അതിരൂപതയ്ക്ക് ധന്യനിമിഷമാണെന്ന് ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ. പുണ്യചരിതരായ പിതാക്കന്മാരാൽ നയിക്കപ്പെടാൻ ഭാഗ്യം സിദ്ധിച്ച രൂപതയാണ് ചങ്ങനാശ്ശേരി അതിരൂപത. അതിരൂപതയുടെ മുൻ അദ്ധ്യക്ഷൻമാരായ മാർ തോമസ് കുര്യാളശ്ശേരി വാഴ്ത്തപ്പെട്ട പദവിയിലേക്കും മാർ മാത്യു കാവുകാട്ട് ധന്യൻ പദവിയിലേക്കും ഉടൻ എത്തിച്ചേരട്ടെയെന്നുള്ള പ്രാർത്ഥന അദ്ദേഹം അറിയിച്ചു.

വികാരിയാത്തിനു കൃത്യമായ നിയമാവലിയായ ദെക്രേത്തു പുസ്തകത്തിന്റെ രൂപീകരണം മാർ മാക്കീലിന്റെ വലിയൊരു സംഭാവനയാണ്. ബാലാരിഷ്ടതകളുള്ള രണ്ടു വികാരിയാത്തുകളെ നയിക്കുകയെന്ന ക്ലേശകരമായ ദൗത്യമാണ് അദ്ദേഹം നിർവ്വഹിച്ചതെന്ന് മാർ തോമസ് തറയിൽ അനുസ്മരിച്ചു.

## പരിഷ്കരിച്ച പി.ഒ.സി ബൈബിൾ പ്രകാശനം ചെയ്തു

പരിഷ്കരിച്ച പി.ഒ.സി ബൈബിൾ ജൂൺ നാലിന് കേരളസഭയുടെ ആസ്ഥാന കാര്യാലയമായ പാലാരിവട്ടം പി.ഒ.സിയിൽ നടന്ന ചടങ്ങിൽ കെ.സി.ബി.സി പ്രസിഡന്റ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കത്തോലിക്കാ ബാവ, പ്രൊഫ. എം.കെ. സാനുവിനു നൽകി ബൈബിളിന്റെ പ്രകാശനകർമ്മം നടത്തി. ചടങ്ങിൽ കേരളത്തിലെ എല്ലാ മെത്രന്മാരും സന്യാസസമൂഹങ്ങളുടെ സുപ്പീരിയർമാരും പങ്കെടുത്തു.

വിശുദ്ധ ഗ്രന്ഥം കാലാകാലങ്ങളിൽ പരിഷ്ക്കരിച്ച് ദൈവ ജനത്തിനു സംലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്ന മാർപാപ്പാമാരുടെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് 2008-ൽ കേരളസഭ പി.ഒ.സി ബൈബിളിന്റെ പരിഷ്കരണ ശ്രമങ്ങൾ ആരംഭിച്ചത്. 1992-ൽ തന്നെ പി.ഒ.സി ബൈബിൾ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതകളെക്കുറിച്ച് ചർച്ചകൾ ആരംഭിച്ചെങ്കിലും 2009 ജൂണിൽ അന്നത്തെ കെ.സി.ബി.സി കമ്മീഷൻ സെക്രട്ടറിയായിരുന്ന റവ. ഡോ. സൈറസ് വേലംപറമ്പി ലാണ് പുതിയ നിയമം പരിഷ്കരിക്കുന്നതിനുള്ള പ്രോജക്ട് കെ.സി.ബി.സി ക്ക് സമർപ്പിച്ചത്.

തുടർന്ന് റവ. ഡോ. അഗസ്റ്റിൻ മുള്ളൂർ കൺവീനറായി ബൈബിൾ പണ്ഡിതരുടെ സംഘം രൂപീകരിക്കുകയും മൂലഭാഷകളിൽ വിവർത്തനം ആരംഭിക്കുകയും 2012-ൽ പരിഷ്ക്കരിച്ച പുതിയനിയമം പ്രസിദ്ധീകരിക്കുകയും ചെയ്തു. 2015-ൽ അന്നത്തെ ബൈബിൾ കമ്മീഷൻ സെക്രട്ടറിയായിരുന്ന റവ. ഡോ. ജോഷി മയ്യാറ്റിൽ പഴയനിയമം പരിഷ്ക്കരിക്കുന്നതിനുള്ള പ്രോജക്ട് കെ.സി.ബി.സി ക്ക് സമർപ്പിക്കുകയും ചെയ്തു. അദ്ദേഹത്തോടൊപ്പം വിവിധ ബൈബിൾ പണ്ഡിതന്മാർ അടങ്ങുന്ന സംഘം വിവിധ ഘട്ടങ്ങളായി പുരോഗമിച്ച പരിഷ്ക്കരണ പ്രവർത്തനങ്ങൾ 2024-ൽ പൂർത്തീകരിച്ചു.

പരിഭാഷയുടെ കൃത്യതയ്ക്കും ഭാഷാസംശോധനയ്ക്കും വേണ്ട തിരുത്തലുകൾക്കുശേഷം പരിഷ്ക്കരിച്ച പി.ഒ.സി സമ്പൂർണ്ണ ബൈബിളാണ് പ്രകാശിതമായത്.



# സ്മരണീയ ദിനങ്ങൾ

**ആഗസ്റ്റ് 2025**

1 പതിനഞ്ചുനോമ്പാചരണം
6 കർത്താവിന്റെ രൂപാന്തരീകരണം
8 മാർ മാറി
15 മറിയത്തിന്റെ സ്വർഗ്ഗാരോപണം (കടമുള്ള ദിവസം)
23 മാർ ബർത്തലോമിയോ ശ്ലീഹാ (ആഗസ്റ്റ് 24)
29 മർത്ത്ശ്മോനിയും ഏഴു മക്കളും
29 മർത്ത് എവുപ്രാസ്യാ

**സെപ്റ്റംബർ 2025**

5 മാർ ശിമയോൻ ബർസബായും സഹ രക്തസാക്ഷികളും
8 മറിയത്തിന്റെ ജനനതിരുനാൾ
13 മാർ ജോൺ ക്രിസോസ്തോം
മാർ സ്ലീവാ കണ്ടെത്തിയ തിരുനാൾ
20 മാർ മത്തായി ശ്ലീഹാ (സെപ്റ്റംബർ 21)
27 വി. വിൻസെന്റ് ഡി പോൾ
29 മിഖായേൽ, ഗബ്രിയേൽ, റഫായേൽ
30 വി. ജെറോം

**ഒക്ടോബർ 2025**

1 വി. കൊച്ചുത്രേസ്യാ
2 കാവൽ മാലാഖമാർ
4 വി. ഫ്രാൻസിസ് അസ്സീസി
9 കാവുകാട്ടു പിതാവിന്റെ ചരമവാർഷികം
15 ആവിലായിലെ വി. ത്രേസ്യാ
16 വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ
17 അന്ത്യോക്യായിലെ മാർ ഇഗ്നേഷ്യസ്
18 മാർ ലൂക്കാ സുവിശേഷകൻ
22 വി. ജോൺ പോൾ രണ്ടാമൻ
27 കാളാശ്ശേരി പിതാവിന്റെ ചരമവാർഷികം
28 ശിമയോൻ, യൂദാ തദേവൂസ് ശ്ലീഹന്മാർ



# കുടുംബകൂട്ടായ്മ ഭവനങ്ങൾ

**മാർ യൗസേപ്പ് കൂട്ടായ്മ**

| | |
|---|---|
| ആഗസ്റ്റ് | തുണ്ടിയിൽ റ്റിജോ മാത്യു |
| സെപ്റ്റംബർ | കുപ്പമല മത്തായി കെ.എം. |
| ഒക്ടോബർ | തൊണ്ടമ്പള്ളിയിൽ ഔസേപ്പ് ഏബ്രഹാം |

**മാർ പൗലോസ് ശ്ലീഹാ കൂട്ടായ്മ**

| | |
|---|---|
| ജൂലൈ | കൊട്ടൂപ്പള്ളിൽ ഷാജി മാത്യു (വാർഷികം) |
| ആഗസ്റ്റ് | കൊട്ടൂപ്പള്ളിൽ സെബാസ്റ്റ്യൻ തോമസ് |
| സെപ്റ്റംബർ | തടമുറിയിൽ ബിജു റ്റി. കുര്യൻ |
| ഒക്ടോബർ | തടമുറിയിൽ കുര്യൻ റ്റി.കെ. |

**മാർ അന്തോനീസ് കൂട്ടായ്മ**

| | |
|---|---|
| ആഗസ്റ്റ് | തോപ്പിൽ ജോർജ് ജോസഫ് |
| സെപ്റ്റംബർ | അപ്പച്ചേരിൽ ജോസഫ് എ.ഒ. |
| ഒക്ടോബർ | അപ്പച്ചേരിൽ വർക്കി എ.ഒ. |

**മാർ ഫ്രാൻസീസ് കൂട്ടായ്മ**

| | |
|---|---|
| ആഗസ്റ്റ് | മരുതുംകുഴിയിൽ ഏബ്രഹാം എം.എ. |
| സെപ്റ്റംബർ | അപ്പച്ചേരിൽ സജി ജോർജ് |
| ഒക്ടോബർ | തൊണ്ടമ്പള്ളിൽ ജോസഫ് റ്റി.ജെ. |

**മദർ തെരേസാ കൂട്ടായ്മ**

| | |
|---|---|
| ആഗസ്റ്റ് | കോഴിമറ്റത്തിൽ മാത്യു കെ.വി. |
| സെപ്റ്റംബർ | കോഴിമറ്റത്തിൽ തോമസ് ജോർജ് |
| ഒക്ടോബർ | കോഴിമറ്റത്തിൽ ജോർജ് കെ.വി. |

**മർത്ത് അൽഫോൻസാ കൂട്ടായ്മ**

ആഗസ്റ്റ് ചാലിൽ ഷിന്റോ

സെപ്റ്റംബർ പള്ളിക്കുന്നേൽ ഗ്രേസി

ഒക്ടോബർ മേച്ചേരിൽ സുനിൽ

**മാർ സെബസ്ത്യാനോസ് സഹദാ കൂട്ടായ്മ**

ആഗസ്റ്റ് പുത്തൻപുരയിൽ തങ്കമ്മ

സെപ്റ്റംബർ വട്ടക്കോട്ടയിൽ ജെയിംസ്

ഒക്ടോബർ പുത്തൻപുരയിൽ ബേബി

**ലിറ്റിൽ ഫ്ളവർ കൂട്ടായ്മ**

ആഗസ്റ്റ് കണ്ണോത്ത് സന്തോഷ്

സെപ്റ്റംബർ മണ്ണനാൽ ലിനു മാത്യു

ഒക്ടോബർ മണ്ണനാൽ വിൻസുകുട്ടി

**മാർ യൂദാശ്ലീഹാ കൂട്ടായ്മ**

ആഗസ്റ്റ് മണ്ണനാൽ ജെയിംസ് ജോസ്

സെപ്റ്റംബർ മാരാംകുഴിയിൽ ജോസഫ് തോമസ്

ഒക്ടോബർ മാരാംകുഴിയിൽ കാതറൈൻ ചാക്കോ (വാർഷികം)

**മാർ ചാവറ കുര്യാക്കോസ് കൂട്ടായ്മ**

ആഗസ്റ്റ് വിലങ്ങുപാറയിൽ ഏലിയാമ്മ ചാക്കോ

സെപ്റ്റംബർ വെട്ടുകാട്ടുപുളിക്കൽ ഷാജി ജോസഫ്

ഒക്ടോബർ പടിഞ്ഞാറെക്കുറ്റ് ജേക്കബ് പി.കെ.

**മാർ തോമാശ്ലീഹാ കൂട്ടായ്മ**

ആഗസ്റ്റ് കടിയനാട്ട് ജോസ് കെ.പി.

സെപ്റ്റംബർ കൊല്ലംകുന്നേൽ തോമസ് കെ.റ്റി.

ഒക്ടോബർ കുന്നേൽ ജയ്മോൻ

**മാർ ഗീവർഗീസ് സഹദാ കൂട്ടായ്മ**

ആഗസ്റ്റ് പാലയ്ക്കാമറ്റം തോമസ് ജോർജ്

സെപ്റ്റംബർ മീൻപുഴയ്ക്കൽ കിഴക്കേകുറ്റ് ഏബ്രഹാം കെ.എം.

ഒക്ടോബർ തടമുറിയിൽ ബൈജു വർഗീസ്

# ക്വിസ് ചോദ്യങ്ങൾ

1. വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്. (2 തിമോ. 3/16). 'ദൈവനിവേശിതം' എന്ന വാക്കിന്റെ ഗ്രീക്ക് പദം
2. ദൈവവചനത്തെ നിത്യജീവിതത്തിലേക്ക് വിവർത്തനം ചെയ്യാൻ കഴിയുംവിധമുള്ള സഹായവും ആശ്വാസവും നമുക്ക് ലഭിക്കുന്നത് ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ്.
3. ഭൗമിക തീർത്ഥാടന യാത്രയെ ശക്തിപ്പെടുത്തുകയും മൗതിക ശരീരമായ സഭയെ വിശുദ്ധീകരിക്കുകയും ചെയ്യുന്നത് എന്താണ്?
4. സഭാ പാരമ്പര്യമനുസരിച്ച് ദൈനംദിന യാമ പ്രാർത്ഥനയിലെ രണ്ട് മൂലക്കല്ലുകൾ എന്നറിയപ്പെടുന്ന മുഖ്യ പ്രാർത്ഥനകൾ ഏതൊക്കെ?
5. പരിശുദ്ധ കുർബാനയിലെ കർത്താവിന്റെ യഥാർത്ഥ സാന്നിധ്യം തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നത് ആരാണ്?
6. എല്ലാ സഭകളും കൂട്ടായ്മയിലാണെന്നും എല്ലാ ക്രൈസ്തവരും ഒരേ വിശ്വാസം പ്രഘോഷിക്കുന്നവരാണെന്നും വെളിവാക്കുന്ന അടയാളമായിരുന്നു ഇത്. ഏത്...............?
7. 'ദൈവവചനത്തെ സ്വീകരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ട് ക്രിസ്ത്യൻ കുടുംബം അതിന്റെ ...... നിറവേറ്റുന്നു. (കുടുംബം ഒരു പങ്കാളിത്തം, വി. ജോൺ പോൾ രണ്ടാമൻ)
8. 'നിങ്ങൾ നല്ലവരാകാൻ നിങ്ങളുടെ ഹൃദയം കർത്താവിന് കൊടുക്കുക. പകരം കർത്താവിന്റെ ഹൃദയം ചോദിച്ചു വാങ്ങുക.' ആരുടെ വാക്കുകളാണിത്?
9. പാവങ്ങളുടെയും ഭൂമിയുടെയും നിലവിളി ശ്രവിക്കപ്പെടാൻ തക്കവണ്ണം പരിസ്ഥിതിയെക്കുറിച്ചുള്ള ചർച്ചകളിൽ നീതി സമന്വയിപ്പിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്ന, ഫ്രാൻസിസ് മാർപാപ്പയുടെ ചാക്രികലേഖനം?

10. ...... കൂട്ടായ്മയുടെ അതിശക്തമായ ഉപകരണമാണ്.
11. ജൂൺ 8 തിരുനാൾദിനം, 2019 ഒക്ടോബർ 13 ന് വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടു. "എനിക്ക് കർത്താവല്ലാതെ ലോകത്തിൽ യാതൊന്നും വേണ്ട" എന്ന് ഏറ്റുചൊല്ലി ജീവിച്ചു. ഈ വിശുദ്ധ ആരാണ്?
12. ക്രിസ്തുരഹസ്യം വർത്തമാനകാലത്തിലേക്ക് തുളച്ചു കയറുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നുവെന്ന അവബോധത്തിൽ, ദിനരാത്രങ്ങളുടെ മുഴുവൻ സമയവും ദൈവസ്തുതിക്കായി ഉപയോഗിക്കാൻ നമ്മെ പ്രാപ്തരാക്കുന്ന പ്രാർത്ഥന.
13. സഭയുടെ ധ്യാനാത്മകമായ വിളിയെക്കുറിച്ച് ഉദ്ബോധിപ്പിക്കുന്ന ദൈവവചനഭാഗം
14. നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനവും നമ്മുടെ വിശ്വാസത്തിന്റെ കാതലും ....... ഉം .......... ഉം ആണ്.
15. സീറോ മലബാർ സഭയുടെ ദൈവവിളിക്കായുള്ള കമ്മീഷന്റെ പുതിയ സെക്രട്ടറി.

## 2025 ഫെബ്രുവരി - മെയ് ലക്കം ഉത്തരങ്ങൾ

**മംഗളവാർത്ത ക്വിസ്**

1. മാർ ആന്റണി പടിയറ 2. മാർ ജോർജ് കൂവക്കാട്
3. വി. ആഗസ്തീനോസ് 4. സൊസൈറ്റി ഓഫ് ജീസസ്
5. വി. മത്തായിയുടെ 6. മാർ ജോസഫ് പവ്വത്തിൽ
7. വി. ഫ്രാൻസിസ് അസീസ്സി
8. Life - My Story Through History
9. വ്യക്തിപരവും 10. ദി 21
11. കടന്നുപോവുക/അവസാനിക്കുക
12. ക്രൈസ്തവ പ്രത്യാശ 13. മാർ ആന്റണി പടിയറ
14. ജൂൺ 24 15. 1300

ആകെ 9 പേർ പങ്കെടുത്തു. 14 ഉത്തരങ്ങൾ ശരിയായി എഴുതിയ മൂന്ന് പേരിൽ നിന്നും നറുക്കിട്ടെടുത്ത് ബിൻസി ബാബു തടമുറിയിൽ സമ്മാനാർഹയായി.

1. ബിൻസി ബാബു തടമുറിയിൽ
2. തോമസ് ജോസഫ് തോപ്പിൽ
3. എൽസി ആന്റണി താഴത്തേടത്ത്

## എല്ലാ മാസവും ഓർമ്മിക്കാൻ

| | |
|---|---|
| **ആദ്യവെള്ളി** | - **രോഗികൾക്ക് പരിശുദ്ധ കുർബാന (8.00 am)** |
| **ഒന്നാം ഞായർ** | - **കുടുംബക്കൂട്ടായ്മ ലീഡേഴ്സ് മീറ്റിംഗ് (8.00 am)** |
| | - **തിരുബാലസംഖ്യം (11.30 am)** |
| | - മാർ യൗസേപ്പ് കൂട്ടായ്മ (**4.00 pm**) |
| | - മാർ അന്തോനിസ് കൂട്ടായ്മ (**5.00 pm**) |
| | - മാർ പത്രോസ് കൂട്ടായ്മ (**6.00 pm**) |
| **രണ്ടാം ശനി** | - **മിഷൻലീഗ് യോഗം (7.30 am)** |
| | - **യുവജനങ്ങളുടെ യോഗം (7.30 am)** |
| രണ്ടാം ഞായർ | - **ഇടവക പ്രതിനിധി യോഗം (8.00 am)** |
| | - മർത്ത് അൽഫോൻസാ കൂട്ടായ്മ (**4.00 pm**) |
| | - മദർ തെരേസാ കൂട്ടായ്മ (**5.00 pm**) |
| | - മാർ ഫ്രാൻസീസ് അസ്സീസി കൂട്ടായ്മ (**6.00 pm**) |
| **മൂന്നാം ഞായർ** | - **ചാസ് എക്സിക്യൂട്ടീവ് (8.00 am)** |
| | - മാർ യൂദാശ്ലീഹാ കൂട്ടായ്മ (**4.00 pm**) |
| | - ലിറ്റിൽ ഫ്ളവർ കൂട്ടായ്മ (**5.00 pm**) |
| | - മാർ സെബസ്ത്യാനോസ് കൂട്ടായ്മ (**6.00 pm**) |
| **നാലാം ശനി** | - **മതാദ്ധ്യാപകരുടെ യോഗം (5.00 pm)** |
| **നാലാം ഞായർ** | - **മാതൃ-പിതൃവേദി യോഗം (8.00 am)** |
| | - മാർ ചാവറ കുര്യാക്കോസ് കൂട്ടായ്മ (**4.00 pm**) |
| | - മാർ തോമാശ്ലീഹാ കൂട്ടായ്മ (**5.00 pm**) |
| | - മാർ ഗീവർഗീസ് സഹദാ കൂട്ടായ്മ (**6.00 pm**) |

എല്ലാ **ചൊവ്വാഴ്ച**യും **സീനിയർ സിറ്റിസൺസ് ഫോറം മീറ്റിംഗ് (4.00 pm)**

## കിഡ്സ് കോർണർ



### ചെറുകഥ

# നിധിയുടെ വിശ്വാസം

ടോമി ബാംഗ്ലൂരിൽ എഞ്ചിനീയറാണ്. അവൻ പഠിക്കുന്ന കാലം മുതൽ വലിയ ഒരു ദൈവഭക്തനായിരുന്നു. അവനെ സെമിനാരിയിൽ വിടാൻ അവന്റെ അമ്മ അതിയായി ആഗ്രഹിച്ചു. പക്ഷേ അവന്റെ അപ്പച്ചൻ അതിനെ ശക്തിയായി എതിർത്തു. കാരണം അപ്പച്ചനോട് അവനു വലിയ സ്നേഹമായിരുന്നു. അപ്പച്ചനു തിരിച്ചും. അവൻ ചെറുപ്പത്തിൽ അപ്പച്ചനെ കെട്ടിപ്പിടിച്ചു കിടന്നാണ് ഉറങ്ങിയിരുന്നത്. എഞ്ചിനീയറിംഗിനു പഠിക്കാൻ ചെന്നൈയിലേക്കു അവൻ പോയപ്പോൾ അവന്റെ അപ്പച്ചൻ ഒരാഴ്ചത്തേക്ക് ആഹാരംപോലും കഴിക്കാതെ സങ്കടപ്പെട്ടിരിക്കുക യായിരുന്നു. അങ്ങനെ അപ്പച്ചന്റെ പ്രിയപ്പെട്ട മകനു കല്യാണ പ്രായമായപ്പോൾ അവനു ചേർന്ന ഒരു പെൺകുട്ടിയെ ലഭിക്കാ നായി നോമ്പെടുത്ത് അവന്റെ മാതാപിതാക്കൾ പ്രാർത്ഥിച്ചു. ദൈവം അവരുടെ പ്രാർത്ഥന കേട്ടു.

ആനിയും വളരെ നല്ല ഒരു പെൺകുട്ടിയായിരുന്നു. പഠിക്കാൻ ബഹുമിടുക്കിയും. പള്ളിയിൽ ഗായകസംഘത്തിലെ ഒരംഗ വുമായിരുന്നു. ടോമിയുടെ മാതാപിതാക്കൾക്ക് അവളെ വളരെ യധികം ഇഷ്ടമായി. അങ്ങനെ ടോമിയുടെയും ആനിയുടെയും വിവാഹം കഴിഞ്ഞു. അവർ രണ്ടുപേരും ജോലിക്കായി ബാംഗ്ലൂർക്കുപോയി. ടോമിയുടെ അപ്പച്ചൻ അവർക്ക് താമസിക്കാൻ ഒരു ഫ്ളാറ്റ് വാങ്ങിക്കൊടുത്തു. ആനിയുടെ വീട്ടിൽ നിന്ന് ഒരു കാറും. രണ്ടുപേരും വളരെ സന്തോഷത്തിൽ കഴിഞ്ഞുവന്നു.

മൂന്നുവർഷം കടന്നുപോയി. എന്നാൽ അവർക്ക് അതുവരെയും കുഞ്ഞുങ്ങളൊന്നും ഉണ്ടായില്ല. ടോമിയും ആനിയും അവരുടെ മാതാപിതാക്കളും ദുഃഖിതരായി. നേർച്ചകൾ നേരാത്ത പള്ളികൾ ഇല്ല. നോക്കാത്ത നോമ്പുകളില്ല. അങ്ങനെയിരിക്കെ ദൈവം അവരുടെ പ്രാർത്ഥന കേട്ടു. ടോമിനും ആനിക്കും ഒരു പെൺകുഞ്ഞ് പിറന്നു. അവർ അവൾക്ക് നിധി എന്നുപേരിട്ടു.

നിധി ഒരു സുന്ദരിക്കുട്ടിയായിരുന്നു. നല്ല ഐശ്വര്യമുള്ള മുഖം. ചുവന്ന ചുണ്ടുകൾ. ആരുകണ്ടാലും അവളെ ഒന്നെടുത്ത് ഓമനിക്കും. കുഞ്ഞുന്നാളിൽ അവൾക്ക് എപ്പോഴും ജലദോഷവും പനിയും ചുമയും ഒക്കെയായി ടോമിനും ആനിക്കും ആശുപത്രിയിൽ പോകേണ്ടിവന്നു. ടോമിന്റെ അപ്പച്ചന്റെ ഒരു നേർച്ച വേളാങ്കണ്ണിപള്ളിയിൽ കൊച്ചിനെയും കൊണ്ടുപോകാം എന്നതായിരുന്നു.

നിധിമോൾക്ക് എപ്പോഴും അസുഖമായിരുന്നതിനാൽ ഈ നേർച്ച നിറവേറ്റാൻ അവർക്കു സാധിച്ചില്ല. നിധി വളർന്നു. അവൾക്ക് അഞ്ചു വയസ്സായി. പ്രായത്തിൽ കവിഞ്ഞ പക്വതയുള്ള കുട്ടിയായിരുന്നു അവൾ. ദൈവം കനിഞ്ഞു നൽകിയ കുട്ടിയായതുകൊണ്ടാണോ എന്തോ അവൾ വലിയ ബുദ്ധിമതിയും നല്ല ഈശ്വരഭക്തയുമായിരുന്നു. അഞ്ചു വയസ്സ് പ്രായമേ ആയുള്ളു എങ്കിലും സുവിശേഷം വായിക്കാനും ഈശോയെക്കുറിച്ച് അറിയാനും അവൾക്ക് നല്ല ഉത്സാഹമായിരുന്നു.

അങ്ങനെയിരിക്കെ ടോമിന്റെ അപ്പച്ചൻ പറഞ്ഞു "മോനെ നേർച്ചകൾ വൈകിപ്പിക്കുന്നത് നന്നല്ല. അതുകൊണ്ട് നിധിമോളേയും കൊണ്ട് നിങ്ങൾ വേളാങ്കണ്ണിക്കു പോകണം." ആ സമയത്ത് ടോമിന്റെ ഇടവക പള്ളിയിൽ നിന്നും മാതൃ-പിതൃ സംഘടനയുടെ നേതൃത്വത്തിൽ വേളാങ്കണ്ണി പള്ളിയിലേക്ക് തീർത്ഥാടനം പോകുവാൻ തീരുമാനിച്ചതായി ടോം അറിഞ്ഞു. അവൻ ഉടനെതന്നെ മൂന്നു സീറ്റ് ബുക്കുചെയ്തു.

വേളാങ്കണ്ണി പള്ളിയിലേക്ക് തീർത്ഥാടനം ചെയ്യാനായി ടോമും ആനിയും നിധിയും നോമ്പെടുത്ത് തയ്യാറായി ഇരുന്നു. അങ്ങനെ ആ സുന്ദര സുദിനം എത്തിച്ചേർന്നു. വൈകുന്നേരം അഞ്ചു മണിയോടെ പള്ളിയിൽ നിന്ന് ടൂറിസ്റ്റ് ബസ് വേളാങ്കണ്ണിയിലേക്ക് പുറപ്പെട്ടു.

ബസിൽ പ്രാർത്ഥനയും സംസാരവും ചിരിയും കളിയും എല്ലാമായി രാവിലെ അവർ വേളാങ്കണ്ണിയിലെത്തി. ഹോട്ടലിൽ എല്ലാവർക്കും മുറിയെടുത്തിരുന്നു. എല്ലാവരും തങ്ങളുടെ ബാഗും സാധനങ്ങളും എല്ലാ മുറിയിൽ വച്ചിട്ട് വേളാങ്കണ്ണി പള്ളിയിലേക്കുപോയി.

വേളാങ്കണ്ണി പള്ളിയിലെ പെരുന്നാൾ അന്നായിരുന്നു. ധാരാളം ആളുകൾ ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും വന്നിട്ടുണ്ട്. പല ഭാഷകൾ സംസാരിക്കുന്ന ധാരാളം ജനങ്ങൾ, നല്ല തിരക്ക്. ടോമും ആനിയും നിധിമോളുടെ കൈയിൽ മുറുകെപിടിച്ചു. കൈ വിട്ടുപോയാൽ എവിടെ അന്വേഷിക്കും?

അവർ പള്ളിയിൽ കയറി കുർബാനയിൽ സംബന്ധിച്ചു. കുർബാന സ്വീകരിക്കാൻ പോയി തിരികെ വന്നപ്പോൾ നിധിമോളെ കാണുന്നില്ല. ആനിയും ടോമും ആകെ വിഷമിച്ചു. കൂടെ വന്നവരോടു ചോദിച്ചു. അവരൊക്കെ കൈമലർത്തി. പെട്ടെന്ന് ആനി ബോധം കെട്ടുനിലത്തുവീണു. ടോമിന് എന്തുചെയ്യണമെന്ന് അറിയാൻ മേല. മോളെ കാണുന്നില്ല, ആനി ബോധംകെട്ടു കിടക്കുന്നു. അയാൾ അടുത്തുനിന്ന ഒരാളുടെ തോളിലേക്കു ചാരി ഏങ്ങി ഏങ്ങിക്കരഞ്ഞു.

കുർബാന കഴിഞ്ഞ് ജനങ്ങൾ പുറത്തേക്കിറങ്ങിത്തുടങ്ങി. ആരോ കുറെ വെള്ളമെടുത്ത് ആനിയുടെ മുഖത്തു തളിച്ചു. അവൾ എണീറ്റിരുന്നു. ‘‘എന്റെ മോളെവിടെ? ടോം അവളെവിടെ? എനിക്കിപ്പോൾ എന്റെ മോളെ കാണണം.’’ ആനി ആർത്തലച്ചു കരയാൻ തുടങ്ങി. ടോം നിസ്സഹായനായി നിലത്തിരുന്നുപോയി. അവളെ ആശ്വസിപ്പിക്കാൻ അവനു വാക്കുകളില്ല. അവൻ മാതാവിനെ വിളിച്ചുകരഞ്ഞു. ‘‘അമ്മേ ഞങ്ങൾ എത്ര കരഞ്ഞു പ്രാർത്ഥിച്ചുകിട്ടിയ കുഞ്ഞാണ് ഞങ്ങളുടെ നിധിമോൾ. അവളെ ഞങ്ങൾക്കു കാണിച്ചുതരണേ. അവളില്ലാതെ ഞങ്ങൾ ഇവിടെനിന്നും തിരിച്ചുപോകുകയില്ല.’’ ആനിയും കൂടെവന്ന എല്ലാവരും അവർക്കറിയാവുന്ന പ്രാർത്ഥനകളെല്ലാം ഉരുവിടാൻ തുടങ്ങി. അപ്പോൾ അതാ നിധിമോൾ ഒരു മാലാഖയെപ്പോലെ ഓടിവരുന്നു. ‘‘പപ്പാ, മമ്മീ ഞാൻ വേളാങ്കണ്ണി മാതാവിന്റെ അടുത്തുപോയി പ്രാർത്ഥിച്ചു. മാതാവിനെ കാണാൻ എന്തു ഭംഗിയാ. നിങ്ങളും വാ നമുക്കുപോയി പ്രാർത്ഥിക്കാം.’’

കരഞ്ഞുകലങ്ങിയ കണ്ണുകളിൽ നിന്ന് ആനന്ദാശ്രുക്കൾ പൊഴിച്ച് ടോമും ആനിയും അവളെ കെട്ടിപ്പിടിച്ച് ഉമ്മവച്ചു. ആനി അവളോടു ചോദിച്ചു "മോളെ നീ എന്താ ഈ ചെയ്തത്. ഞാനും നിന്റെ പപ്പയും എത്ര വിഷമിച്ചു എന്നോ?" ഉടൻ അവൾ മറുപടി പറഞ്ഞു "നിങ്ങൾ എന്തിനാണ് വിഷമിച്ചത്. നിങ്ങൾ എന്നോട് എപ്പോഴും പറയില്ലായിരുന്നോ നിന്നെ ഞങ്ങൾക്കുതന്നത് മാതാവാണെന്ന്. ആ മാതാവിനെ കാണാൻ ഞാൻ പോയതല്ലേ." ആ കൊച്ചുമിടുക്കിയുടെ മറുപടി കേട്ടപ്പോൾ ടോമിനും ആനിക്കും ഉത്തരംമുട്ടി.

കേട്ടുനിന്ന ഒരാൾ പറഞ്ഞു "ആ കൊച്ചിന്റെ വിശ്വാസം എത്ര വലുതാണ്. അവളെ മാതാവാണ് കൊടുത്തതെന്ന് അവൾ വിശ്വസിക്കുന്നു. നമ്മളൊക്കെ ഇത്രയും വളർന്നെങ്കിലും ആ കൊച്ചിന്റെ വിശ്വാസത്തിന്റെ ഏഴയലത്തുപോലും എത്തില്ലല്ലോ."

എല്ലാവരും കൂടി "ദൈവത്തിനു സ്തോത്രം പാടിടുവിൻ..." എന്ന ഗാനം സന്തോഷത്തോടെ ആലപിച്ച് പള്ളിയിൽ നിന്നും ഇറങ്ങി. പോരുന്ന വഴിയിൽ വച്ച് നിധി ആനിയോടും ടോമിനോടും ചോദിച്ചു "എന്നെ നിങ്ങൾക്ക് തന്നത് മാതാവാണെങ്കിൽ ആ മാതാവ് എന്നെ നഷ്ടപ്പെടാതെ കാത്തുകൊള്ളില്ലേ. ഞാനും മാതാവിനോടു നന്ദി പറഞ്ഞു പ്രാർത്ഥിക്കുകയായിരുന്നു. നിങ്ങളുടെ മകളായി ജനിക്കുവാൻ എന്നെ അനുഗ്രഹിച്ചതിന്." അവൾ തുടർന്നു "ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുക. അവിടുന്നു നമ്മെ കൈവിടുകയില്ല." അവളുടെ വിശ്വാസത്തിന്റെ തീഷ്ണത കണ്ട് എല്ലാവരും അത്ഭുതപ്പെട്ടു. വൈകുന്നേരം എല്ലാവരും കൂടി അവരുടെ ഇടവകയിലേക്കു യാത്രതിരിച്ചു.

***ടെസ്സാ ടിമ്മി പന്തപ്ലാക്കൽ***

**പ്രത്യേക അറിയിപ്പ്**

മംഗളവാർത്തയ്ക്ക് പരസ്യമാറ്ററുകളും ഫോട്ടോകളും മറ്റും അയയ്ക്കേണ്ട ഇ-മെയിൽ അഡ്രസ്

**mangalavartha2019@gmail.com**



## ദുക്റാന തിരുനാൾ ആശംസകൾ

# വാസ്തുശില്പിയായ തോമസ്

*(The Acts of Thomas (തോമ്മായുടെ പ്രവൃത്തികൾ) എന്ന അപ്പോക്രിഫൽ ഗ്രന്ഥത്തിൽ വി. തോമ്മാശ്ലീഹായെക്കുറിച്ച് പ്രതിപാദിക്കുന്ന വിവരണത്തിൽ നിന്നെടുത്തത്)*

'എല്ലാ ജനതകളെയും പഠിപ്പിക്കുക' എന്ന ഈശോയുടെ കല്പന എങ്ങനെ നടപ്പിലാക്കണമെന്ന് തീരുമാനിക്കാൻ അപ്പസ്തോലന്മാർ ജറുസലേമിൽ ഒരുമിച്ചു കൂടിയതായി യൂദാസ് തോമസിന്റെ പ്രവൃത്തികൾ പറയുന്നു. ഓരോരുത്തരും ഏതു ഭാഗത്താണ് സുവിശേഷം പ്രസംഗിക്കേണ്ടതെന്ന് നിർണ്ണയിക്കാൻ അവർ ലോകത്തെ നറുക്കെടുപ്പിലൂടെ വിഭജിച്ചു. തോമസിനു നറുക്കു വീണത് ഇന്ത്യയിലേയ്ക്ക് പോകുവാനാണ്. പക്ഷേ അദ്ദേഹം അവിടേയ്ക്ക് പോകുവാൻ വിസമ്മതിച്ചു. അപ്പോൾ ഈശോ ഒരു ദർശനത്തിൽ പ്രത്യക്ഷപ്പെട്ട് തോമസിനെ ആശ്വസിപ്പിച്ചു. "തോമസേ, ഭയപ്പെടേണ്ട, കാരണം എന്റെ കൃപ നിന്നോടൊപ്പമുണ്ട്." തോമസ് അപ്പോഴും മടിച്ചു. 'കർത്താവേ നീ ആഗ്രഹിക്കുന്നിടത്തേയ്ക്ക് എന്നെ അയയ്ക്കുക. എന്നാൽ ഞാൻ ഇന്ത്യയിലേയ്ക്ക് പോകത്തില്ല.' ഇക്കാലയളവിൽ ഇന്തോ-പാർ

ത്ഥിയൻ രാജാവായ ഗുണ്ടാഫോറസ് തന്റെ രാജ്യത്തിനായി ഒരു കൊട്ടാരം പണിയാൻ വാസ്തുശില്പിയെ അന്വേഷിക്കുകയായിരുന്നു. അതിനായി ഹബ്ബാനെ ജറുസലേമിലേയ്ക്ക് രാജാവ് അയച്ചു. ഹബ്ബാൻ മരപ്പണിക്കാരനായ തോമസിനെ പരിചയപ്പെടുകയും അദ്ദേഹത്തെ കടൽമാർഗ്ഗം ഇന്ത്യയിലെത്തിക്കുകയും ചെയ്തു.

ഗുണ്ടഫോറസ് തന്റെ കഴിവുകളെക്കുറിച്ച് ചോദിച്ചപ്പോൾ തോമസ് താൻ ഒരു മരപ്പണിക്കാരനും നിർമ്മാതാവുമാണെന്ന് മറുപടി നൽകി. രാജാവ് തനിക്കുവേണ്ടി ഒരു കൊട്ടാരം പണിയാൻ തോമസിനെ നിയമിച്ചു. രാജാവ് അദ്ദേഹത്തെ നഗരകവാടങ്ങൾക്ക് പുറത്തേക്ക് കൊണ്ടുപോയി. അടിത്തറകൾ, നിർമ്മാണ രീതികൾ തുടങ്ങിയ പ്രായോഗിക കാര്യങ്ങൾ ചർച്ച ചെയ്യുകയും കൊട്ടാരം എവിടെയാണ് വേണ്ടതെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തു. എന്നാൽ നിലം ചതുപ്പുനിലമായതിനാൽ ശൈത്യകാലം വരുന്നതുവരെ ജോലി ആരംഭിക്കാൻ കഴിയില്ലെന്ന് തോമസ് പറഞ്ഞു. എന്നിരുന്നാലും അദ്ദേഹം ഒരു വടി ഉപയോഗിച്ച് നിലത്ത് കൊട്ടാരത്തിന്റെ പ്ലാൻ വരച്ചു. ഇതിൽ തൃപ്തനായ ഗുണ്ടഫോറസ് രാജാവ് തനിക്ക് വളരെക്കാലം തലസ്ഥാനത്തു നിന്ന് വിട്ടു നില്ക്കേണ്ടിവന്നതിനാൽ തോമസിനു വേണ്ട പണം നൽകി മടങ്ങി.

'യൂദാസ് തോമസിന്റെ പ്രവൃത്തികൾ' അനുസരിച്ച്, ഗുണ്ടഫോറസിനുവേണ്ടി അപ്പസ്തോലൻ തടികൾ വെട്ടിയില്ല. കല്ലുകൾ സ്ഥാപിച്ചില്ല. രാജാവ് തലസ്ഥാനത്തേയ്ക്ക് മടങ്ങിയെത്തിയപ്പോൾ സുഹൃത്തുക്കൾ - തോമസ് ഒന്നും നിർമ്മിച്ചിട്ടില്ലെന്നും, ദരിദ്രർക്ക് എല്ലാം നൽകിയിട്ടുണ്ടെന്നും പുതിയൊരു ദൈവത്തെ പ്രസംഗിച്ചിട്ടുണ്ടെന്നും, രോഗികളെ സുഖപ്പെടുത്തിയെന്നും, പിശാചുക്കളെ പുറത്താക്കിയെന്നും, മറ്റ് അത്ഭുതങ്ങൾ പ്രവർത്തിച്ചെന്നും, അദ്ദേഹം ഒരു മാന്ത്രികനാണെന്നും - അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം വളരെ ലളിതജീവിതം നയിക്കുന്നവനും, ദയാലുവും, നിരന്തരം പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ചെയ്യുന്നു. അപ്പം മാത്രം ഭക്ഷിക്കുന്നു. വെള്ളം മാത്രം കുടിക്കുന്നു.

പഴയ വസ്ത്രം ധരിക്കുന്നു. അതിനാൽ അദ്ദേഹത്തെ നീതിമാനായോ, അപ്പസ്തോലനായോ കണക്കാക്കണം.

ഗുണ്ടഫോറസ് രാജാവ് ഹബ്ബാനെയും തോമസിനേയും വിളിപ്പിച്ചു. "നിങ്ങൾ എനിക്ക് കൊട്ടാരം പണിതോ?" അദ്ദേഹം അപ്പസ്തോലനോട് ചോദിച്ചു. "അതെ" എന്നായിരുന്നു മറുപടി. എന്നാൽ അത് എപ്പോൾ കാണാൻ സാധിക്കുമെന്ന് രാജാവ് ചോദിച്ചു. തോമസ് പറഞ്ഞു "ഇപ്പോൾ നിങ്ങൾക്കതു കാണാൻ കഴിയുകയില്ല. എന്നാൽ നിങ്ങൾ ഈ ജീവിതം ഉപേക്ഷിക്കുമ്പോൾ നിങ്ങൾക്കതു കാണാൻ കഴിയും." കോപത്തോടെ, തോമസിനെയും ഹബ്ബാനെയും ചങ്ങലയിട്ട് ജയിലിലിടയ്ക്കാൻ രാജാവ് ഉത്തരവിട്ടു. ഉചിതമായ ശിക്ഷയെക്കുറിച്ച് കൂടുതൽ ആലോചിച്ചശേഷം അവരെ ജീവനോടെ തൊലിയുരിഞ്ഞ് കൊല്ലാനും, പിന്നീട് ചുട്ടുകളയാനും തീരുമാനിച്ചു. ദൈവത്തിൽ വിശ്വസിക്കുന്നെങ്കിൽ ഒന്നും ഭയപ്പെടേണ്ടതില്ലെന്ന് അപ്പസ്തോലൻ ഹബ്ബാന് ഉറപ്പ് നൽകി.

രാജകീയ ശിക്ഷ നടപ്പാക്കുന്നതിന് മുമ്പ് രാജാവിന്റെ സഹോദരൻ ഗാഡ് രോഗബാധിതനായി പെട്ടെന്ന് മരിച്ചു. മാലാഖമാർ ഗാഡിന്റെ ആത്മാവിനെ സ്വർഗ്ഗത്തിലേയ്ക്ക് കൊണ്ടുപോയി. സ്വർഗ്ഗീയ കൊട്ടാരങ്ങൾ കാണിച്ചു. അതിലൊന്ന് ഗാഡ് തിരഞ്ഞെടുത്തു. അത് തോമസ് നിർമ്മിച്ചതാണെന്നും സഹോദരനു വേണ്ടി നീക്കിവച്ചതാണെന്നും പറഞ്ഞപ്പോൾ ഗാഡ് ഭൂമി സന്ദർശിക്കാനും രാജാവിനെ അത് വിൽക്കാൻ പ്രേരിപ്പിക്കാനും അനുവാദം ചോദിച്ചു. അത്ഭുതകരമായി ജീവിതത്തിലേയ്ക്ക് വന്നു ഗാഡ് ചുരുങ്ങിയ സമയത്തേക്കെങ്കിലും തനിക്ക് കൊട്ടാരം വിട്ടുതരണമെന്ന് തന്റെ സഹോദരനോട് അപേക്ഷിച്ചു. "ഏത് കൊട്ടാരം?" രാജാവ് ചോദിച്ചു. ഇപ്പോൾ തടവിൽ കഴിയുന്ന ആ ക്രിസ്ത്യാനി പണികഴിപ്പിച്ചത്, വഞ്ചനയ്ക്ക് നിങ്ങൾ ശിക്ഷിക്കാൻ ആഗ്രഹിക്കുന്ന ഹെബ്രായ അടിമ." ഗാഡ് മറുപടി പറഞ്ഞു. അപ്പസ്തോലന്റെ നല്ല പ്രവൃത്തികളുടെ ഫലമായി തനിക്ക് എന്തെല്ലാം നിത്യമായ നേട്ടങ്ങൾ കരുതിവച്ചിരിക്കുന്നുവെന്ന് രാജാവ് മനസ്സിലാക്കി.

ഗുണ്ടഫോറസ് രാജാവ് തോമസിനെയും ഹബ്ബാനെയും മോചിപ്പിച്ചു. മാത്രമല്ല, താൻ മുമ്പുചെയ്ത കാര്യങ്ങൾ ക്ഷമിക്കണമെന്നും തന്നെ "ആ വാസസ്ഥലത്ത് യോഗ്യനായ ഒരു നിവാസിയും, "നീ പ്രസംഗിക്കുന്ന ഈ ദൈവത്തിന്റെ ദാസനും" ആക്കണമെന്നും രാജാവ് തോമസിനോട് ആവശ്യപ്പെട്ടു. ഈ പ്രാർത്ഥനയിൽ അദ്ദേഹത്തിന്റെ സഹോദരനും പങ്കുചേർന്നു. സന്തോഷം കൊണ്ട് നിറഞ്ഞ തോമസ് ഈ മനുഷ്യർക്ക് സത്യം വെളിപ്പെടുത്തിയതിന് കർത്താവായ ഈശോയെ സ്തുതിക്കുകയും അവരെ സ്വീകരിക്കണമെന്ന് പ്രാർത്ഥിക്കുകയും ചെയ്തു. 'വചനത്തിന്റെ മുദ്ര' സ്വീകരിക്കാൻ സഹോദരന്മാർ അപേക്ഷിച്ചു. ആവശ്യമായ ഒരുക്കങ്ങൾ നടത്തി രാജാവും സഹോദരനും സ്നാനമേറ്റു.

അപ്പസ്തോലനായ തോമസ് തന്റെ സുവിശേഷ പ്രഘോഷണം തുടരുകയും അനേകം പേർ ഈശോയിൽ വിശ്വാസം സ്വീകരിക്കുകയും ചെയ്തു.

NB: പഞ്ചാബ്, സിന്ധ്, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽ നിന്ന് കണ്ടെടുത്ത നാണയങ്ങൾ ഗുണ്ടഫോറസ് രാജാവിന്റെ ഭരണത്തെ സ്ഥിരീകരിക്കുന്നു. അദ്ദേഹം ഭരിച്ചിരുന്ന പാർത്തിയൻ സാമ്രാജ്യത്തെക്കുറിച്ച് ലാഹോർ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന ഒരു ശിലാലിഖിതം ഡോ. ബെല്ലെവ് കണ്ടെടുത്തു. ഈ ശിലാലിഖിതം തഖ്ത്-ഇ-ബാഹികല്ല് എന്നറിയപ്പെടുന്നു.

## മംഗളവാർത്ത പരസ്യനിരക്ക്

| | |
|---|---|
| ബാക്ക് കവർ 4 കളർ | 3000.00 |
| ഇൻസൈഡ് 4 കളർ (1 പേജ്) | 2000.00 |
| ഇൻസൈഡ് 4 കളർ (1/2 പേജ്) | 1000.00 |
| ഇൻസൈഡ് ബ്ലാക്ക് & വൈറ്റ് (1 പേജ്) | 1000.00 |
| ഇൻസൈഡ് ബ്ലാക്ക് & വൈറ്റ് (1/2 പേജ്) | 500.00 |
| ബാക്ക് കവർ ഇൻസൈഡ് 4 കളർ | 2500.00 |

# ബൈബിൾ പദപ്രശ്നം - 3

| | | | | | | |
|---|---|---|---|---|---|---|
| 4 | 1 | | | | 8 | 9 |
| | 5 | 10 | 6 | 7 | | |
| | | | | | | |
| | | | | | | |
| | | | | | | |
| | 2 | | | | 3 | |

**ചോദ്യങ്ങൾ**

***വലത്തോട്ട്***


1. അബ്രഹാം മുതൽ ദാവീദ് വരെയുള്ള തലമുറകൾ എത്ര? (4)
2. ഈശോയുടെ നാമത്തിൽ ഒരു പാത്രം വെള്ളം എങ്കിലും കുടിക്കാൻ കൊടുത്താൽ എന്തു ലഭിക്കും? (4)
3. വിതക്കാരന്റെ ഉപമയിലെ വയൽ എന്തിനെ സൂചിപ്പിക്കുന്നു? (2)

***താഴോട്ട്***

4. എഫ്ഫാത്ത എന്ന വാക്കിന്റെ അർത്ഥം (6)
5. കുരുടരുടെ കണ്ണു തുറക്കാൻ കാരണമായതെന്ത്? (3)
6. ഈശോയുടെ ഗാഗുൽത്താ യാത്രയിൽ കുരിശു ചുമക്കാൻ സഹായിച്ചതാര്? (4)
7. ആരുടെ ഛായയിലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്? (4)
8. ഈശോ എന്തു സുവിശേഷമാണ് പ്രസംഗിച്ചത് (4)
9. ജോസഫിനോട് ശിശുവിനെയും അമ്മയെയും കൂട്ടി എവിടേയ്ക്ക് കൊണ്ടുപോകുവാനാണ് ദൂതൻ പറഞ്ഞത്? (5)
10. ശവക്കല്ലറയിൽനിന്നും വന്ന ഭൂതഗ്രസ്തർ ഈശോയെ വിളിച്ച പേരെന്ത്? (4)

# ചിത്രത്തിന് നിറം കൊടുത്ത് സുന്ദരമാക്കൂ...

# സമ്മാനം നേടൂ.....



(തിരുബാലസഖ്യം കുട്ടികൾക്കാണ് ഈ മത്സരം. ക്രയോൺസ്/ കളർപെൻസിൽ ഉപയോഗിച്ചാണ് ചെയ്യേണ്ടത്.)

# ചിത്രത്തിന് നിറം കൊടുത്ത് സുന്ദരമാക്കൂ... സമ്മാനം നേടൂ.....



(1, 2, 3, 4 ക്ലാസ്സുകളിലെ കുട്ടികൾക്ക് മാത്രമേ ഈ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ. ക്രയോൺസ് / കളർപെൻസിൽ ഇവ മാത്രമേ ഉപയോഗിക്കാവൂ. സ്കെച്ച് പെൻ ഉപയോഗിക്കുവാൻ പാടില്ല.)



ആഘോഷമായി വിശുദ്ധ കുർബ്ബാന സ്വീകരിച്ച കുട്ടികൾ
ബഹു. വികാരിയച്ചൻ, അദ്ധ്യാപകർ എന്നിവർക്കൊപ്പം



സ്തുത്യർഹമായ മതാദ്ധ്യാപന ശുശ്രൂഷയ്ക്കുള്ള അംഗീകാരവും ആദരവും
ബഹു. വികാരിയച്ചൻ, എ. എം. മത്തായി ആലംതീറ്റിന് നൽകുന്നു.



2025-26 സൺഡേസ്കൂൾ പ്രവർത്തനവർഷ ഉദ്ഘാടനം





ഉദ്ദിഷ്ടകാര്യത്തിന്
ഉപകാരസ്മരണ

**അൽഫോൻസ ജോയി**
**പൂവൻപുഴയ്ക്കൽ**



ഉദ്ദിഷ്ടകാര്യത്തിന്
ഉപകാരസ്മരണ

**അൽഫോൻസ ജോയി**
**പൂവൻപുഴയ്ക്കൽ**



ഓശാന ഞായർ



കുരിശിന്റെ വഴി

# വിശ്വാസോത്സവം 2025









സ്തുത്യർഹമായ ശുശ്രൂഷ ചെയ്ത കൈക്കാരന്മാർക്ക്

## നന്ദി



ജോസഫ് പി.വി. പുളിക്കലൊത്ത്



ജോമോൻ തോമസ് തുണ്ടത്തിൽ



സീനിയർ സിറ്റിസൺ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ
നടത്തപ്പെട്ട ടൂർ പ്രോഗ്രാം.



Youth Gathering **2025** ഇടവകയിലെ യുവജനങ്ങളുടെ ഒത്തുചേരൽ



ചേന്നാമറ്റം സി. അൽഫോൻസാസ് യു.പി സ്കൂൾ ഉപജില്ലയിലെ ഏറ്റവും ബെസ്റ്റ് സ്കൂളായി തിരഞ്ഞെടുക്കപ്പെട്ടതിനുള്ള ട്രോഫിയുമായി സ്കൂൾ മാനേജർ റവ.ഫാ. ജോസഫ് പാറയ്ക്കലും, അദ്ധ്യാപകരും, കുട്ടികളും.



ചേന്നാമറ്റം Sr. അൽഫോൻസാസ് യു.പി സ്കൂളിൽ 2025-26 അദ്ധ്യയ നവർഷപ്രവേശനോത്സവം അയർക്കുന്നം പഞ്ചാ. പ്രസിഡന്റ് സീനാ ബിജു നാരായണൻ നിർവ്വഹിക്കുന്നു.



മദ്യത്തിനും മയക്കുമരുന്നിനുമെതിരെ സൺഡേസ്കൂൾ കുട്ടികൾക്ക് വേണ്ടി നടത്തപ്പെട്ട സെമിനാർ

## പ്രാർത്ഥനാശംസകൾ



കഴിഞ്ഞ 6 വർഷക്കാലം ഇടവകയിൽ സ്തുത്യർഹമായി ശുശ്രൂഷ ചെയ്ത **റവ. സി. ജെസ്സി തറയിൽ SJC** യ്ക്ക് ഇടവകയുടെ പ്രാർത്ഥനാശംസകൾ



കഴിഞ്ഞ 10 വർഷക്കാലം ഇടവക യിലും സൺഡേസ്കൂളിലും സേവനം നിർവ്വഹിച്ച **റവ. സി. അനൂപ SJC** യ്ക്ക് ഇടവകയുടെ പ്രാർത്ഥനാശംസകൾ

# അഭിനന്ദനങ്ങൾ



**ജൂവൽ സിബി തടമുറിയിൽ**
SSLC Full A+




**ആൻഡ്രിയ ഷിജു കൊന്നക്കൽ**
SSLC Full A+



**ആരോൺ ടോമി മണിയഞ്ചിറയിൽ**
CBSE-X 91% മാർക്ക്



**ഗ്രേസ് മരിയ ജിജോ**
Class 12 CBSE
4 A1 and 1 A



**ഡോ. സ്നേഹ റൂസൻ**
MBBS, MD, FRCPath (UK)
Fellowship of Royal College of Pathology
ആദ്യ ശ്രമത്തിൽ തന്നെ നേടി.
(D/o ജോയി മാത്യു & അൽഫോൻസ പൂവൻപുഴയ്ക്കൽ)



2025-26 സാമ്പത്തിക വർഷം കൈക്കാരന്മാരായി തിരഞ്ഞെടുക്കപ്പെട്ട കെ.വി. ജോർജ്ജ് കോഴിമറ്റം, സോജൻ ജെയിംസ് മരുതുംകുഴിയിൽ എന്നിവർ ബഹു. വികാരിയച്ചനിൽ നിന്നും സ്ഥാനം ഏൽക്കുന്നു.

# Kids Corner

## മംഗളവാർത്ത കളറിംഗ് തിരുബാലസഖ്യം




ക്രിസ്റ്റീൻ കുര്യാക്കോസ്
കൊട്ടുപള്ളിൽ




എലൈന എൽസ് ഷിന്റോ
മരുതുംകുഴിയിൽ




ജെയ്ഡൻ ജേക്കബ് ജോജി
അപ്പച്ചേരിൽ







പന്തക്കുസ്ത തിരുനാൾ: കുഞ്ഞുങ്ങൾ ആദ്യാക്ഷരം കുറിക്കുന്നു.



# മംഗളാശംസകൾ

28 - 04 - 2025 - ൽ വിവാഹിതരായ മാർ ഗീവർഗ്ഗീസ് സഹദാ കൂട്ടായ്മ
മീൻപുഴയ്ക്കൽ പുഷ്പ മകൻ **ജീവനും**, പനമരം മഞ്ഞിപ്പുഴതുണ്ടി
യിൽ സന്തോഷ് - അൽഫോൻസ മകൾ **സോഫിയായും**



# മംഗളാശംസകൾ

17 – 05 – 2025 – ൽ വിവാഹിതരായ മാർ പത്രോസ് ശ്ലീഹാ കൂട്ടായ്മ
തടമുറിയിൽ ബിജു – മിനി മകൻ **അലനും**, പാലാ വട്ടക്കുന്നേൽ
ജോർജ്ജ് – ആഷ്‌ലി മകൾ **ആഗ്നസും**.



# മംഗളാശംസകൾ

24 - 05 - 2025 - ൽ വിവാഹിതരായ മർത്ത് അൽഫോൻസാ കൂട്ടായ്മ മാലിയിൽ രാജു - മിനി മകൻ **അമലും**, തൃശ്ശൂർ കുരിച്ചിറ തളിയൻ വീട്ടിൽ ജോജു - ഷൈജി മകൾ **ജോയിലിനും**.



01 – 06 – 2025ൽ ആഘോഷപൂർവ്വം ആദ്യകുർബ്ബാന സ്വീകരിച്ച
തടമുറിയിൽ **അനേയ ഹന്ന ബാബുവും** കുടുംബാംഗങ്ങളും




24 – 5 – 2025 ൽ മാമ്മോദീസാ സ്വീകരിച്ച ഹെലേന മാതാപിതാക്കളായ
കാരികണ്ടത്തിൽ സജി – സരിഗ എന്നിവർക്കൊപ്പം



21 – 04 – 2025ൽ മാമ്മോദീസാ സ്വീകരിച്ച **അമേലിയ റോസ്**
മാതാപിതാക്കളായ വേഴപ്പറമ്പിൽ സിബിൽ – നിവ്യ എന്നിവരോടൊപ്പം

# 1–ാം ചരമവാർഷികം





## റോസമ്മ ജോസഫ്

**അപ്പച്ചേരിൽ**

മരണം: 24 – 04 – 2024

# ആദരാഞ്ജലികൾ



## ജെസി വർഗ്ഗീസ്

**നീണ്ടൂപ്പറമ്പിൽ**

മരണം: 17 - 04 - 2025

സ്നേഹ സ്മരണയ്ക്ക്

40-ാം ചരമവാർഷികം



# ജോസഫ് പി.എം.

## പൂവൻപുഴയ്ക്കൽ

മരണം : 23-09-1985

സ്നേഹ സ്മരണയ്ക്ക്

**2-ാം ചരമവാർഷികം**



**തോമസ് ചാക്കോ**

**ചാലിൽ**

മരണം : 05-09-2023

സ്നേഹ സ്മരണയ്ക്ക്

**4-ാം ചരമ വാർഷികം**



**ദേവസ്യ റ്റി. ജെ.**

**തൊണ്ടമ്പള്ളിൽ**

മരണം: 5-9-2021

സ്നേഹ സ്മരണയ്ക്ക്

**12-ാം ചരമവാർഷികം**



**ഏലമ്മ കുര്യൻ തടമുറിയിൽ**

മരണം : 25-07-2013

സ്നേഹ സ്മരണയ്ക്ക്

24-ാം ചരമവാർഷികം



മത്തായി വർക്കി കൊട്ടുപ്പള്ളിൽ, ഉക്കാട്ടൂർ

മരണം : 26-08-2001

സ്നേഹ സ്മരണയ്ക്ക്

28-ാം ചരമവാർഷികം





റവ. ഫാ. ജോർജ്ജ് SDB കൊട്ടുപ്പള്ളിൽ

മരണം : 07-07-1997

സ്നേഹ സ്മരണയ്ക്ക്

4-ാം ചരമവാർഷികം



## അന്നമ്മ തോമസ്

**കൊട്ടൂപ്പള്ളിൽ പാറയ്ക്കൽ**

മരണം : 14-09-2021

സ്നേഹ സ്മരണയ്ക്ക്

4-ാം ചരമവാർഷികം



## ജോസഫ് കെ.എം.

**കൊട്ടൂപ്പള്ളിൽ**

മരണം : 22-07-2021

സ്നേഹ സ്മരണയ്ക്ക്

5-ാം ചരമവാർഷികം



## ജോൺ മാത്യു കളരിക്കൽ

മരണം : 26-9-2020

സ്നേഹ സ്മരണയ്ക്ക്

9-ാം ചരമവാർഷികം




**പുന്നൂസ് മത്തായി**

**തെക്കേൽ**

മരണം : 18-07-2016

സ്നേഹ സ്മരണയ്ക്ക്

5-ാം ചരമവാർഷികം



**ജോസഫ് റ്റി. റ്റി. (കുട്ടച്ചൻ)**

**തുണ്ടത്തിൽ**

മരണം : 15-06-2020

സ്നേഹ സ്മരണയ്ക്ക്

32-ാം ചരമവാർഷികം



**ബിനോ ജോസഫ്**

**തെക്കേൽ**

മരണം : 30-06-1993

സ്നേഹ സ്മരണയ്ക്ക്

16-ാം ചരമവാർഷികം



**മേരി ജോസ്**

**തെക്കേൽ**

മരണം : 02-07-2009

സ്നേഹ സ്മരണയ്ക്ക്

14-ാം ചരമവാർഷികം



## റോസമ്മ വർഗ്ഗീസ് തടമുറിയിൽ

മരണം : 06-06-2011

സ്നേഹ സ്മരണയ്ക്ക്

5-ാം ചരമവാർഷികം



## സെബാസ്റ്റ്യൻ എം.സി. (പാപ്പച്ചൻ)

**താഴത്തുമണ്ണനാൽ**

മരണം : 05-07-2020

സ്നേഹ സ്മരണയ്ക്ക്

6-ാം ചരമവാർഷികം



## ടെസ്സി സെബാസ്റ്റ്യൻ

**പുതുശ്ശേരി**

മരണം : 25-06-2019

സ്നേഹ സ്മരണയ്ക്ക്

5-ാം ചരമവാർഷികം



**റെറ്റി സണ്ണി**

**കിഴക്കേക്കര, മൂലമറ്റം**

മരണം : 21-6-2020

സ്നേഹ സ്മരണയ്ക്ക്

29-ാം ചരമവാർഷികം



**സ്കറിയാ തോമസ് (ബാബു)**

**മണിയഞ്ചിറ**

മരണം : 13-06-1996

സ്നേഹ സ്മരണയ്ക്ക്

4-ാം ചരമവാർഷികം



**അഗസ്റ്റിൻ തോമസ്**

**മണിയഞ്ചിറ**

മരണം :26-07-2021

സ്നേഹ സ്മരണയ്ക്ക്

2-ാം ചരമവാർഷികം



**ജോസഫ് ചാക്കോ**

**(ഔത)**

**വടുതലയിൽ**

മരണം : 05-08-2023

സ്നേഹ സ്മരണയ്ക്ക്

13-ാം ചരമ വാർഷികം



**വർക്കി റ്റി.കെ.**

തടമുറിയിൽ

മരണം: 08-06-2012

സ്നേഹ സ്മരണയ്ക്ക്

21-ാം ചരമ വാർഷികം



**ത്രേസ്യാമ്മ പി.ഡി. (തെയ്യാമ്മ)**

തടമുറിയിൽ

മരണം: 03-05-2004

സ്നേഹ സ്മരണയ്ക്ക്

7-ാം ചരമവാർഷികം



**ജോസഫ് എ.വി. (ബിജു)** അപ്പച്ചേരിൽ

മരണം : 28-09-2018

സ്നേഹ സ്മരണയ്ക്ക്

5-ാം ചരമവാർഷികം



**രാജു**

**മലയിൽ**

മരണം : 27-6-2020

സ്നേഹ സ്മരണയ്ക്ക്

11-ാം ചരമവാർഷികം



**വർഗ്ഗീസ്**

**മലയിൽ**

മരണം : 28-8-2014

സ്നേഹ സ്മരണയ്ക്ക്

8-ാം ചരമവാർഷികം



**പുഷ്പ ജോസ്**

**പന്തപ്ലാക്കൽ**

മരണം : 06-09-2017

സ്നേഹ സ്മരണയ്ക്ക്

9-ാം ചരമവാർഷികം



**ത്രേസ്യാമ്മ വർക്കി**

**അമ്പച്ചേരിൽ**

മരണം : 24-07-2016

സ്നേഹസ്മരണയ്ക്ക്

2-ാം ചരമവാർഷികം



**ജോസഫ് (ചാണ്ടി)**

വട്ടക്കാനായിൽ

മരണം : 09-09-2023

സ്നേഹ സ്മരണയ്ക്ക്

20-ാം ചരമവാർഷികം



**ജോസഫ് (കൊച്ചേട്ടൻ)**

വട്ടക്കാനായിൽ

മരണം : 02-06-2025

ആദരാഞ്ജലികൾ



**സെലിൻ എം.എം.**

പാലയ്ക്കാമറ്റത്തിൽ

മരണം : 12-03-2025

സ്നേഹസ്മരണയ്ക്ക്

21-ാം ചരമവാർഷികം




**കത്രീന ചാക്കോ**

വയലിൽവെട്ടിക്കാപ്പുഴ

മരണം : 23-05-2004

സ്നേഹ സ്മരണയ്ക്ക്

6-ാം ചരമവാർഷികം



**തൊമ്മൻ ജോസഫ്**

**കരാട്ടില്ലം, അയർക്കുന്നം**

മരണം: 20-03-2019

സ്നേഹ സ്മരണയ്ക്ക്

4-ാം ചരമവാർഷികം



**ഏലിക്കുട്ടി ജോസഫ്**

**കരാട്ടില്ലം, അയർക്കുന്നം**

മരണം: 11-04-2021

സ്നേഹ സ്മരണയ്ക്ക്

11-ാം ചരമവാർഷികം



**ഡൊമിനിക് റ്റി.ജെ.**

**(ടോമിച്ചൻ)**

കരാട്ടില്ലം, അയർക്കുന്നം

മരണം: 06-05-2014

സ്നേഹ സ്മരണയ്ക്ക്

14-ാം ചരമവാർഷികം



**വർക്കി കെ.വി.**

**കോഴിമറ്റത്തിൽ**

മരണം : 18-09-2011


# 1–ാം ചരമവാർഷികം



## ജോസ് പി.റ്റി. (ജോസ് സാർ)

### പുത്തൻപുരയിൽ

മരണം : 25-07-2024



# മംഗളാശംസകൾ

01- 05 - 2025 - ൽ വിവാഹിതരായ മാർ ഫ്രാൻസീസ് അസീസ്സി കൂട്ടായ്മ
തോപ്പിൽ ജോൺസൺ - ലൈസാ മകൻ ജെറോമും, തൊടുപുഴ
കരിമണ്ണൂർ കളപ്പുരതൊട്ടിയിൽ വർഗ്ഗീസ് - ഡെയ്സി മകൾ ബിന്നുവും